Newspaper for Malayalees Worldwide ◆Estd.2020

# വാചകം
# VACHAKAM

CHICAGO
Vol.5 / Issue 9/ Pages32
17
സെപ്റ്റംബർ 2025
ബുധനാഴ്ച
1201 കന്നി 1

www.vachakam.com
news@vachakam.com

01 America | 11 Canada | 12 Keralam | 17 India | 20 Socialmedia | 22 Cinema | 26 Sports | 28 Technology | 30 World

# അമേരിക്കയിൽ അടിസ്ഥാന പലിശനിരക്ക് വെട്ടിക്കുറച്ച് ഫെഡറൽ റിസർവ്



കാത്തിരിപ്പിനൊടുവിൽ അടിസ്ഥാന പലിശനിരക്ക് വെട്ടിക്കുറച്ചിരിക്കുകയാണ് യു.എസ് കേന്ദ്രബാങ്കായ ഫെഡറൽ റിസർവ്. 0.25% ഇളവാണ് വരുത്തിയത്. തീരുമാനം പാസായത് ഒന്നിനെതിരെ 11 വോട്ടുകൾക്കാണ്. ഇതോടെ 4.25-4.50 ശതമാനത്തിൽ നിന്ന് പലിശ നിരക്ക് 4.00-4.25 ശതമാനമായി. നീണ്ട 9 മാസത്തെ കാത്തിരിപ്പിനൊടുവിലാണ് ഫെഡ് അടിസ്ഥാന പലിശനിരക്ക് വെട്ടിക്കുറച്ചത്.ഫെഡ് ചെയർമാൻ ജെറോം പവൽ ഈ വർഷത്തെ ആദ്യ ഇളവാണ് പ്രഖ്യാപിച്ചിരിക്കുന്നത്. തൊഴിൽ മേഖല ശക്തിപ്പെടുത്താനാണ് തീരുമാനമെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്. യു.എസിൽ വാഹന, വ്യക്തിഗത, വിദ്യാഭ്യാസ വായ്പാപ്പലിശയും ക്രെഡിറ്റ് കാർഡ് പലിശയും കുറയാൻ സഹായിക്കുന്നതാണ് തീരുമാനം. വരും ദിവസങ്ങളിൽ വിലക്കയറ്റം പിടിച്ച് നിർത്താൻ സഹായിക്കുന്ന സമാന നടപടികളുണ്ടായേക്കുമെന്നാണ് റിപ്പോർട്ട്.

കഴിഞ്ഞ മാസങ്ങളിൽ തൊഴിലില്ലായ്മ നിരക്ക് കുത്തനെ കൂടിയതാണ് പലിശനിരക്ക് കുറയ്ക്കാൻ മുഖ്യകാരണമെന്നാണ് അന്തർദേശീയ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത്. പലിശനിരക്ക് വെട്ടിക്കുറയ്ക്കണമെന്ന് ട്രംപ് നിരന്തരം സമ്മർദം ചെലുത്തുകയും ചെയ്തിരുന്നു. അതേസമയം, മിനിമം ഒരു ശതമാനമെങ്കിലും കുറയ്ക്കണമെന്നായിരുന്നു ട്രംപിന്റെ ആവശ്യം. 2025 ൽ തന്നെ രണ്ട് തവണ കൂടി പലിശനിരക്ക് കുറയ്ക്കുമെന്ന സൂചനയും ഫെഡ് നൽയിട്ടുണ്ട്. കൂടാതെ 2026ൽ ഒരു തവണയും കുറയ്ക്കും. ഫെഡറൽ റിസർവിന്റെ പലിശനയം പുറത്തുവന്നതിന് തൊട്ടുപിന്നാലെ യുഎസ് ഓഹരികൾ വൻ നേട്ടത്തിലേക്ക് കുതിച്ചുകയറിയെങ്കിലും പിന്നീട് തകിടംമറിഞ്ഞു. ഡൗ ജോൺസ് 410 പോയിന്റ് (+0.9%) കയറി സർവകാല ഉയരത്തിലെത്തിയിരുന്നെങ്കിലും പിന്നെ ഇടിഞ്ഞു. എസ് ആൻഡ് പി500 സൂചിക 0.1 ശതമാനവും ഉയർന്നശേഷം 0.5% നഷ്ടത്തിലായി. നാസ്ഡാക് 0.3 ശതമാനത്തിൽ നിന്ന് നഷ്ടം 0.9 ശതമാനത്തിലേക്ക് ഉയർത്തി.അതേസമയം പലിശ നിരക്ക് വെട്ടിക്കുറച്ചത് താൽക്കാലിക നടപടി മാത്രമാണെന്ന് ജെറോം പവൽ പറഞ്ഞതാണ് വിപണിയിൽ തിരിച്ചടി സൃഷ്ടിച്ചതെന്നാണ് വിലയിരുത്തൽ. നിലവിൽ തൊഴിൽ മേഖലയിലെ പ്രതിസന്ധി ഉൾപ്പെടെ അമേരിക്ക നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള റിസ്ക് മാനേജ്മെന്റ് മാത്രമാണ് നിലവിലെ പലിശയിളവെന്നാണ് പവൽ പറഞ്ഞത്. അതായത്, തുടർച്ചയായി പലിശനിരക്ക് കുറയ്ക്കുന്ന ട്രെൻഡിലേക്ക് കടക്കാൻ കേന്ദ്രബാങ്ക് ഉദ്ദേശിക്കുന്നില്ലെന്ന് അർത്ഥം. എൻവിഡിയയുടെ ചിപ് വേണ്ടെന്ന ചൈനയുടെ തീരുമാനം സൃഷ്ടിച്ച ആഘാതമാണ് ടെക്

ശേഷം പേജ് 8ൽ



## ട്രംപിന് മാത്രം അവകാശപ്പെട്ട ചരിത്ര പര്യടനം



മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ബ്രിട്ടനിലെത്തിയിരിക്കുകയാണ്. ചാൾസ് രാജാവിന്റെ അതിഥിയായാണ് പ്രസിഡന്റിന്റെ സന്ദർശനം. ഭാര്യ മെലാനിയയ്ക്കൊപ്പം ചൊവ്വാഴ്ചയാണ് ട്രംപ് എയർഫോഴ്സ് വൺ വിമാനത്തിൽ ലണ്ടൻ സ്റ്റാൻസ്റ്റഡ് വിമാനത്താവളത്തിൽ എത്തിയത്. രണ്ടാം തവണ അധികാരത്തിലെത്തിയ ശേഷം ഔദ്യോഗികമായി ഇതാദ്യമായാണ് ട്രംപ് ബ്രിട്ടൻ സന്ദർശിക്കുന്നത്.ആദ്യ തവണത്തെ സന്ദർശനം പ്രസിഡന്റായിരുന്ന 2019ലായിരുന്നു. റെഡ് കാർപറ്റ് ഒരുക്കിയായിരുന്നു ട്രംപിന് സ്വീകരണം നൽകിയത്. സ്റ്റാൻസ്റ്റഡിൽ നിന്നും

ശേഷം പേജ് 8ൽ

നരേന്ദ്രമോദിക്ക് 75 വയസ്സ് തികഞ്ഞിരിക്കുന്നു, ഈ പ്രായം മോദിക്ക് ബാധകമാണോ? ........................ പേജ് 2
വനവും വനത്തിന്റെ അവകാശികളും (എൻ.പി. ചെക്കുട്ടി എഴുതുന്നു)........................................ പേജ് 06
കേരളം കാത്തിരുന്ന നിയമ നിർമ്മാണ ദൗത്യം .............. പേജ് 15
അടിയന്തര ചികിത്സ തേടുന്ന പൊതുജനരോഗ്യം .......... പേജ് 19
മാഷേ, സർക്കാർ സർവീസിലുമുണ്ട് ഇടിമുറിയും 'ഷഡ്ഡിപ്പുറത്തുള്ള' ലോക്കപ്പ് മർദ്ദനവും...................... പേജ് 24
മലയാളി അസോസിയേഷൻ ഓണാഘോഷ ദൃശ്യങ്ങൾ പേജ് – 3,5,7,16,17,31

ഫോട്ടോകൾക്ക് കടപ്പാട്: മോനു വർഗ്ഗീസ്

ഇ-പേപ്പർ വായിക്കുന്നതിനും ഏറ്റവും പുതിയ വാർത്തകൾ അറിയുന്നതിനും സന്ദർശിക്കുക www.vachakam.com

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# ഫ്രഞ്ച് മെനുവും അപൂർവ വൈനുകളും; ട്രംപിനായി വിംഡ്സർ കൊട്ടാരത്തിൽ രാജകീയ വിരുന്ന്



രാജകീയ വിരുന്നുകൾ (State Banquet) സാധാരണ രാജാവിന്റെ ആതിഥ്യമരുളലിന്റെ പരമോന്നത പ്രകടനമാണ്.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ യുകെ സന്ദർശനത്തിനിടെ വിംഡ്സർ കൊട്ടാരത്തിലെ St George's Hall-ൽ സംഘടിപ്പിച്ച വിരുന്നും അതിന് വിട്ടുവീഴ്ചയില്ലാത്ത ഉദാഹരണമായിരുന്നു.

160 അതിഥികൾക്കായി തയ്യാറാക്കിയ വിരുന്നിൽ മെനു ഫ്രഞ്ചിൽ ആണ് എഴുതിയിരുന്നത്.

**വിരുന്നിലെ പ്രധാന വിഭവങ്ങൾ എന്തൊക്കെ എന്ന് നോക്കാം**

**സ്റ്റാർട്ടർ:** ഹാംപ്ഷയർ വാട്ടർ ക്രെസ് പന്നക്കോട്ട, പാർമസൻ ഷോർട്ട്ബ്രെഡ്, ക്വെയിൽ മുട്ട സാലഡ്

**പ്രധാനഭക്ഷണം:** ഓർഗാനിക് നോർഫോക് ചിക്കൻ ബലോട്ടിൻ, സുക്കിനിയിൽ പൊതിഞ്ഞത്, തൈം സേവറി ജ്യൂസ് ചേർത്ത്

**ഡെസേർട്ട്:** വാനില ഐസ്ക്രീം ബോംബ്, കെന്റ് റാസ്ബെറി സോർബെ, വിറ്റോറിയ പ്ലം

**വൈനും പ്രത്യേക പാനീയങ്ങളും**

**വൈനുകൾ:** 2016 Wiston Estate Cuvée, 2018 Domaine Bonneau de Matrray Corton-Charlemagne Grand Cru, 2000 Ridge Vineyards Monte Bello, 1998 Pol Roger Champagne

**കോക്ക്ടെയിൽ:** "Transatlantic Whisky Sour" – Johnnie Walker, മർമലേഡ്, പിക്കാൻ ഫോം, മാഷ്മലോയും ബിസ്കറ്റും ചേർന്ന പ്രത്യേക വിഭവം

**വിരുന്നിൽ സീറ്റ് ക്രമീകരണത്തിനും പ്രത്യേകതകൾ ഉണ്ടായിരുന്നു. അത് എങ്ങനെ എന്ന് നോക്കാം**

47 മീറ്റർ നീളമുള്ള വിരുന്ന് മേശയുടെ മദ്ധ്യത്തിൽ കിംഗ് ചാൾസും ട്രംപും ഇരുന്നു. ട്രംപിന്റെ വലതുഭാഗത്ത് കാതറിൻ (പ്രിൻസസ് ഓഫ് വെയിൽസ്), ഇടതുഭാഗത്ത് രാജാവ്.

ഫസ്റ്റ് ലേഡി മെലാനിയ – ക്വീൻ കമില്ലയുടെയും പ്രിൻസ് ഓഫ് വെയിൽസിന്റെയും ഇടയിൽ

യു.എസ്. അംബാസഡർ വാർൻ സ്റ്റീഫൻസ് – പ്രിൻസസ് ആൻ, ബ്രിട്ടീഷ് ചാൻസലർ റേച്ചൽ റീവ്സ് എന്നിവരുടെ ഇടയിൽ

പ്രധാനമന്ത്രി സർ കിയർ സ്റ്റാർമർ – ബ്ലാക്ക്സ്റ്റോൺ ഗ്രൂപ്പ് സിഇഒ സ്റ്റീഫൻ ഷ്വാർട്സ്മാന്റെ അടുത്ത്

കൺസർവേറ്റീവ് നേതാവ് കെമി ബാഡെനോക്ക് – ഛുലിഅക സിഇഒ സാം ആൾട്ട്മാന്റെ അടുത്ത്

ആപ്പിൾ സിഇഒ ടിം കുക്ക്–ട്രംപിന്റെ മകൾ ടിഫാനിയുടെ സമീപം എന്നിങ്ങനെ ആണ് വിരുന്നിൽ ഇരുന്നത്.

സിനിമാതാരങ്ങളോ ഹോളിവുഡ് താരങ്ങളോ ഇല്ലാത്ത വിംഡ്സർ കൊട്ടാരത്തിലെ വിരുന്നിൽ രാഷ്ട്രീയ നേതാക്കളും ബിസിനസ് ലോകത്തെ പ്രമുഖരും പങ്കെടുത്തു. ആക്ഷരാർത്ഥത്തിൽ ഇത് ഒരു രാജകീയ വിരുന്ന് തന്നെ ആയിരുന്നു എന്ന് നിസംശയം പറയാം.

## American Diary — 50 Years Ago

### First Taser Victim



On September 17, 1975, a Miami gas station attendant, William Lawson, became the first known victim of a taser when a woman used the new electric weapon to incapacitate him during a robbery.

**First Taser Victim**
A 27-year-old gas station attendant in Miami, William Lawson, was the first person to be a victim of a Taser device.

**The Incident**
A woman approached Lawson and fired wire-connected darts from the device, hitting him with 50,000 volts of electricity.

**The Robbery**
Following the incident, the woman and a male accomplice stole money from the cash register.

September 17, 1975



# ചാൾസ് രാജാവിനെ കണ്ട് ട്രംപ്; വിൻഡ്സർ കാസിലിൽ ഗാർഡ് ഓഫ് ഓണർ സ്വീകരിച്ചു

ലണ്ടൻ: ചാൾസ് മൂന്നാമൻ രാജാവിനെ കണ്ട് യു.കെ സന്ദർശനത്തിനെത്തിയ യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. വിൻഡ്സർ കൊട്ടാരത്തിൽ ആചാരപരമായ ഗാർഡ് ഓഫ് ഓണർ അദ്ദേഹം സ്വീകരിച്ചു. പരമ്പരാഗത ആഘോഷങ്ങളോടെയാണ് സ്വീകരണം നടന്നത്.

ബ്രിട്ടീഷ് സിംഹാസനത്തിന്റെ അടുത്ത അവകാശിയായ പ്രിൻസ് വില്യമും ഭാര്യ കാതറിനും പ്രസിഡന്റിനെയും പ്രഥമ വനിത മെലാനിയ ട്രംപിനെയും സ്വീകരിച്ചു. ട്രംപിന്റെ യുകെയിലേക്കുള്ള രണ്ടാമത്തെ ചരിത്ര സന്ദർശനമാണിത്. ട്രംപിനെ സ്വീകരിക്കുന്ന ചടങ്ങിൽ ഏകദേശം 120 കുതിരകളും 1,300 സൈനികരും അണിനിരന്നു.

ചാൾസ് രാജാവ് മാന്യനായ ഒരു വ്യക്തിയാണെന്ന് യാത്രയ്ക്ക് മുന്നോടിയായി ട്രംപ് പ്രതികരിച്ചിരുന്നു. ബ്രിട്ടൺ സന്ദർശനം തനിക്ക് ലഭിക്കുന്ന ബഹുമതിയാണെന്നും ട്രംപ് പറഞ്ഞു. യുകെയുമായി എനിക്ക് വളരെ നല്ല ബന്ധമാണുള്ളത്, വ്യാപാര കരാർ അൽപം കൂടി മെച്ചപ്പെടുത്താൻ കഴിയുമോ എന്ന് ബ്രിട്ടൺ പരിശോധിക്കുകയാണ്. അവരെ സഹായിക്കാൻ താൻ തയ്യാറാണെന്നും ട്രംപ് പറഞ്ഞതായി റോയിട്ടേഴ്സ് റിപ്പോർട്ട് ചെയ്തു.

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. (Corporate Office).

Chairman & CEO: Jose Chennikkara
Vice Chairman and CEO: Cyril Chennikkara
Editor: Joshy George
Online Editor: Robins Antony
Overseas Operations Director: Rosy John.
Contributors: C. Radhakrishnan, Dr. Sebastian Paul, N.P. Chekutty, Sergey Antony, Antony Chadayammury, Babu Kadalikad

Phone: 1-773-888-2242, 1-773-842-9149
1-773-888-2243 (WhatsApp)
E-Mail: news@vachakam.com
vachakamonline@gmail.com
website www.vachakam.com
(A newspaper (print & online) for Malayalees worldwide)
Cost $1.00 per copy
**Phone Number: 1-773-888-2242**
**1-773-842-9149**
**Email: vachakamonline@gmail.com**

**E-Paper reading**
**visit vachakam.com**

Disclaimer
Vachakam Ltd. assumes no liability or responsibility for claims against advertisements, advertorials, articles or copyright issues.



# ചാർളി കിർക്ക് വധത്തെക്കുറിച്ച് പരാമർശം; ജിമ്മി കിമ്മലിന്റെ ടോക്ക് ഷോ നിർത്തിവച്ച് എബിസി


ന്യൂയോർക്ക്: പ്രശസ്ത അവതാരകൻ ജിമ്മി കിമ്മലിന്റെ ടോക്ക് ഷോ എബിസി നെറ്റ്വർക്ക് റദ്ദാക്കി. ചാർളി കിർക്കിന്റെ കൊലപാതകത്തെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ പരാമർശത്തെ തുടർന്നാണ് നടപടി. വൈറ്റ് ഹൗസിന്റെ സമ്മർദ്ദവും നടപടിക്ക് പിന്നിലുണ്ടെന്ന് അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നു.

കമ്പനി ഡിസ്നിയുടെ ഉടമസ്ഥതയിലുള്ളതാണ്. ചാർളി കിർക്കിന്റെ കൊലപാതകം രാഷ്ട്രീയ നേട്ടത്തിനായി മാഗ ഗാംഗ് ഉപയോഗിച്ചതായി കിമ്മൽ ആരോപിച്ചിരുന്നു.

ചാർളി കിർക്കിന്റെ കൊലപാതകി തങ്ങളിലൊരാൾ അല്ലെന്ന് സ്ഥാപിക്കാൻ മാഗാ ഗ്യാംഗ് ശ്രമിക്കുന്നുവെന്നായിരുന്നു കിമ്മലിന്റെ ആരോപണം. വെടിവയ്പിന് പിന്നാലെ ദേശീയ പതാക പകുതി താഴ്ത്തിക്കെട്ടിയതിനും ട്രംപിന്റെ പ്രതികരണത്തിനും കിമ്മൽ വിമർശിച്ചിരുന്നു.

അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെ നിരന്തരം വിമർശിക്കുന്ന വ്യക്തിയാണ് ഓസ്കർ അവതാരകൻ കൂടിയായ കിമ്മൽ. കിമ്മലിനെതിരായ നടപടി ധീരമായ തീരുമാനമെന്ന് ട്രംപ് പ്രതികരിച്ചു.

## റീ...പോളിംഗ്




*ഉപകരണ ക്ഷാമം: തിരുവനന്തപുരത്ത് യൂറോളജി ശസ്ത്രക്രിയകൾ നിർത്തിവച്ചു*

# ക്നാനായ കാത്തലിക് സൊസൈറ്റി ഓഫ് ഷിക്കാഗോ ഓണാഘോഷം ദൃശ്യങ്ങളിലൂടെ








































അമേരിക്ക വാചകം

# പിസിനാക് ഷിക്കാഗോ രജിസ്ട്രേഷൻ കിക്ക് ഓഫ് സെപ്തംബർ 20ന്



ഷിക്കാഗോ: അടുത്ത വർഷം ജൂലൈ ആദ്യവാരം ഷിക്കാഗോയിൽ നടക്കുന്ന 40-ാമത് പെന്തക്കോസ്റ്റൽ കോൺഫറൻസ് ഓഫ് നോർത്ത് അമേരിക്കൻ കേരളയ്റ്റ്സ്ന്റെ (പിസിനാക്) രജിസ്ട്രേഷൻ ഉദ്ഘാടനം സെപ്തംബർ 20 ശനിയാഴ്ച ഐ.പി.സി. ഹെബ്രോൻ സഭയിൽ വെച്ച് നടക്കുമെന്ന് നാഷണൽ കൺവീനർ റവ. ജോർജ് കെ. സ്റ്റീഫൻസൺ, സെക്രട്ടറി സാം മാത്യു, ട്രഷറാർ പ്രസാദ് ജോർജ് സി.പി.എ എന്നിവർ അറിയിച്ചു. വൈകിട്ട് അഞ്ചിന് ആരംഭിക്കുന്ന സമ്മേളനത്തിൽ നാഷണൽ ഭാരവാഹികൾ കോൺഫറൻസിന്റെ പ്രവർത്തന പുരോഗതികൾ അറിയിക്കും.

രജിസ്ട്രേഷൻ ഉദ്ഘാടനം പാസ്റ്റർ പി.സി. മാമൻ നിർവഹിക്കും. ദേശീയ കമ്മിറ്റി അംഗമായ ഷെറി കെ. ജോർജിന്റെ നേതൃത്വതിൽ രജിസ്ട്രേഷൻ ക്രമീകരണങ്ങൾ പുരോഗമിക്കുന്നു. ജോൺ വർഗീസ്, ബാബു മാത്യു എന്നിവരാണ് ലോക്കൽ കോർഡിറ്റേഴ്സ്. ഡോ വിൽസൺ എബ്രഹാം, പാസ്റ്റർ സാംസൻ സാബു എന്നിവർ യോഗത്തിന് നേതൃത്വം നൽകും.

2026 ജൂലൈ രണ്ടു മുതൽ അഞ്ചു വരെ ഷാബർഗ് കൺവെൻഷൻ സെന്ററിലാണ് 40ാമത്തെ പിസിനാക്കിന് വേദി ഒരുങ്ങുന്നത്. പ്രാഥമിക ക്രമീകരണങ്ങൾ പുരോഗമിക്കുന്നതായി ലോക്കൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ ഡോ. ടൈറ്റസ് ഇപ്പൻ, പാസ്റ്റർ ജിജു ഉമ്മൻ, ഡോ. ബിജു ചെറിയാൻ, ജോൺ മത്തായി, കെ.ഒ. ജോസ് സി.പി.ഐ, വർഗീസ് സാമുവൽ എന്നിവർ അറിയിച്ചു. ഇംഗ്ലീഷ് സെഷന് ഡോക്ടർ ജോനാഥൻ ജോർജിന്റെ നേതൃത്വത്തിലും ലേഡീസ് സെഷന് ജീന വിൽസന്റെ നേതൃത്വത്തിലും വിപുലമായ കമ്മറ്റികൾ നേതൃത്വം നൽകുന്നു.

മാസത്തിലെ രണ്ടാം ചൊവ്വാഴ്ച വൈകിട്ട് 7ന് അന്തർദേശീയ പ്രയർ ലൈനും ആദ്യ ബുധനാഴ്ച വൈകിട്ട് 7 മണിക്ക് ലേഡീസ് പ്രയർ ലൈനും കോൺഫറൻസിന്റെ അനുഗ്രഹത്തിനായി പ്രത്യേക പ്രാർത്ഥന നടത്തി വരുന്നു. പാസ്റ്റർ പി.വി. മാമനാണ് നാഷണൽ പ്രയർ കൺവീനർ.

ഇത് നാലാം തവണയാണ് പിസിനാക്കിന് ഷിക്കാഗോ ആതിഥേയത്വം നൽകുന്നത്. അയ്യായിരത്തിലധികം വിശ്വാസികൾ പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന സമ്മേളനത്തിന് വിപുലമായ ക്രമീകരണങ്ങളാണ് ഏർപ്പെടുത്തുന്നത്.

*കുര്യൻ ഫിലിപ്പ്*

# ഷിക്കാഗോ മലയാളി അസോസിയേഷൻ ചാരിറ്റി അവാർഡ് ജോൺസൻ കണ്ണൂക്കാടന്



ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി 2025-27 വർഷത്തെ പ്രവർത്തനമികവിന് ചാരിറ്റി ചെയർമാൻ ജോൺസൻ കണ്ണൂക്കാടന് പ്രത്യേക പുരസ്കാരം സമ്മാനിച്ചു.

ഇവിടെയും കേരളത്തിലുമായി നടത്തിയ വിവിധ ചാരിറ്റി പ്രവർത്തനങ്ങളെ മാനിച്ചാണ് ഈ പുരസ്കാരം സമ്മാനിച്ചത്. ഷിക്കാഗോ മലയാളി അസോസിയേഷന്റെ 2025 ഓണാഘോഷ സമ്മേളന വേദിയിൽ വെച്ച് മുഖ്യാതിഥി സിനിമ/സീരിയൽ താരം അർച്ചന സുശീലൻ പുരസ്കാരം സമ്മാനിച്ചു.

ഷിക്കാഗോ മലയാളി അസോസിയേഷൻ മുൻ പ്രസിഡന്റായ ജോൺസൻ നിരവധി സാമൂഹിക പ്രവർത്തനങ്ങളിലൂടെ ഷിക്കാഗോ മലയാളികൾക്ക് സുപരിചിതനും നിലവിൽ ഫോമാ സെൻട്രൽ റീജിയൻ പ്രസിഡന്റും ആണ്.

2025-27 കാലയളവിൽ നിരവധി ചാരിറ്റി പ്രവർത്തനങ്ങൾ ചെയ്യാൻ കഴിഞ്ഞതായി പുരസ്കാരം ഏറ്റു വാങ്ങിക്കൊണ്ട് ജോൺസൻ പറഞ്ഞു. വയനാട് ദുരന്ത ബാധിതർക്ക് സ്വപ്ന വീട് നിർമ്മാണം, തൃശൂർ ഓൾഡ് ഏജ് ഹോമിന് സഹായം, പഠനോപകരണ വിതരണം, സ്വയം തൊഴിൽ സഹായം, ഫീഡ് മൈ സ്റ്റാർവിങ് ചിൽഡ്രൻ പ്രോഗ്രാം ഉൾപ്പെടെ നിരവധി പ്രവർത്തനങ്ങൾ ഈ കാലയളവിൽ ചെയ്യാൻ കഴിഞ്ഞതായി അദ്ദേഹം പറഞ്ഞു.

തുടർന്നും ഇത്തരം സാമൂഹിക പ്രതിബദ്ധതയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിന് ഷിക്കാഗോ മലയാളി സമൂഹത്തിന്റെ സഹകരണം ജോൺസൻ അഭ്യർത്ഥിച്ചു.

*ബിജു മുണ്ടക്കൽ*




# ഷിക്കാഗോയിൽ അമേരിക്കൻ കൊച്ചി കൂട്ടായ്മ 2025

ഷിക്കാഗോ: തേവര സേക്രഡ് ഹാർട്ട് കോളേജ് പൂർവ്വ വിദ്യാർത്ഥി സംഘടന എ.എ.എസ്.എച്ച് നോർത്ത് അമേരിക്കയും അമേരിക്കൻ കൊച്ചിൻ ക്ലബ്ബും ചേർന്ന് സംഘടിപ്പിച്ച അമേരിക്കൻ കൊച്ചി കൂട്ടായ്മ 2025 ഷിക്കാഗോയിൽ വൻ വിജയം നേടി.

സെപ്തംബർ 7ന് ഇലിയോണിസിലെ ഫോർ പോയിന്റ്സ് ഷെറാട്ടൺ ഹോട്ടലിൽ വച്ച് നടന്ന പരിപാടി അമേരിക്കയിലെ മലയാളി സമൂഹത്തിന് ഒരു വിശിഷ്ട സംഗമമായി.

ചടങ്ങിന്റെ ഉദ്ഘാടനം മുൻ പ്രിൻസിപ്പലും വൈദീകനുമായ ഡോ. റവ. ഫാ. ജോൺസൺ (പ്രസാന്ത്) പാലയ്ക്കാപ്പിള്ളി നിർവഹിച്ചു. മുഖ്യപ്രഭാഷകനായ അദ്ദേഹം സേക്രഡ് ഹാർട്ട് അലുംനി അസോസിയേഷൻ, അമേരിക്കൻ കൊച്ചിൻ ക്ലബ്ബ് ഷിക്കാഗോ, ഐ.ഡി.എഫ് യു.എസ്.എ എന്നീ സംഘടനകളുടെ പ്രവർത്തനങ്ങളെ പ്രശംസിച്ചു. മാറുന്ന കൊച്ചിയെയും കോളേജിന്റെ ഓർമ്മകളെയും കുറിച്ചും അദ്ദേഹം സംസാരിച്ചു.

പ്രസിഡന്റ് ഹെറാൾഡ് ഫിഗ്രോദോ സ്വാഗതം ചെയ്ത് ചടങ്ങിന് തുടക്കം കുറിച്ചു. അനു ജോർജ്ജ് പരിപാടിയുടെ അവതാരകയായി, ജോസ് ആന്റണി പുത്തൻവീട്ടിൽ, ജോർജ് പാലാമറ്റം, സെസിൽ ജോസഫ്, തോമസ് എബ്രഹാം, കവിത തര്യൻ, ബിജു തോമസ്, പ്രിൻസ് മാഞ്ഞൂരാൻ, തോമസ് ചിറമ്മേൽ എന്നിവർ സംസാരിച്ചു.

സെക്രട്ടറി അലൻ ജോർജ് പങ്കെടുത്ത എല്ലാവർക്കും നന്ദി രേഖപ്പെടുത്തി, ഭാവിയിലും തുടർപിന്തുണ അഭ്യർത്ഥിച്ചു. സംഗീത പരിപാടിയും തുടർന്ന് വിഭവസമൃദ്ധമായ അത്താഴവും സംഗമത്തിന് ആഘോഷഭാവം നൽകി. അടുത്ത വർഷത്തെ സംഗമത്തിനായി വീണ്ടും ഒന്നിച്ചുകൂടാൻ അംഗങ്ങൾ തീരുമാനിച്ച് പരിപാടി സമാപിച്ചു.

# ഷിക്കാഗോ എക്യുമെനിക്കൽ ക്രിക്കറ്റ് ടൂർണമെന്റ്




ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ക്രിക്കറ്റ് ടൂർണമെന്റിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി എക്യുമെനിക്കൽ കൗൺസിൽ ഭാരവാഹികൾ അറിയിച്ചു.

സെപ്തംബർ 20,21 തീയതികളിൽ ഹെറിറ്റേജ് പാർക്ക് ക്രിക്കറ്റ് ഗ്രൗണ്ട് (5540 Arlington Dr. W. Hanover Park) വച്ച് നടത്തപ്പെടുന്നു. ചിട്ടയോടും സംയമനത്തോടും നടത്തപ്പെടുന്ന ഈ ടൂർണമെന്റിന് നേതൃത്വം നൽകുന്നത് റവ. ഫാ. ആഷിഷ് തോമസ്, കൺവീനർ സിബി മാത്യു എന്നിവരടങ്ങിയ വിപുലമായ ഒരു കമ്മിറ്റിയാണ്.

മാർതോമ, സി.എസ്.ഐ, യാക്കോബായ, ഓർത്തഡോക്സ് കത്തോലിക്ക സഭയുടെ ഒരു കൂട്ടായ്മയാണ് ഷിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ ഏവരേയും ക്രിക്കറ്റ് ടൂർണമെന്റിലേക്ക് കുടുംബസമേതം എക്യുമെനിക്കൽ കൗൺസിൽ സ്വാഗതം ചെയ്യുന്നു.

കൂടുതൽ വിവരങ്ങൾക്ക് റവ. ഫാ. ആഷിഷ് തോമസ് 847-321-5464, സിബി മാത്യു 847-219-0169, അച്ചൻകുഞ്ഞ് മാത്യു 847-912-2578

*സാം തേക്കനാൽ തോമസ്*

# ഇല്ലിനോയി ഷാംപെയിനിൽ മാർത്തോമ്മാ സഭയ്ക്ക് പുതിയ ഇടവക



ഷിക്കാഗോ : എ.ഡി. 52-ാമത് വി. തോമാശ്ലീഹായാൽ സ്ഥാപിതമായ മലങ്കര മാർത്തോമ്മാ സുറിയാനി സഭ നവീകരണ ആശയങ്ങൾക്കും ദൈവ വചനത്തിനും സുവിശേഷ ദർശനത്തിനും പ്രാധാന്യം നൽകി ലോകത്ത് പല രാജ്യങ്ങളിൽ വളർച്ച പ്രാപിച്ചു കൊണ്ടിരിക്കുന്നു.

നോർത്ത് അമേരിക്കൻ ഭദ്രാസനത്തിലെ 84-ാമത്തെ ഇടവകയായ ഷാംപെയിനിൽ പുതുതായി അനുവദിച്ച ഇടവകയുടെ ഔപചാരികമായ ഉദ്ഘാടനം ഭദ്രാസന അധ്യക്ഷൻ അഭിവന്ദ്യ ഡോ. എബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പ തിരുമേനി 2025 സെപ്തംബർ 21-ാം തിയതി ഷാംപെയിനിൽ നിർവ്വഹിക്കുന്നതാണ്.

ഉച്ചയ്ക്ക് 2 മണിക്ക് ഇമ്മാനുവേൽ മെമ്മോറിയൽ എപ്പിസ്കോപ്പാപള്ളിയിൽ ആരംഭിക്കുന്ന വിശുദ്ധ കുർബാനയോടെ ഉദ്ഘാടന ചടങ്ങുകൾ ആരംഭിക്കും. സുവനീർ പ്രകാശനവും പൊതുസമ്മേളനവും തുടർന്ന് ഉണ്ടായിരിക്കും.

വിവിധ സഭ നേതാക്കന്മാരും വിശിഷ്ട അതിഥികളും പങ്കെടുക്കും. റവ. ജോൺസൻ വർഗീസ് വികാരി, പ്രറ്റി ഫിലിപ്പ് സെക്രട്ടറി, ഡോ. സന്തോഷ് സൈമൺ ട്രസ്റ്റി, സ്റ്റാൻലി വി. ഡാനിയേൽ അക്കൗണ്ടന്റ് ട്രസ്റ്റി തുടങ്ങിയ പത്തംഗ എക്സിക്യൂട്ടീവ് കമ്മറ്റിയും മറ്റു സബ് കമ്മറ്റിയും ഉദ്ഘാടന ചടങ്ങുകൾക്ക് നേതൃത്വം നൽകുന്നു. 2 മണിക്ക് വിശുദ്ധ കുർബാനയും 3.30ന് പൊതുസമ്മേളനവും ആരംഭിക്കും. സുവനീർ കമ്മറ്റി കൺവീനറായി ഡോ. പ്രിയ വറുഗീസും ചീഫ് എഡിറ്ററായി റെനി ജോണും കോ എഡിറ്ററായി ഡോ. ചെറിയാൻ ശാമുവേലും ലെ ലീഡറായി ഡോ. സജു ജോർജും പ്രവർത്തിക്കുന്നു.

ആൻസൺ റെജി, ബിനു ഫിലിപ്പ്, ഡോ. സിജോ സണി, ഷാജി ജോർജ്, അശോക് സഖറിയ, ബിന, ഷീനാ, ലിയ, ഹന്ന, രൻജീറ്റ്, സണ്ണി, സൂസൻ ആലീസ്, സൈമൺ എന്നിവർ ഉൾപ്പെട്ട സബ് കമ്മറ്റികളും വിവിധ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകുന്നു. ഏവരേയും ചടങ്ങുകളിലേക്ക് സ്വാഗതം ചെയ്യുന്നു.

# ഇല്ലിനോയി മലയാളി അസോസിയേഷൻ ഓണാഘോഷം ദൃശ്യങ്ങളിലൂടെ...


































ഫോട്ടോ കടപ്പാട്: മോനു വർഗീസ്

നാഴികമണി

# വനവും വനത്തിന്റെ അവകാശികളും


എൻ.പി. ചെക്കുട്ടി

പ്രസിദ്ധ ചരിത്രകാരനായ രാമചന്ദ്ര ഗുഹയും പരിസ്ഥിതി ശാസ്ത്രജ്ഞനായ മാധവ് ഗാഡ്ഗിലുംചേർന്ന് എഴുതിയ പുസ്തകമാണ് ദിസ് ഫിഷർഡ് ലാൻഡ് അഥവാ വരണ്ടുണങ്ങിയ ഈ ഭൂമി. ഇന്ത്യയുടെ ഒരു പാരിസ്ഥിതിക ചരിത്രമാണ് അതിൽ അവർ പറയുന്നത്. വനങ്ങളിൽ അധിവസിച്ചു വന്ന ആദിവാസികളുടെ ജീവിതത്തെ സംബന്ധിച്ച വളരെ പ്രധാനമായ ചില വിവരങ്ങൾ അതിൽ ഉൾക്കൊള്ളുന്നുണ്ട്. ഇന്ത്യൻ സംസ്കാരത്തിന്റെയും നാഗരികതയുടെയും വളർച്ചയും വികാസവും ആദിവാസി സമൂഹത്തിന്റെ തലയിൽ ചവിട്ടിനിന്നു കൊണ്ടാണ് സംഭവിച്ചത് എന്ന് അവർ ചൂണ്ടിക്കാണിക്കുന്നു. അതിനൊരു ഉദാഹരണമായി അവർ നൽകുന്നത് മഹാഭാരതത്തിലെ പ്രസിദ്ധമായ ഖാണ്ഡവദഹന കഥയാണ്.

ഖാണ്ഡവ വനമെന്നതു യമുനയുടെ തീരത്തു ധാരാളം പക്ഷിമൃഗാദികളും അസുരന്മാർ എന്നറിയപ്പെട്ട ആദിമനിവാസികളും ഒക്കെ കഴിഞ്ഞു കൂടിയ ഒരു നിബിഡമായ കാനന പ്രദേശമായിരുന്നു. കാനനങ്ങളിലാണ് അസുരന്മാരും നിഷാദന്മാരും ദസ്യുക്കളും എന്നൊക്കെ അറിയപ്പെട്ടിരുന്ന വിഭാഗങ്ങൾ കഴിഞ്ഞുകൂടിയിരുന്നത്. അവരും സംസ്കൃതപാരമ്പര്യത്തിന്റെ ഉടമകളായ ആര്യന്മാരും തമ്മിൽ സംഘർഷങ്ങൾ നിലനിന്നിരുന്നു. ആര്യന്മാരുടെ കിഴക്കോട്ടും തെക്കോട്ടുമുള്ള വികാസത്തിനും മുന്നേറ്റത്തിനും വലിയ തടസ്സമായി നിന്നത് ഈ ആദിമ നിവാസികളാണ്. അതിനാൽ അവരുടെ വംശനാശം വരുത്തിക്കൊണ്ടു മാത്രമേ ആര്യാധിനിവേശം ഭരതവർഷം എമ്പാടും സാധിക്കുകയുള്ളൂ എന്ന് ആര്യപുത്രന്മാർക്കു ബോധ്യമുണ്ടായിരുന്നു.

ഇങ്ങനെ വിദൂരസ്ഥമായ കാനന പ്രദേശങ്ങളിലേക്കു ആര്യന്മാരുടെ ആദ്യ സംഘങ്ങൾ എന്ന നിലയിൽ കടന്നു കയറി ചെന്നതു സന്യാസി സംഘങ്ങളായിരുന്നു. പല ഋഷിമാരുടെയും ആശ്രമങ്ങൾ വനപ്രദേശങ്ങളിലാണ് സ്ഥാപിക്കപ്പെട്ടത്. ഇരുണ്ടഭൂഖണ്ഡംഎന്നറിയപ്പെട്ട ആഫ്രിക്കയിൽ ഡേവിഡ് ലിവിങ്സ്റ്റൺ എത്തിച്ചേർന്നപോലെയുള്ള ഒരു സാംസ്കാരിക അധിനിവേശമാണ് യഥാർത്ഥത്തിൽ പ്രാചീന ഭാരതത്തിലും സംഭവിച്ചത്. വനങ്ങളിലെ ആദിവാസികളും ആശ്രമങ്ങളിലെ അന്തേവാസികളും തമ്മിൽ ഇടയ്ക്കൊക്കെ സംഘർഷങ്ങൾ ഉണ്ടായിരുന്നു. അങ്ങനെ വരുമ്പോൾ രാജഭരണത്തിന്റെ പ്രതിനിധികളായി പട്ടാളവും കരുത്തൻമാരായ കുമാരന്മാരും അവിടങ്ങളിൽ എത്തിച്ചേരും. അവർ അക്രമകാരികളെ കൈകാര്യം ചെയ്യും. അങ്ങനെ സംസ്കൃതസമൂഹം അല്ലലും അലട്ടുമില്ലാതെ മുന്നോട്ടപോകും. ശ്രീരാമനും ശ്രീകൃഷ്ണനും മറ്റു പല ഇതിഹാസ പുരുഷന്മാരും ഇങ്ങനെ വനങ്ങളിൽ ആശ്രമങ്ങളുടെ സംരക്ഷണത്തിന് എത്തിയതായി രാമായണവും മഹാഭാരതവും പറയുന്നുണ്ട്. രാമായണത്തിൽ യുവാവായ ശ്രീരാമൻ ശംബൂകനെ വധിച്ചതും മഹാഭാരതത്തിൽ ശ്രീകൃഷ്ണനും അർജ്ജുനനും ചേർന്ന് ഖാണ്ഡവ വനം മുഴുക്കെ ദഹിപ്പിച്ചതും അത്തരം സംഭവങ്ങളുടെ ഉദാഹരണങ്ങളത്രെ.

ഇതിൽ ഖാണ്ഡവ ദഹനം ചരിത്രകാരന്മാരുടെ പ്രത്യേക ശ്രദ്ധ അർഹിക്കുന്നതാണ്. കാരണം അവിടെ വന്യജീവികളെയും അവിടെ വസിച്ച ആദിവാസികളെയും ഒന്നടങ്കം ചുട്ടുകരിച്ച സംഭവമാണ് വർണിക്കുന്നത്. ദഹനം കഴിഞ്ഞപ്പോൾ ഏതാനും പക്ഷികളും ഒരു പാമ്പും മായൻ എന്നൊരു അസുരനും മാത്രമാണ് ജീവനോടെ അവശേഷിച്ചത്. മായൻ അസാമാന്യ പ്രതിഭാശാലിയായ ഒരു വാസ്തുശില്പി ആയിരുന്നു. അദ്ദേഹമാണ് പിന്നീട് പാണ്ഡവരുടെ തലസ്ഥാനമായ ഹസ്തിനപുരി നിർമിച്ചത്. അതായതു ആര്യൻമാർ മഹാമോശക്കാരായി ചിത്രീകരിച്ച അസുരന്മാർ സംസ്കരികമായും മറ്റു നിലകളിലും അത്യുന്നത നിലകളിൽ തന്നെ കഴിഞ്ഞവരായിരുന്നു. ആര്യന്മാരുടെ ആയുധശക്തിയും ആയോധനരീതികളും മാത്രമാണ് അവരുടെ വിജയത്തിന് ആധാരമായത്. വിജയിക്കുന്നവന്റെ അപദാനങ്ങൾ മാത്രമാണ് ചരിത്രം എന്നും വാഴ്ത്തുന്നത്. അതിനാൽ ഇങ്ങനെ ചുട്ടകരിക്കപ്പെട്ട സമൂഹങ്ങളുടെ ചരിത്രം പറയാൻ ആരുമുണ്ടായില്ല. അതിൽ അന്നുമിന്നും വലിയ വ്യത്യാസവുമില്ല.




ഇന്ത്യയിലെ ആദിവാസികളുടെ ദുരന്തത്തിന്റെ കഥയാണ് ഇതിലൂടെയൊക്കെ വെളിവായി വരുന്നത്. അവർ എന്നും പീഡനങ്ങൾ ഏറ്റുവാങ്ങിയാണ് ജീവിച്ചത്. എന്നിരുന്നാലും ആദ്യകാല രാജഭരണങ്ങളുടെകാലത്തു കാടും നാടും തമ്മിൽ ചില അലിഘിതമായ കരാറുകൾ ഉണ്ടായിരുന്നു. അനിവാര്യമായ സന്ദർഭങ്ങളിൽ മാത്രമാണ് കാടുകയ്യേറൽ പ്രക്രിയ നടന്നത്. അശോക ചക്രവർത്തിയുടെ ചില ലിഖിതങ്ങളിൽ ഇങ്ങനെയുള്ള സൂചനകളുണ്ട്. അതിർത്തി പ്രദേശങ്ങളിലും വനങ്ങളിലും ജീവിക്കുന്ന വിഭാഗങ്ങൾ ചക്രവർത്തി ഭരണത്തെ വെല്ലുവിളിക്കുന്നതിന് എതിരെ അദ്ദേഹം മുന്നറിയിപ്പുകൾ നൽകുന്നുണ്ട്. അതായതു അഹിംസയുടെ ആശാനായ അശോകൻപോലും ആദിവാസികളെ അടിച്ചമർത്താൻ മടിക്കുകയില്ല എന്ന മുന്നറിയിപ്പു നൽകുന്നുണ്ട്. അവർ ഒരു കാരണവശാലും പരിധി വിട്ടുപോകരുത് എന്നാണ് മുന്നറിയിപ്പിന്റെ അർഥം.

കാടും നാടും തമ്മിലുള്ള സംഘർഷങ്ങൾക്കു കാരണങ്ങൾ പലതുണ്ടാവാം. വനവിഭവങ്ങളുടെമേലുള്ള അധികാരവും അവയുടെ നിയന്ത്രണവും തന്നെയാണ് അതിൽ പ്രധാനം എന്നകാര്യം ഉറപ്പാണ്. വനവിഭവങ്ങൾ പലതും അന്നുമിന്നും വിലപിടിപ്പുള്ള ഉല്പന്നങ്ങളാണ്. അവയുടെ മേലുള്ള അവകാശത്തർക്കം രൂക്ഷമായ സംഘട്ടനങ്ങളിലേക്കു നയിക്കുന്നതും സ്വാഭാവികം.

അശോകന്റെ മൗര്യകാലത്തും പിന്നീട് മുഗൾ രാജഭരണം വരെയുള്ള കാലത്തും ഇങ്ങനെ പല സംഘർഷങ്ങളും അടയാളപ്പെടുത്തപ്പെട്ടിട്ടുണ്ട്. എന്നാൽ ബ്രിട്ടീഷ് ഭരണം വന്നതോടെ സ്ഥിതി രൂക്ഷമായി. വനങ്ങളുടെയും വനവിഭവങ്ങളുടെയുംമേലുള്ള അവകാശം പൂർണമായും സർക്കാരിൽ നിക്ഷിപ്തമാണ് എന്ന് കൊളോണിയൽ അധികാരികൾ ഉത്തരവിട്ടു. അതോടെ ആദിവാസികളുടെ ജീവിതം വഴിമുട്ടി. ബസ്തർ മുതൽ മാനന്തവാടി വരെവിവിധആദിവാസിപ്രദേശങ്ങളിൽ അവിടത്തെ നിവാസികളും കൊളോണിയൽ സർക്കാരും തമ്മിൽ ഏറ്റുമുട്ടി. ആയിരക്കണക്കിനു ആദിവാസികൾ അവരുടെ തോക്കിനു മുമ്പിൽ ജീവൻ വെടിഞ്ഞു.

രാജ്യത്തിനു സ്വാതന്ത്ര്യം കിട്ടിയശേഷംപോലും അതിൽ മാറ്റമൊന്നും വന്നില്ല. ആദിവാസി മേഖലകൾ വികസനത്തിന്റേപേരിൽ കയ്യേറ്റം ചെയ്യപ്പെട്ടു. ഖനനത്തിനും ജലവൈദ്യുത പദ്ധതികൾക്കും മറ്റു ആവശ്യങ്ങൾക്കുമായി ആയിരക്കണക്കിനു ഹെക്ടർ വനഭൂമി വെട്ടി മാറ്റപ്പെട്ടു. ആദിവാസികൾസ്വന്തംനാടുകളിൽ അഭയാർഥികളായി. അവരിൽ പലരും നഗരങ്ങളിലെചേരികളിൽ എത്തിപ്പെട്ടു. ഗതികെട്ട പലരും നക്സലൈറ്റ് പ്രസ്ഥാനംപോലെയുള്ളതീവ്രവാദപ്രസ്ഥാനങ്ങളുടെ ഭാഗമായി. ഇന്ത്യയിൽ നക്സലൈറ്റുകൾ ശക്തിപ്രാപിച്ചത് ആദിവാസി പ്രദേശങ്ങളിലാണ് എന്നതു ഒരു ആകസ്മികത ആയിരുന്നില്ല.

2005 കാലത്ത ഡോ. മൻമോഹൻസിങ് പ്രധാനമന്ത്രിയായിരുന്ന സന്ദർഭത്തിൽ കേന്ദ്ര സർക്കാർ ഇത്തരം വസ്തുതകളെ കൃത്യവും വസ്തുനിഷ്ഠവുമായി വിശകലനം ചെയ്യുകയുണ്ടായി. ആദിവാസികൾക്കിടയിലെ അസ്വസ്ഥതയുടെ പ്രധാന കാരണങ്ങൾ അവർ നേരിടുന്ന ഒറ്റപ്പെടലും ഉപജീവന സാധ്യതകളുടെ അഭാവവുമാണെന്നു സർക്കാർ കണ്ടെത്തി. അതിനുള്ള പരിഹാരമായാണ് അന്നത്തെ സർക്കാർ വനഭൂമിയിൽ ആദിവാസികൾക്കുംമറ്റുവനവാസിസമൂഹങ്ങൾക്കുമുള്ള അവകാശങ്ങൾ നിയമപരമായി അംഗീകരിക്കുന്ന വനാവകാശ നിയമം 2006ൽ പാസ്സാക്കിയത്. ആദിവാസികൾ കാലങ്ങളായി അനുഭവിച്ചു വരുന്ന അനീതികൾക്കു ഒരു പരിഹാരം എന്ന നിലയിൽത്തന്നെയാണ് വനവകാശ നിയമം പാർലമെന്റ് പാസാക്കിയത്.

ആദിവാസികൾക്ക് തങ്ങളുടെപ്രദേശങ്ങളിൽ വ്യക്തിഗതവും സാമൂഹികവുമായ വിവിധ അവകാശങ്ങൾ നിയമം അക്കമിട്ടു നിരത്തുന്നു. വനവിഭവങ്ങൾ ശേഖരിക്കുന്നതിനും വില്പന നടത്തുന്നതിനും അത് അവർക്കു അവകാശം നൽകുന്നു. അവരുടെ പ്രദേശങ്ങളിൽ എന്തു തരം വികസന പ്രവർത്തനവും നടത്തണമെങ്കിൽ ബന്ധപ്പെട്ട ഗ്രാമസഭ കൂടി ചർച്ച ചെയ്തു അനുമതി നൽകിയിരിക്കണം. അത് വലിയനേട്ടമാണ് ആദിവാസികൾക്ക് നൽകിയത്. ഒഡിഷയിലെ നിയംഗിരി കുന്നുകളിൽ ബോക്സൈറ്റ് ഖനനത്തിന് കോപ്പുകൂട്ടിയ ബ്രിട്ടീഷ് കമ്പനിവേദാന്തയെ സുപ്രീംകോടതി വരെ കേസുനടത്തി അവർ കെട്ടുകെട്ടിച്ചത് അതിന്റെ ഫലമായാണ്.

എന്നാൽ നരേന്ദ്രമോദി ഭരണത്തിൽ വനാവകാശ നിയമത്തിൽ അധികാരികളുടെ കൈകടത്തൽ നടക്കുന്നതായി അനുഭവപ്പെടുന്നുണ്ട്. സ്വകാര്യ താല്പര്യങ്ങൾക്കുവേണ്ടി നിയമം അട്ടിമറിക്കപ്പെടുന്ന അനുഭവങ്ങൾ അപൂർവമല്ല. അന്തമാൻനിക്കോബാർ ദ്വീപുകളിൽ കേന്ദ്ര സർക്കാർ ആസൂത്രണം ചെയ്യുന്ന ഗ്രെയ്റ്റ്നിക്കോബാർവികസനപദ്ധതി ഉദാഹരണം. ദ്വീപിൽ ഒരു വമ്പിച്ച ട്രാൻസ്ഷിപ്മെന്റ് തുറമുഖം, ഒരു വിമാനത്താവളം, ടൗൺഷിപ്പ് എന്നിങ്ങനെ വിവിധ പദ്ധതികളാണ് ആസൂത്രണം ചെയ്യുന്നത്. 81,000 കോടിരൂപയുടെ പദ്ധതിക്കുവേണ്ടി 13,000 ഹെക്ടർവനഭൂമി വെട്ടി വീഴ്ത്തണം. അതിനു ആദിവാസികളുടെ അനുമതി വാങ്ങണം. എന്നാൽ തങ്ങളുടെ അനുമതിയില്ലാതെ സർക്കാർ മുന്നോട്ടപോകുകയാണ് എന്ന് അവിടെയുള്ള ആദിവാസി കൗൺസിൽ പരാതി പറയുന്നു. അവർ കൊൽക്കത്ത ഹൈക്കോടതിയിൽകേസും കൊടുത്തിട്ടുണ്ട്. കേസിൽ കക്ഷിചേർന്ന് ആദിവാസികളെ സംരക്ഷിക്കേണ്ടകേന്ദ്ര സർക്കാരിന്റെ ആദിവാസി മന്ത്രാലയം പറയുന്നത് തങ്ങൾ അതിൽ കക്ഷിയല്ല എന്നാണ്. വനാവകാശ നിയമം ലംഘിച്ചുവോ എന്നൊക്കെ അന്വേഷിക്കേണ്ടത് ബന്ധപ്പെട്ട സംസ്ഥാനകേന്ദ്രഭരണ പ്രദേശത്തെ അധികാരികളാണ്. നിക്കോബാറിൽ അതുചെയ്യേണ്ട സർക്കാർ പ്രതിനിധികൾ തന്നെയാണ് നിയമം അട്ടിമറിക്കുന്നതായി ആരോപണം നേരിടുന്നത്. അത് കണ്ടില്ലന്നു നടിക്കാനാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. എന്തുകൊണ്ട്? ഖാണ്ഡവദഹന കാലം മുതലുള്ള ചരിത്രം അതിനു ഉത്തരം നൽകുന്നു. കയ്യൂക്കുള്ളവനു മുന്നിൽ ഒരു നിയമവും പിടിച്ചുനിൽക്കുകയില്ല. നിക്കോബാറിൽ വരുന്നത് വമ്പിച്ച തുറമുഖമാണ്. ഇന്ത്യയിലെ മിക്ക തുറമുഖങ്ങളും ഇന്ന് അദാനിയുടെ നിയന്ത്രണത്തിലാണ്. ഇനി വരാൻപോകുന്ന തുറമുഖങ്ങളും അവർ തന്നെ നിയന്ത്രിക്കും. അദാനിക്കു മുമ്പിൽ ഒരു ആദിവാസി അവകാശനിയമവും പിടിച്ചു നിൽക്കാൻ കെല്പുള്ളതല്ല എന്ന് സമകാല ചരിത്രം നമ്മോടു പറയുന്നു.





# ഗ്രേറ്റർ ഷിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം ദൃശ്യങ്ങളിലൂടെ...



















# അമേരിക്കയിൽ അടിസ്ഥാന പലിശനിരക്ക് വെട്ടിക്കുറച്ച് ഫെഡറൽ റിസർവ്

(ഒന്നാം പേജ് തുടർച്ച)

കമ്പനികൾക്ക് പ്രാമുഖ്യമുള്ള നാസ്ഡാക്കിനെ നഷ്ടത്തിൽ കൊണ്ടെത്തിച്ചത്. എൻവിഡിയ രണ്ട് ശതമാനമാണ് ഇടിഞ്ഞത്. അടിസ്ഥാന പലിശനിരക്ക് കുറഞ്ഞതോടെ അമേരിക്കയില് വായ്പാ പലിശ, ഇഎംഐ ഭാരങ്ങൾ കുറയും. നിലവിൽ താരിഫ് യുദ്ധം മൂലം ജനങ്ങൾ നേരിടുന്ന വിലക്കയറ്റ ആഘാതത്തിന് പലിശയിളവുകൊണ്ട് തടയിടാനാകുമെന്നാണ് പ്രസിഡന്റ് കരുതുന്നത്.

മാത്രമല്ല പലിശനിരക്ക് കുറച്ചാൽ ഭവന വിൽപന കുതിച്ചുകയറുമെന്നും ട്രംപ് വ്യക്തമാക്കിയിരുന്നു. അതേസമയം പലിശനിരക്ക് കുറച്ചത് സേവിങ്സ് ഡെപ്പോസിറ്റ്, എഫ്ഡി പലിശനിരക്കും താഴും. ഇത് ബാങ്ക് നിക്ഷേപങ്ങളെ ആശ്രയിക്കുന്നവർക്ക് തിരിച്ചടിയാണ്.

2020 ഫെബ്രുവരി മുതൽ 2022 ഫെബ്രുവരി വരെ അമേരിക്കയിലെ അടിസ്ഥാന പലിശനിരക്ക് 00.25 ശതമാനമായിരുന്നു. പണപ്പെരുപ്പം കുത്തനെ കൂടിയതിന് തടയിടാനായി 2023 ഓഗസ്റ്റ് വരെ ഘട്ടംഘട്ടമായി പലിശകൂട്ടി 5.255.50% വരെ ആക്കിയിരുന്നു. ഇതാണ് 2024 ൽ പടിപടിയായി കുറച്ചത്. എന്നാൽ ട്രംപ് വീണ്ടും അധികാരത്തിലേറിയ ശേഷം പലിശ നിരക്ക് കുറയ്ക്കാൻ ഫെഡറൽ റിസർവ് തയാറായിരുന്നില്ല.

### ചാഞ്ചാടി ഡോളറും ബോണ്ടും

പലിശ നിരക്ക് കാൽ ശതമാനം കുറയ്ക്കുകയും ഇനി ഈ വർഷം രണ്ട് തവണ കൂടി കുറയ്ക്കുമെന്ന് സൂചിപ്പിക്കുകയും ചെയ്തതിന് പിന്നാലെ തകർന്ന യുഎസ് ഡോളർ. യൂറോ, യൻ, പൗണ്ട് തുടങ്ങി ലോകത്തെ 6 പ്രധാന കറൻസികൾക്കെതിരായ യുഎസ് ഡോളർ ഇൻഡക്സ് 43 മാസത്തെ താഴ്ചയായ 96.30ലേക്ക് കൂപ്പുകുത്തി. ഇനി രണ്ടുതവണ കൂടി പലിശനിരക്ക് കുറച്ചാൽ, അടിസ്ഥാന പലിശനിരക്ക് മൂന്നര ശതമാനത്തിലേക്കെങ്കിലും താഴും.

മാത്രമല്ല പലിശ കുറയുന്നതിന് ആനുപാതികമായി യുഎസ് ഗവൺമെന്റിന്റെ കടപ്പത്ര ആദായ നിരക്കും ഇടിയും. അതോടെ, അവയിലേക്കുള്ള നിക്ഷേപവും കുറയും. ഈ ഭീതിയാണ് ഡോളറിനെ തളർത്തുന്നത്. 10വർഷ ട്രഷറി യീൽഡ് 4.05ൽ നിന്ന് 4.03 ശതമാനത്തിലേക്ക് ഇടിഞ്ഞു. ട്രംപ് ജനുവരിയിൽ അധികാരത്തിലേറുമ്പോൾ ഇത് 4.8 ശതമാനമായിരുന്നു. യുഎസ് ഡോളർ ഇൻഡക്സ് 110 ശതമാനത്തിനടത്തും.

### ഇന്ത്യൻ റുപ്പിക്ക് നേട്ടം

യുഎസ് കടപ്പത്രങ്ങളുടെ ഇടിവ് ഇന്ത്യയുൾപ്പെടെയുള്ള വികസ്വര രാജ്യങ്ങളിലേക്ക് വിദേശ നിക്ഷേപമൊഴുകാൻ സഹായിക്കും. എന്നാൽ പവലിന്റെ റിസ്ക് മാനേജ്മെന്റ് കട്ട് പരാമർശത്തിന് പിന്നാലെ ഡോളറും ബോണ്ടും തിരിച്ചുകയറ്റം തുടങ്ങി.

### കുതിച്ചുയർന്ന് സ്വർണം

ഫെഡിന്റെ പ്രഖ്യാപനത്തിന് പിന്നാലെ രാജ്യാന്തര സ്വർണ വില ഔൺസിന് ചരിത്രത്തിലാദ്യമായി 3,700 ഡോളർ ഭേദിച്ച് കുതിച്ചുയർന്നു. ഒരു ഘട്ടത്തിൽ 3,704.53 ഡോളർ വരെ വിലയെത്തിയെങ്കിലും തൊട്ടുപിന്നാലെ ലാഭമെടുപ്പ് ആഞ്ഞടിച്ചു. ഒരു ഘട്ടത്തിൽ 40 ഡോളർ ഇടിഞ്ഞ് 3,648 ഡോളറിലായിരുന്നു. ലാഭമെടുപ്പ് തുടരുകയാണെങ്കിൽ സ്വർണവില നഷ്ടത്തിൽതന്നെ നിൽക്കും.

### പണനയത്തെ എതിർത്ത ആ ഒരാൾ ആരാണ് ?

അടിസ്ഥാന പലിശ നിരക്ക് കുറയ്ക്കാൻ യുഎസ് ഫെഡറൽ റിസർവിന്റെ പണനയ നിർണയ സമിതി തീരുമാനിച്ചത് ഒന്നിനെതിരെ 11 വോട്ടുകൾക്കാണ്. ഈ തീരുമാനത്തെ എതിർക്കുകയായിരുന്നു ഒരാൾ. പ്രസിഡന്റ് ട്രംപ് ഫെഡറൽ റിസർവ് ബോർഡ് ഓഫ് ഡയറക്ടേഴ്സിലേക്കും ഫെഡറൽ റിസർവിന്റെ ഗവർണറായും അടുത്തിടെ നിയമിച്ച സ്റ്റീഫൻ മിറാൻ ആണ് ആ ഒരാൾ. ട്രംപിന്റെ വിശ്വസ്തൻ എന്നതിന് പുറമേ, ട്രംപ് ഭരണകൂടത്തിന്റെ സാമ്പത്തിക ഉപദേശക സമിതി ചെയർമാനാണ് അദ്ദേഹം. പലിശനിരക്ക് അര ശതമാനം കുറയ്ക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ നിലപാട്.

### അത്ര ശുഭ സൂചകമല്ലെന്ന് സാമ്പത്തിക വിദഗ്ധർ

ഇത് കൂടുതൽ അപകടകരമായ ഒരു കണക്കുകൂട്ടലാണെന്നാണ് ചില സാമ്പത്തിക വിദഗ്ധർ അഭിപ്രായപ്പെടുന്നത്. ദുർബലമായ വളർച്ചയും മറ്റ് എപ്പിസോഡുകളെ സങ്കീർണ്ണമാക്കാത്ത സ്റ്റിക്കി പണപ്പെരുപ്പവും കൂടി കണക്കിലെടുത്ത്, ഫെഡ് അതിന്റെ പരമ്പരാഗത സ്വാതന്ത്ര്യത്തിന് അസാധാരണമായ ഒരു വെല്ലുവിളി നേരിടുകയാണെന്നാണ് വിലയിരുത്തപ്പെടുന്നത്.

പവലിന്റെ തീരുമാനത്തിന് ചരിത്രം മൂന്ന് സാധ്യതയുള്ള ഫലങ്ങൾ നൽകുന്നു. 1990 കളുടെ മധ്യത്തിൽ നിരക്ക് വർദ്ധനവ് പിൻവലിച്ചുകൊണ്ടും പണപ്പെരുപ്പത്തെ ജ്വലിപ്പിക്കാതെ സാമ്പത്തിക വികാസം വ്യാപിപ്പിച്ചുകൊണ്ടും ഫെഡ് വിജയകരമായി ഒരു 'സോഫ്റ്റ് ലാൻഡിംഗ്' രൂപകൽപ്പന ചെയ്തു. 1967 ൽ, രാഷ്ട്രീയ സമ്മർദ്ദവും സാമ്പത്തിക സാഹചര്യങ്ങളുടെ തെറ്റായ നിർണയവും മൂലം വഷളായ 1970 കളിലെ നിരന്തരമായ വില സമ്മർദ്ദങ്ങൾക്ക് അകാല വെട്ടിക്കുറവുകൾ കാരണമായി. 1990, 2001, 2007 വർഷങ്ങളിൽ വെട്ടിക്കുറവുകൾക്ക് മാന്ദ്യം തടയാൻ കഴിഞ്ഞില്ല.

വളർച്ച, പണപ്പെരുപ്പം, തൊഴിൽ എന്നിവയ്ക്കായി ബുധനാഴ്ച പുറത്തിറക്കിയ ഫെഡ് ഉദ്യോഗസ്ഥരുടെ പ്രവചനങ്ങളിൽ ജൂണിൽ നിന്ന് വലിയ മാറ്റമൊന്നും ഉണ്ടായില്ല. അന്ന് ഒരു ചെറിയ ഭൂരിപക്ഷം മാത്രമേ രണ്ട് വെട്ടിക്കുറവുകൾ വരുത്തിയിരുന്നുള്ളൂവെങ്കിലും, ബുധനാഴ്ച ഒരു നേരിയ ഭൂരിപക്ഷം 2025 ലെ ശേഷിക്കുന്ന കാലയളവിൽ മൂന്ന് വെട്ടിക്കുറവുകൾ പ്രവചിച്ചു, ഈ ആഴ്ചയിലെ വെട്ടിക്കുറവ് ഉൾപ്പെടെ. ഒക്ടോബർ, ഡിസംബർ മാസങ്ങളിൽ നടന്ന ഫെഡറൽ റിസർവ് മീറ്റിംഗുകളിൽ തുടർച്ചയായി നിരക്ക് കുറയ്ക്കാനുള്ള സാധ്യത കൂടുതലാണ് എന്നതിന്റെ സൂചനയാണ് ആ മാറ്റം.

ജൂണിൽ തുടക്കത്തിൽ റിപ്പോർട്ട് ചെയ്ത 150,000 ൽ നിന്ന് ഓഗസ്റ്റിൽ മൂന്ന് മാസത്തെ ശരാശരി തൊഴിൽ നേട്ടം 29,000 ആയി പരിഷ്കാരങ്ങൾ കുറച്ചു. ഫെഡിന്റെ മുൻ മീറ്റിംഗിൽ ലഭ്യമായ ഏറ്റവും പുതിയ ഡാറ്റയായിരുന്നു ആ രണ്ടാമത്തെ സംഖ്യ. 'യഥാർത്ഥത്തിൽ അർത്ഥവത്തായ ഡൗൺസൈഡ് റിസ്ക് ഉണ്ട്' എന്ന് പവൽ പറഞ്ഞു. ചില സാമ്പത്തിക വിദഗ്ധർ പറയുന്നത് പവലും സഹപ്രവർത്തകരും കൂടുതൽ ശക്തമാകേണ്ടതിന്റെ കാരണങ്ങളാണിതെന്നാണ്.

ഈ ആഴ്ച വലിയ ഹാഫ്പോയിന്റ് കുറവ് വരുത്തുന്നത് ഉൾപ്പെടെ. ജോലി വളർച്ച നിലവിലെ വേഗതയിലേക്ക് അപൂർവ്വമായി മാത്രമേ മന്ദഗതിയിലാകുകയും പിന്നീട് ഇടയ്ക്ക് മാന്ദ്യം ഉണ്ടാകാതെ വീണ്ടും ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുള്ളു എന്ന് ലോസ് ഏഞ്ചൽസ് ആസ്ഥാനമായുള്ള അസറ്റ് മാനേജരായ പേഡൻ & റൈഗെലിന്റെ ചീഫ് ഇക്കണോമിസ്റ്റ് ജെഫ്രി ക്ലീവ്ലാൻഡ് പറഞ്ഞു.

താരിഫുകൾ പണപ്പെരുപ്പത്തെ വർദ്ധിപ്പിക്കുമെന്ന അപകട സാധ്യതകളിൽ ഫെഡ് വളരെയധികം ഊന്നൽ നൽകിയിട്ടുണ്ടെന്നും ഇറക്കുമതി ചെയ്ത സാധനങ്ങൾക്കും വസ്തുക്കൾക്കും ഉയർന്ന ചെലവ് നേരിടുന്ന നിർമ്മാതാക്കൾ ഉൾപ്പെടെ നിയമനങ്ങളെ എങ്ങനെ തടസപ്പെടുത്തും എന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ലെന്നും ക്ലീവ്ലാൻഡ് ആശങ്കപ്പെടുന്നു.

ഉയർന്ന ഇൻപുട്ട് ചെലവുകൾ നേരിടുന്ന കമ്പനികൾ നിയമനം മരവിപ്പിക്കുകയും തൊഴിലാളികളെ ജോലിയിൽ നിന്ന് മാറ്റി സ്ഥാപിക്കാതിരിക്കുകയും ചെയ്തുകൊണ്ട് ലാഭം സംരക്ഷിക്കാൻ സാധ്യതയുണ്ട്. ഇത് തൊഴിൽ വിപണികളെ കൂടുതൽ ദുർബലമാക്കുകയും സ്വയം പോഷിപ്പിക്കുന്ന മാന്ദ്യത്തിന് ഇരയാക്കുകയും ചെയ്യുന്നു.

ഫെഡറൽ ഘടനാപരമായ മാറ്റങ്ങളെ ഒരു ബലഹീനതയായി തെറ്റിദ്ധരിക്കുമെന്ന ആശങ്കയും ചിലർ പങ്കുവയ്ക്കുന്നുണ്ട്. ട്രംപ് ഭരണകൂടത്തിന്റെ നയ പരീക്ഷണങ്ങൾ തൊഴിൽ ശക്തി വളർച്ചയെ പരിമിതപ്പെടുത്തുന്ന കുടിയേറ്റ നിയന്ത്രണങ്ങളും താരിഫ് വർദ്ധനവും അദ്ദേഹത്തിന്റെ ആദ്യ ടേമിനെ അപേക്ഷിച്ച് വളരെ വലുതാണ്. സാധനങ്ങളും സേവനങ്ങളും ഉൽപ്പാദിപ്പിക്കാനുള്ള സമ്പദ്വ്യവസ്ഥയുടെ ശേഷിയെ സ്ഥിരമായി മാറ്റിയേക്കാം.

നിരക്കുകൾ വളരെയധികം കുറയ്ക്കുന്നത് അവരെ പ്രത്യേകിച്ച് ആശങ്കാകുലരാക്കുന്നു. വർഷങ്ങളായി ഉയർന്ന പണപ്പെരുപ്പത്തിന് ശേഷം, ഉപഭോക്താക്കൾക്കും ബിസിനസുകൾക്കും പതിവ് വില വർദ്ധനവിനോട് കൂടുതൽ പൊരുത്തപ്പെടാൻ കഴിയും. അങ്ങനെ ഉയർന്ന പണപ്പെരുപ്പം നിലനിൽക്കാൻ അനുവദിക്കുമെന്ന് ബാങ്ക് ഓഫ് അമേരിക്കയിലെ ആഗോള സാമ്പത്തിക ഗവേഷണത്തിന്റെ മുൻ മേധാവി ഏതൻ ഹാരിസ് പറഞ്ഞു.

# ട്രംപിന് മാത്രം അവകാശപ്പെട്ട ചരിത്ര പര്യടനം

(ഒന്നാം പേജ് തുടർച്ച)

ഹെലികോപ്റ്ററിൽ ലണ്ടനിലെത്തിയ പ്രസിഡന്റും ഭാര്യയും അമേരിക്കൻ അംബാസഡറുടെ വസതിയായ വിൻഫീൽഡ് ഹൗസിലാണ് താമസിച്ചത്. വിൻസർ കൊട്ടാരത്തിലെ രണ്ടു ദിവസം നീളുന്ന ഔദ്യോഗിക സ്വീകരണ പരിപാടികൾക്കും വിരുന്നിനും ഇന്നലെ തുടക്കമായി.

സൈനിക പരേഡും എയർഫോഴ്സിന്റെ വ്യോമാഭ്യാസ പ്രകടനവുമായി ഗാർഡ് ഓഫ് ഓണർ നൽകിയാണ് ട്രംപിന് കൊട്ടാരത്തിലേക്ക് ഔദ്യോഗിക സ്വീകരണം ഒരുക്കിയത്. വിൻസറിലും ടവർ ഓഫ് ലണ്ടനിലും ആചാരവെടികൾ മുഴക്കിയായിരുന്നു സ്വീകരണം. ഉച്ചയ്ക്ക് പ്രസിഡന്റിനോടുള്ള ആദരസൂചകമായി ലണ്ടൻ നഗരത്തിൽ അമേരിക്കൻബ്രിട്ടീഷ് വ്യോമ സേനകൾ സംയുക്തമായി ഫ്ളൈ പാസ്റ്റ് പരേഡും നടത്തിയിരുന്നു. റോയൽ കുടുംബാംഗങ്ങളോടൊപ്പം ഉള്ള ഉച്ചഭക്ഷണത്തിന് ശേഷം ട്രംപ് വിൻസറിലെ സെന്റ് ജോർജ് ചാപ്പലിലുള്ള എലിസബത്ത് രാജ്ഞിയുടെ ശവകുടീരം സന്ദർശിച്ച് ആദരാഞ്ജലി അർപ്പിച്ചു.

ഇന്നലെ വൈകിട്ടായിരുന്നു വിൻസർ കൊട്ടാരത്തിലെ ഔദ്യോഗിക അത്താഴവിരുന്ന്. വ്യാഴാഴ്ച പ്രധാനമന്ത്രി സർ കെയ്ര് സ്റ്റാമറുമായി കൂടിക്കാഴ്ച നടത്തും. പ്രധാനമന്ത്രിയുടെ നഗരാതിർത്തിക്കു പുറത്തുള്ള വസതിയായ ബക്കിങ്ങാംഷെയറിലെ ചെക്കേഴ്സിലാണ് കൂടിക്കാഴ്ച.രാജ്യത്തിന് മാത്രമല്ല വ്യക്തിപരമായി വേണ്ടപ്പെട്ട രാജ്യമാണ് ബ്രിട്ടനെന്നാണ് ട്രംപ് നേരത്തെ വിശേഷിപ്പിച്ചിരിക്കുന്നത്.

സ്കോട്ട്ലൻഡുകാരിയായ അമ്മയോടുള്ള സ്നേഹമാണ് ഇതിന് പ്രധാന കാരണം. ഏതാനും ആഴ്ചകൾക്കു മുൻപാണ് സ്വകാര്യ സന്ദർശനത്തിനായി ട്രംപ് കുടുംബസമേതം സ്കോട്ട്ലൻഡിൽ എത്തിയത്. സ്കോട്ട്ലൻഡിലെ ടേൺബറിയിലും അബർഡീൻഷെയറിലും ട്രംപിന് സ്വന്തമായി ഇന്റർനാഷനൽ ഗോൾഫ് കോഴ്സുകളുണ്ട്.

ചാൾസ് രാജാവ് പ്രസിഡന്റായശേഷം ഔദ്യോഗിക സന്ദർശനത്തിനായി ബ്രിട്ടനിലെത്തുന്ന അഞ്ചാമത്തെ ലോക നേതാവാണ് ട്രംപ്. കൊറിയൻ പ്രസിഡന്റ് യൂൻ സുക് യോൽ, ജപ്പാനിലെ നരുഹിതോ ചക്രവർത്തി, ഖത്തർ അമീർ ഷെയ്ഖ് തമീം ബിൻ ഹമദ് അൽതാനി, ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവേൽ മക്രോൺ എന്നിവരാണ് ഇതുവരെയെത്തിയത്. ഫ്രാൻസ്, ഇറ്റലി, ജർമനി, കെനിയ, സമോവ എന്നിവിടങ്ങളിലേക്ക് രാജാവും രാജ്ഞിയും പര്യടനം നടത്തുകയും ചെയ്തിരുന്നു.

അതേസമയം ട്രംപ് എത്തിയതോടെ തെരുവുകളിൽ പ്രതിഷേധവും ശക്തമായിരുന്നു. കനത്ത സുരക്ഷാ മുൻകരുതലുകൾ ഉണ്ടായിട്ടും ചൊവ്വാഴ്ച രാത്രി എഴുപതോളം വരുന്ന പ്രതിഷേധക്കാർ പ്ലക്കാർഡുകളുമേന്തി പ്രകടനമായെത്തി വിൻസർ കാസിലിനു മുന്നിൽ മുദ്രാവാക്യങ്ങൾ വിളിച്ചു പ്രതിഷേധിച്ചിരുന്നു.

# ആത്മീയഉണർവേകി ബെൻസൻവിൽ ഇടവക മരിയൻ സംഗമം

ഷിക്കാഗോ: ബെൻസൻവിൽ തിരുഹൃദയ ക്നാനായ കത്തോലിക്കാ ഫെറോന ദൈവാലയത്തിൽ പരി. കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിന് അനുബന്ധിച്ച് മേരി നാമധാരികളുടെ മരിയൻ സംഗമം നടത്തപ്പെട്ടു. 160 വനിതകൾ ചേർന്ന് പരി. അമ്മയുടെ പിറവിത്തിരുന്നാൾ ഏറ്റെടുത്തു നടത്തി. പരി. അമ്മയുടെ രൂപം വഹിച്ച് കൊണ്ട് നടത്തിയ മരിയൻ പ്രദക്ഷിണം ഏവർക്കും ഹൃദ്യമായ അനുഭവമായിരുന്നു. വിമൺസ് മിനിസ്ട്രി കോർഡിനേറ്റർ മേഴ്സി ചെമ്മലക്കുഴിയിൽ സംഗമത്തിന് നേതൃത്വം നൽകി.



## SEEKING BRIDEGROOM

**Syro Malabar Parents,** Kerala, invite proposal for their daughter, 32, 161cm, MS in Engg. from US, working for a multinational company as a senior consultant, based in Chicago (transferable).

**Contact: +847-331-1123**
**or Parents: 91-9447462705**
(Phone or Whatsapp)

#082725

## വരനെ ആവശ്യമുണ്ട്

**ഫ്ളോറിഡയിലെ മിയാമിയിൽ താമസിക്കുന്ന** മാതാപിതാക്കൾ, RN ആയി മിയാമിയിൽ ജോലി ചെയ്യുന്ന 28 വയസ്സുള്ള ക്നാനായ യുവതി (യുഎസ് സിറ്റിസൺ)അനുയോജ്യരായ ക്നാനായ കാത്തലിക് യുവാക്കളിൽനിന്നും വിവാഹാലോചന ക്ഷണിക്കുന്നു.

**ബന്ധപ്പെടുക: 786–868–7192, 786–825–5748**

#073025

## SEEKING BRIDE

**We are seeking** a suitable alliance for our nephew, aged 29, from Idukki.

He has completed his MBA from Rajagiri College of Social Sciences and is currently working in our family business.

We are looking for a Christian (RCSC) girl from a respected family background. Interested families may contact us for further details.

**Chavara ID: CKTA459984**
**847-778-6907 (Chicago)**

#082725

## Holiday Let Penthouse in Kochi

Two bed Penthouse with Balcony on the 18th floor, fully furnished, air-conditioned, is available for short stay in the heart of Kochi.
Close to shops/Restaurants/ Shopping centres.
Beautiful view of Kochi City.
Location - Vennala near Holiday Inn Hotel.

**Contact NG Jerome**
**Mob: +91 9446211630**

#082725

## ബേബി സിറ്ററെ ആവശ്യമുണ്ട്

**ഡസ്പ്ലെയിൻസിൽ താമസിക്കുന്ന മലയാളി** കുടുംബത്തിന് വന്നുപോയോ വീട്ടിൽ താമസിച്ചോ ബേബി സിറ്റിംഗിന് ആളെ ആവശ്യമുണ്ട്.

**ബന്ധപ്പെടുക:**
**മോഹിൻ 773–679–5526,**
**ആൽബി 773–396–0535**

#091725


## ROOMS FOR RENT IN DOWNERS GROVE

Three private rooms for rent in Downers Grove, ideal for bachelors. Only 5 minutes from Highway 355, with all amenities and parking included.
For more information
**Contact: +1-630-723-1112 or email: siby.joseph1@gmail.com**

#082725

## നൊവേന

### വിശുദ്ധ യൂദാ ശ്ലീഹാ നൊവേന



ഈശോയുടെ വിശ്വസ്തദാസനും സ്നേഹിതനു അപ്പസ്തോലനുമായ വിശുദ്ധ യൂദായേ ദിവ്യഗുരുവിനെ ശത്രുക്കളുടെ കരങ്ങളിൽ ഏൽപ്പിച്ചുകൊടുത്തവന്റെ പേരിനോട് അങ്ങയുടെ പേരിനുള്ള സാമ്യം പലരും അങ്ങയെ മറക്കുവാൻ കാരണമാക്കിയല്ലോ. എങ്കിലും നിരാശാജനകവും അസാധ്യവുമായ കാര്യങ്ങളുടെ മദ്ധ്യസ്ഥനായി തിരുസഭ അങ്ങേ സാർവ്വത്രികമായി വണങ്ങുകയും അങ്ങേ സഹായം അപേക്ഷിക്കുകയും ചെയ്യുന്നു. വളരെയധികം കഷ്ടപ്പെടുന്ന എനിക്കിവേണ്ടി പ്രാർത്ഥിക്കണമേ ആശയററ സന്ദർഭങ്ങളിൽ ദൃശ്യമായ സഹായം അതിവേഗം പ്രദാനം ചെയ്യുന്നതിന് അങ്ങേയ്ക്കു സംസിദ്ധമായിരിക്കുന്ന പ്രത്യോകാനുകൂല്യത്തെ എന്ക്കുവേണ്ടി വിനിയോഗിക്കണമെന്ന് ഞാനങ്ങയോടഭ്യർത്ഥിക്കുന്നു.

എന്റെ എല്ലാ ആവശ്യങ്ങളിലും കഷ്ടതകളിലും ദു:ഖങ്ങളിലും പ്രത്യേകിച്ച് ... (നിയോഗം)... സ്വർഗ്ഗത്തിൽ നിന്നുള്ള സഹായവും ആശ്വാസവും കിട്ടുന്നതിനുമായി ഈ വലിയ ആവശ്യനേരത്ത് എന്റെ സഹായത്തിന് എത്തേണമെ.

അങ്ങനെ അങ്ങയോടും മറെറല്ലാ വിശുദ്ധരോടും കൂടെ ദൈവത്തെ അനവരതം സ്തുതിക്കുന്നതിന് എനിക്ക് ഇടയാകട്ടെ. ഓ! വാഴ്ത്തപ്പെട്ട വി യൂദായേ ഈ വലിയ അനുഗ്രഹത്തെ ഞാൻ എന്നും സ്മരിക്കുന്നതാണെന്നും എന്റെ ശക്തിയുള്ള പ്രത്യേക മദ്ധ്യസ്ഥനായി അങ്ങയെ വണങ്ങുന്നതിൽ ഞാൻ ഒരിക്കലും കുറവു വരുത്തുകയില്ലെന്നും അങ്ങയോടുള്ള ഭക്തി പ്രചരിപ്പിക്കുന്നതിന് എന്റെ സർവ്വ കഴിവുകളും വിനിയോഗിക്കുന്നതാണെന്നും ഞാൻ ഇതാ പ്രതിജ്ഞ ചെയ്യുന്നു.

**സിറിയക് വർഗീസ്**

#090325

### ഉണ്ണിയീശോയോടുള്ള നൊവേന



ഇഹലോകവാസികളായ ഞങ്ങളേരോരുത്തരോടുമുള്ള സ്നേഹത്താൽ മനുഷ്യാവതാരം ചെയ്ത് ഞങ്ങളുടെ ഇടയിലേക്ക് വരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ അങ്ങയെ ഞങ്ങൾ ആരാധിക്കുന്നു. പാപികളായ ഞങ്ങളുടെ അയോഗ്യതകൾ പരിഗണിക്കാതെ ഞങ്ങളിൽ ഒരുവനായിത്തീരുവാൻ തിരുമനസ്സായ ഉണ്ണിയീശോയെ, കാലിത്തൊഴുത്തിൽ പിറന്ന് എളിമയോടെയും വിനയത്തിന്റെയും മാതൃകയായി ജീവിച്ചതിന് ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു.

പാപികളായ ഞങ്ങളിൽ അനുഗ്രഹവർഷം ചൊരിഞ്ഞുകൊണ്ടിരിക്കുന്ന അങ്ങേയ്ക്കു ഞങ്ങൾ നന്ദിപറയുന്നു. അങ്ങേ തിരുമുമ്പിൽ അണഞ്ഞ് ഈ നെവേനയിൽ ഇന്നു ഞങ്ങൾ പ്രത്യേകമായി അപേക്ഷിക്കുന്നു..... ആവശ്യങ്ങൾ ഞങ്ങൾക്ക് ഒരോരുത്തർക്കും സാധിച്ചുതരണമെന്ന് തകർന്ന ഹൃദയത്തോടുകൂടി അങ്ങയോട് ഞങ്ങൾ അപേക്ഷിക്കുന്നു.

ആമേൻ

**ജോസഫ് കുര്യാക്കോസ്**

#090325

Newspaper for Malayalees Worldwide ◆Estd.2020
വാചകം VACHAKAM

To Advertise
1 773–888–2242
1 773–842–9149
1 773–888–2243
vachakamonline@gmail.com
news@vachakam.com
Vachakam.com

For E-Paper reading visit Vachakam.com

## ഗായകൻ ഡേവിഡിന്റെ കാറിൽ നിന്നും 15 കാരിയുടെ മൃതദേഹം കണ്ടെത്തി



ലോസ് ആഞ്ചലസിൽ ഗായകൻ ഡേവിഡിന് രജിസ്റ്റർ ചെയ്ത ടെസ്ല കാറിൽ നിന്നും 15 കാരിയായ സെലെസ്റ്റ റിവാസ് എന്ന പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയതായി റിപ്പോർട്ട്. മൃതദേഹം 15 കാരിയായ പെൺകുട്ടിയുടേതാണെന്ന് അധികൃതർ സ്ഥിരീകരിച്ചു. സെപ്തംബർ 8ന് ലോസ് ആഞ്ചലസ് സിറ്റിയിൽ നിന്ന് ടോ ചെയ്ത കാറിന്റെ മുന്നിലെ ട്രങ്കിൽ (ഫ്രണ്ട് ട്രങ്ക്) ആണ് പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയത്. കഴിഞ്ഞ വർഷം കാണാതായതായി റിപ്പോർട്ട് ചെയ്തിരുന്ന പെൺകുട്ടിയെ അതിന് ശേഷം ആരും കണ്ടിട്ടില്ലെന്ന് അന്വേഷണ ഉദ്യോഗസ്ഥർ പറയുന്നു.

സെപ്തംബർ 8ന് ഹോളിവുഡിലെ ടോയ്ഡ് വാഹന പാർക്കിങ് കേന്ദ്രത്തിൽ നിന്ന് വരുന്ന ദുർഗന്ധത്തെ തുടർന്ന് ആണ് പോലീസ് അന്വേഷണം ആരംഭിച്ചതും തുടർന്ന് പെൺകുട്ടിയുടെ മൃതദേഹം കണ്ടെത്തിയതും.

അതേസമയം അവൾ എങ്ങനെ മരിച്ചു, എങ്ങനെ കാറിൽ എത്തി എന്നത് ഇപ്പോഴും വ്യക്തമല്ല. മരണകാരണം കണ്ടെത്താനുള്ള പരിശ്രമം തുടരുകയാണ്. കേസിന്റെ അന്വേഷണം ലോസ് ആഞ്ചലസ് പൊലീസ് റൊബറിഹോമിസൈഡ് വിഭാഗം ആണ് കൈകാര്യം ചെയ്യുന്നത്. ഇതുവരെ ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

പെൺകുട്ടി മരണപ്പെട്ടിട്ട് കുറച്ചു നാൾ കഴിഞ്ഞിരുന്നു എന്നതാണ് അന്വേഷണത്തെ കൂടി സങ്കീർണ്ണമാക്കുന്നതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു. വാഹനം 20 കാരനായ ഡേവിഡ് ആന്റണി ബർക്ക് (D4vd)-ന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിരുന്നത്. സംഗീതജ്ഞനായ അദ്ദേഹത്തിനുള്ള നിരവധി വാഹനങ്ങളിൽ ഒന്നാണിത്. പലരും പല സമയങ്ങളിലും അവ ഉപയോഗിക്കുന്നുണ്ടെന്ന് പോലീസ് അറിയിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പ്രതിനിധിയെയും അഭിഭാഷകനെയും വിഷയത്തിൽ പ്രതികരണത്തിനായി മാധ്യമങ്ങൾ സമീപിച്ചെങ്കിലും പ്രതികരണം ലഭിച്ചില്ല.

## ഷിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം 'നാദം 25' അവിസ്മരണീയമായി

ഷിക്കാഗോ: ഷിക്കാഗോ മലയാളി അസോസിയേഷന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട ഈ വർഷത്തെ ഓണാഘോഷം 'നാദം 25' ഷിക്കാഗോ മലയാളികൾക്ക് അവിസ്മരണീയമായ അനുഭവമായി. ബെൽവുഡ് സിറോ മലബാർ കത്തീഡ്രൽ ഹാളിൽ സെപ്തംബർ 7ന് വൈകിട്ട് 4ന് ഓണസദ്യയോടെ ആരംഭിച്ച പരിപാടിയിലേക്ക് നൂറുകണക്കിനാളുകൾ ഒഴുകിയെത്തി. തുടർന്ന് നടന്ന ഘോഷയാത്രയിൽ താലപ്പൊലിയേന്തിയ ബാലികമാരും ചെണ്ടമേളക്കാരും മലയാളി മങ്കമാരും ചേർന്ന് മാവേലിത്തമ്പുരാനെയും മുഖ്യാതിഥി പ്രശസ്ത സിനിമ/സീരിയൽ താരം അർച്ചന സുശീലനെയും സ്വീകരിച്ച് വേദിയിലേക്ക് ആനയിച്ചു.

ഷിക്കാഗോ മലയാളി അസോസിയേഷൻ പ്രസിഡന്റ് ജെസ്സി റിൻസി അധ്യക്ഷയായിരുന്നു. സെക്രട്ടറി ആൽവിൻ ഷിക്കോർ എംസി ആയിരുന്ന സമ്മേളനം സജി മാലിത്തുരുത്തേലിന്റെ പ്രാർത്ഥന ഗാനത്തോടെ ആരംഭിച്ചു. അർച്ചന സുശീലൻ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ അസോസിയേഷന്റെ കഴിഞ്ഞ രണ്ടു വർഷത്തെ പ്രവർത്തന പരിപാടികളുടെ വിശദ വിവരങ്ങളും അതോടൊപ്പം തന്നെ 'നാദം 2025' എന്ന ഓണപ്പതിപ്പിന്റെ പ്രകാശനം മുൻ പ്രസിഡന്റ് ലെജി പട്ടരുമഠത്തിന് ആദ്യ പ്രതി നൽകിക്കൊണ്ട് അർച്ചന സുശീലൻ നിർവ്വഹിച്ചു. ചീഫ് എഡിറ്റർ സന്തോഷ് വി. ജോർജ്, പി.ആർ.ഒ ബിജു മുണ്ടക്കൽ എന്നിവർ നേതൃത്വം നൽകി.

കഴിഞ്ഞ രണ്ടു വർഷങ്ങൾ സംഘടനയോടൊപ്പം നിന്ന് പ്രവർത്തിച്ച അസോസിയേഷൻ അംഗങ്ങളെയും സംഘടനക്ക് വിവിധ നിലകളിൽ നേതൃത്വവും പിന്തുണയും നൽകുന്നവരേയും അസോസിയേഷൻ ആദരിച്ചു. ജെസ്സി റിൻസി, ആൽവിൻ ഷിക്കോർ, ജോഷി പൂവത്തുങ്കൽ എന്നിവർ നേതൃത്വം നൽകി. ഷിക്കാഗോ മലയാളി അസോസിയേഷൻ എല്ലാ വർഷവും നൽകി വരുന്ന എഡ്യൂക്കേഷണൽ അവാർഡുകൾ സച്ചു ഷാജി കുര്യൻ, ബിജു മുണ്ടക്കൽ, വിവിഷ് ജേക്കബ് എന്നിവർ കുട്ടികൾക്ക് സമ്മാനിച്ചു. സാൽവിയോ ബിനോയി, ജ്യോതിസ് ജെയ്സൺ, ജേക്കബ് സ്കറിയ എന്നീ കുട്ടികൾ അവാർഡുകൾ കരസ്ഥമാക്കി. ഡോ. സൂസൻ ചാക്കോ ഇതിന് നേതൃത്വം നൽകി. തുടർന്ന് 2025–27 കാലയളവിലേക്ക് അസോസിയേഷനെ നയിക്കാൻ തെരഞ്ഞെടുക്കപ്പെട്ട ടീമിനെ യോഗത്തിന് ആൽവിൻ ഷിക്കോർ പരിചയപ്പെടുത്തി. പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ട ജോസ് മണക്കാട്ട് അടുത്ത രണ്ടു വർഷത്തെ പ്രവർത്തനങ്ങൾക്ക് എല്ലാവരുടെയും പിന്തുണ അഭ്യർത്ഥിച്ചു. തുടർന്ന് നടന്ന കലാസന്ധ്യ 'ഓണ നിലാവ്' ഷിക്കാഗോ മലയാളികൾക്ക് വേറിട്ട ഒരു കാലാനുഭവം സമ്മാനിച്ചു. സാറ അനിൽ നേതൃത്വം നൽകിയ കലാസന്ധ്യയിൽ നിരവധി കലാകാരന്മാരും കലാകാരികളും പങ്കെടുത്തു. ഓണാഘോഷ പരിപാടികൾക്ക് കോ-ഓർഡിനേറ്റർമാരായ പ്രിൻസ് ഈപ്പൻ, കിഷോർ കണ്ണാല, ബോർഡ് എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളായ മനോജ് അച്ചേട്ട്, സിബിൽ ഫിലിപ്പ്, വിവിഷ് ജേക്കബ്, ഫിലിപ്പ് പുത്തൻപുര, വർഗീസ് തോമസ് തുടങ്ങിയവർ നേതൃത്വം നൽകി.

*ബിജു മുണ്ടക്കൽ*

# 2026 – 2028 ൽ ഫോമയെ നയിക്കാൻ 'ടീം വോയിസ് ഓഫ് ഫോമാ'

അമേരിക്കൻ മലയാളികളെ ആവേശത്തിലാഴ്ത്തികൊണ്ട് ടീം വോയ്സ് ഓഫ് ഫോമാ തങ്ങളുടെ പാനൽ പ്രഖ്യാപിച്ചു. പ്രസിഡന്റായി ബിജു തോണിക്കടവിലും, ജനറൽ സെക്രട്ടറിയായി പോൾ പി. ജോസും, ട്രഷററായി പ്രദീപ് നായരും, വൈസ് പ്രസിഡന്റായി സാമുവൽ മത്തായിയും, ജോയിന്റ് സെക്രട്ടറിയായി ഡോക്ടർ മഞ്ജു പിള്ളയും, ജോയിന്റ് ട്രഷററായി ജോൺസൺ കണ്ണൂക്കാടനും ഉൾപ്പെട്ട ഒരു ശക്തമായ നേതൃനിരയാണ് 2026-28 ൽ ഫോമയെ നയിക്കുവാൻ സജ്ജമായിക്കൊണ്ടിരിക്കുന്നത്. ഫോമയുടെ വിവിധ നേതൃപദവികളിൽ പ്രവർത്തിച്ച് അമേരിക്കൻ മലയാളികളുടെ ഏറെ പ്രശംസകൾ ഏറ്റുവാങ്ങിയ ബിജു തോണിക്കടവിൽ ഫോമയുടെ എക്കാലത്തേയും മികച്ച നേതാവ് എന്ന നിലയിൽ ശ്രദ്ധിക്കപ്പെട്ട വ്യക്തിത്വമാണ്.



ഫിലപ്പ് ചാമത്തിൽ പ്രസിഡന്റായി പ്രവർത്തിച്ച കാലഘട്ടത്തിൽ കേരളത്തിലുണ്ടായ വെള്ളപ്പൊക്കക്കെടുതി മുതൽ ജീവകാരുണ്യ പ്രവർത്തനരംഗത്ത് ഫോമയ്ക്കൊപ്പം അഹോരാത്രം പ്രവർത്തിച്ച ആർ.വി.പി എന്ന നിലയിൽ ഫോമ വില്ലേജിന് നൽകിയ സംഭാവനകൾ വിലപ്പെട്ടതായിരുന്നു. റീജിയണിന്റെ നേതൃത്വത്തിൽ 'കൃഷിപാഠം' എന്ന പരിപാടി തുടങ്ങുകയും പിന്നീടത് നാഷണൽ ലെവലിൽ തന്നെ എത്തിക്കുകയും ചെയ്തു.

ഡോ. ജേക്കബ് തോമസ് പ്രസിഡന്റായ സമയത്ത് ഫോമയുടെ ട്രഷററായ ബിജു നടത്തിയ സംഘടനാ പ്രവർത്തനങ്ങൾ പ്രവാസി സംഘടനകൾക്ക് വലിയ മാതൃകയായി. 2024 ൽ അധികാരം കൈമാറുമ്പോൾ 88, 856 ഡോളർ മിച്ചം വെച്ച് ഫോമയെ പുതിയ ടീമിനെ ഏൽപ്പിച്ച ട്രഷറർ എന്ന ഖ്യാതി ബിജു തോണിക്കാവിലിന് സ്വന്തമാണ്. സുവ്യക്തമായ കാഴ്ചപ്പാടും വലിയ വ്യക്തിബന്ധങ്ങളുമുള്ള ബിജു തോണിക്കടവിൽ ഫോമയ്ക്ക് എന്നും പ്രതിച്ഛായ സമ്മാനിക്കുന്ന നേതാവും സർവ്വ സമ്മതനുമാണ്.

ഏറ്റെടുത്ത ചുമതലകളിലെല്ലാം അത്യപൂർവ്വമായ പ്രവർത്തന മികവും, സംഘടനാ പാടവവും, അർപ്പബോധവും അമേരിക്കൻ മലയാളികൾക്കിടയിൽ തെളിയിച്ചു കാണിച്ച വ്യക്തിയാണ് പോൾ. നിലവിൽ ഫോമായുടെ ജോയിന്റ് സെക്രട്ടറി ആയ പോൾ പദവി ഏറ്റെടുത്തതിനു ശേഷം ചുരുങ്ങിയ കാലയളവിൽ തന്റെ പ്രവർത്തന മികവ് തെളിയിച്ചതാണ്. ഫോമ ജോയിന്റ് സെക്രട്ടറി ആകുന്നതിന് മുമ്പുള്ള കാലയളവിൽ മെട്രോ റീജിയൺ വൈസ് പ്രസിഡന്റായി തിളങ്ങിയ പോൾ, മാതൃസംഘടനയായ കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്കിന്റെ അൻപതാമത് പ്രസിഡന്റായിരുന്നു. കേരളാ സമാജം ഓഫ് ഗ്രെയ്റ്റർ ന്യൂയോർക്ക് സെക്രട്ടറി, ട്രസ്റ്റീ ബോർഡ് അംഗം, ഇൻഡ്യ കാത്തലിക് അസോസിയേഷൻ പ്രസിഡന്റ്, ട്രസ്റ്റീബോർഡ് ചെയർമാൻ എന്നീ നിലകളിലെ പദവികളിലും പ്രശംസനീയമായ സേവനം കാഴ്ച വച്ചിട്ടുണ്ട്.

ട്രഷറർ ആയി മത്സരിക്കുന്ന പ്രദീപ് നായർ, താഴെ തട്ടിൽ നിന്നുള്ള പ്രവർത്തനത്തിലൂടെ മുൻ നിരയിലേക്ക് വന്ന എല്ലാവരുമായും നല്ല ബന്ധം കാത്തു സൂക്ഷിക്കുന്ന അപൂർവ്വം വ്യക്തികളിലൊരാളാണ്. 2006ൽ യോങ്കേഴ്സ് മലയാളി അസോസിയേഷനിൽ കമ്മറ്റി മെമ്പർ ആയിട്ടാണ് സംഘടനാ പ്രവർത്തനം ആരംഭിച്ച പ്രദീപിന് പിന്നീട് അസോസിയേഷന്റെ എല്ലാ പദവികളും അലങ്കരിക്കുവാൻ സാധിച്ചു. 2008 ൽ വൈ.എം.എ സെക്രട്ടറി ആയിരിക്കെയാണ് ഫോമായിലേക്കുള്ള ആദ്യത്തെ ചുവടുവെയ്പ്പ്. 2008-2010 എമ്പയർ റീജിയന്റെ യൂത്ത് ഫെസ്റ്റിവൽ കോർഡിനേറ്റർ, 2010 മുതൽ 2014 വരെ നാഷണൽ കമ്മിറ്റി അംഗം, തുടർന്ന് രണ്ടു വർഷം റീജിയണൽ കൺവൻഷൻ ചെയർ എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുള്ള പ്രദീപ് നായർ, 2016ൽ മയാമിയിൽ നടന്ന ഫോമ ഇന്റർനാഷണൽ കൺവൻഷൻ കൺവീനറായും പ്രവർത്തിച്ചു. തുടർന്ന് എമ്പയർ റീജിയൻ ആർ.വി.പി. ആയി. കഴിഞ്ഞ വർഷം പുണ്ടകാനയിൽ നടന്ന ഫോമാ കൺവൻഷന്റെ ഗ്ലോബൽ കോർഡിനേറ്റർ ആയിരുന്നു.

ബാലജനസഖ്യത്തിലൂടെ പൊതുപ്രവർത്തനം ആരംഭിച്ച് വിദ്യാർത്ഥി നേതാവായി നേതൃത്വ പാടവം തെളിയിച്ച സാമുവൽ മത്തായി ഡാളസ് മലയാളി അസോസിയേഷൻ സെക്രട്ടറി, പ്രസിഡന്റ്, എന്നീ നിലകളിൽ സ്തുത്യർഹമായ പ്രവർത്തനം കാഴ്ചവച്ചു.

2020-22 ൽ ഫോമായുടെ നാഷണൽ കമ്മിറ്റിയംഗമായും മികച്ച പ്രവർത്തനമാണ് കാഴ്ചവച്ചത്. കോളേജ് യൂണിയൻ ജനറൽ സെക്രട്ടറി, യൂണിവേഴ്സിറ്റി യൂണിയൻ കൗൺസിലർ, കോളേജ് യൂണിറ്റ് സെക്രട്ടറി, അത്ലറ്റിക് സെക്രട്ടറി, തുടങ്ങിയ മേഖലകളിൽ പ്രവർത്തിക്കുമ്പോൾ തന്നെ 'രഥം' ത്രൈമാസികയുടെ ജനറൽ എഡിറ്ററായി സാഹിത്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞു നിന്നു. ഇപ്പോൾ അദ്ദേഹം ഫോമയുടെ ലാംഗ്വേജ് & എജുക്കേഷൻ കമ്മറ്റിയുടെ ചെയർമാനായി സേവനം ചെയ്യുന്നു.

ഏറ്റെടുക്കുന്ന ഏതൊരു ജോലിയും ദീർഘവീക്ഷത്തോടു കൂടിയും ഉത്തരവാദിത്വത്തോടെയും നിറവേറ്റുന്ന സാമുവൽ മത്തായി സംഘടനയിലെ ബഹുഭൂരിപക്ഷം അംഗങ്ങളുമായി നല്ല ബന്ധം പുലർത്തുന്നു.

ജോയിന്റ് സെക്രട്ടറി സ്ഥാനത്തേക്ക് അരിസോണയിലെ പ്രശസ്ത ഡോക്ടറും സാമൂഹ്യ പ്രവർത്തകയും കലാകാരിയുമായ ഡോ. മഞ്ജു പിള്ളയാണ് മത്സരിക്കുന്നത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി അരിസോണ മലയാളി സമൂഹത്തിലെ നിറസാന്നിധ്യമായ ഡോ. മഞ്ജു, നിലവിൽ ഫോമാ വിമെൻസ് ഫോറത്തിന്റെ നാഷണൽ ജോയിന്റ് ട്രഷററായി സ്തുത്യർഹമായ സേവനം കാഴ്ചവച്ചുകൊണ്ടിരിക്കുന്നു. അരിസോണ മലയാളീ അസോസിയേഷന്റെ നിരവധി നേതൃ പദവികൾ വഹിച്ചിട്ടുള്ള മഞ്ജു, ഇപ്പോൾ പ്രസ്തുത സംഘടനയുടെ അഡ്വൈസറി കൗൺസിൽ അംഗമാണ്.

# ആന്റിഫ പ്രസ്ഥാനത്തെ ഭീകര സംഘടനയായി പ്രഖ്യാപിച്ച് ട്രംപ്




വാഷിംഗ്ടൺ: ഇടതുപക്ഷ ഫാസിസ്റ്റ് വിരുദ്ധ ആന്റിഫ പ്രസ്ഥാനത്തെ ഭീകര സംഘടനയായി പ്രഖ്യാപിച്ച് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ്. 'അപകടകാരിയായ, തീവ്ര ഇടതുപക്ഷ ദുരന്തകാരിയായ, ആന്റിഫയെ ഭീകര സംഘടനയായി ഞാൻ പ്രഖ്യാപിക്കുന്നു' ട്രംപ് വ്യാഴാഴ്ച ഒരു സോഷ്യൽ മീഡിയ പോസ്റ്റിൽ പ്രഖ്യാപനം നടത്തി.

ആന്റിഫ എന്നത് 'ആന്റി ഫാസിസ്റ്റ് ആക്ഷൻ' എന്നതിന്റെ ചുരുക്കപ്പേരാണ്. യൂറോപ്പിലെ ഫാസിസ്റ്റ് സംഘടനകൾക്കെതിരായ പ്രതിരോധങ്ങളോടെ 1920 കൾ മുതൽക്കുതന്നെ ഇങ്ങനെ ഒരു മുന്നേറ്റം നിലവിലുണ്ട്. ചാർളി കിർക്കിന്റെ കൊലപാതകത്തിന് പിന്നാലെ ഇടതുപക്ഷ സംഘടനകൾക്കുള്ള പിന്തുണ നിർത്തലാക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുമെന്ന് വീഡിയോ പ്രസ്താവനയിൽ ട്രംപ് പറഞ്ഞിരുന്നു.

'ഫാസിസ്റ്റ് വിരുദ്ധർ' എന്നതിന്റെ ചുരുക്കപ്പേരായ ആന്റിഫ, തീവ്ര ഇടതുപക്ഷ ചായ്വുള്ള തീവ്രവാദ ഗ്രൂപ്പുകളുടെ ഒരു പൊതു പദമാണ്, അത് ഒരു ഏക സ്ഥാപനമല്ല. ഫാസിസ്റ്റുകളെയും നവനാസികളെയും ചെറുക്കുന്ന ഗ്രൂപ്പുകളാണ് അവയിൽ ഉൾപ്പെടുന്നത്.

അതുകൊണ്ട് തന്നെ ഒരു വികേന്ദ്രീകൃത പ്രസ്ഥാനത്തെ ഫലപ്രദമായി ഒരു തീവ്രവാദ സംഘടനയായി ഭരണകൂടം എങ്ങനെ മുദ്രകുത്തുമെന്ന് വ്യക്തമല്ല. അതിന് കൃത്യമായ ഒരു കേഡർ സ്വഭാവമോ അധികാര ഘടനയോ ഇല്ല. ലോകവ്യാപകമായി അത് പ്രവർത്തിക്കുന്നതും ഒരേ ശൈലിയിലല്ല.

# പെൻസിൽവാനിയയിൽ വെടിവെയ്പ്പ്: 3 പൊലീസ് ഉദ്യോഗസ്ഥർ കൊല്ലപ്പെട്ടു

അമേരിക്കയിലെ സെൻട്രൽ പെൻസിൽവാനിയയിൽ ബുധനാഴ്ച നടന്ന വെടിവെയ്പ്പിൽ മൂന്നു പൊലീസുകാർ കൊല്ലപ്പെട്ടതായി റിപ്പോർട്ട്. ആക്രമണത്തിൽ പരിക്കേറ്റ രണ്ടുപേരുടെ നില ഗുരുതരമായി തുടരുകയാണെന്നും പെൻസിൽവാനിയ സ്റ്റേറ്റ് പൊലീസ് കമ്മീഷണർ കേണൽ ക്രിസ്റ്റഫർ പാരിസ് അറിയിച്ചു.

അതേസമയം ആക്രമണം നടത്തിയ പ്രതിയെ പൊലീസ് വെടിവച്ച് കൊന്നതായി അധികൃതർ സ്ഥിരീകരിച്ചു. വെടിവെയ്പ്പിൽപ്പെട്ട പ്രതിയെ സ്റ്റോക്കിംഗ്, ക്രിമിനൽ ട്രെസ്പാസ് (നിയമവിരുദ്ധമായി പ്രവേശിക്കൽ) എന്നീ കുറ്റങ്ങൾക്ക് അറസ്റ്റുചെയ്യാനെത്തിയ പൊലീസുകാരാണ് അക്രമത്തിന് ഇരയായതെന്ന് അന്വേഷണത്തിൽ കണ്ടെത്തി. ഓഫീസർമാർ എത്തുമ്പോൾ പ്രതി ആക്രമിക്കാൻ തയ്യാറായി പതിയിരുന്നുവെന്ന് സ്രോതസ്സുകൾ പറഞ്ഞു.

വെടിവെയ്പ്പ് നടന്നത് യോർക്ക് കൗണ്ടിയിലെ നോർത്ത് കൊഡോറസ് ടൗൺഷിപ്പിലെ ഹാർ റോഡിൽ ആയിരുന്നു. ചെറിയ കുടിലുകളും വ്യാപകമായ കൃഷിസ്ഥലങ്ങളും നിറഞ്ഞ ഗ്രാമപ്രദേശമാണിത്. വെടിവെയ്പ്പിന് പിന്നാലെ സ്ഥലത്ത് മെഡിവാക് ഹെലികോപ്റ്ററും, ഫയർ എൻജിനുകളും, പൊലീസ് വാഹനങ്ങളും, ആംബുലൻസുകളും എത്തുന്ന ദൃശ്യങ്ങൾ കണ്ടതായി നാട്ടുകാർ പറഞ്ഞു.






# നായർ ബനവലന്റ് അസോസിയേഷന്റെ ഓണാഘോഷം വർണ്ണാഭമായി

ന്യൂയോർക്ക്: നായർ ബനവലന്റ് അസോസിയേഷന്റെ ഈ വർഷത്തെ ഓണാഘോഷം സെപ്തം. 7 ഞായറാഴ്ച ക്വീൻസിലെ ഗ്ലെൻ ഓക്സിലുള്ള പി.എസ്.115 ഓഡിറ്റോറിയത്തിൽ വെച്ച് രാവിലെ 11 മണി മുതൽ വൈകീട്ട് 6മണി വരെ വളരെ വിപുലമായ രീതിയിൽ രണ്ട് സെഷനുകളായിട്ടാണ് ആഘോഷം സംഘടിപ്പിച്ചത്.

പ്രഥമ വനിത വത്സ കൃഷ്ണ, പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ, കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റെൻ, ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ, വനിത ഫോറം ചെയർ രാധാമണി നായർ എന്നിവർ ചേർന്ന് ഭദ്രദീപം കൊളുത്തി ആദ്യത്തെ സെഷൻ ആരംഭിച്ചു. ശബരീനാഥ് നായർ പ്രാർത്ഥനാഗാനം ആലപിച്ചു.

ജോയിന്റ് സെക്രട്ടറി രത്നമ്മ നായർ സ്വാഗതം ആശംസിക്കുകയും ഓണാശംസകൾ നേരുകയും ചെയ്തു. പ്രസിഡന്റ് ക്രിസ് പിള്ള തോപ്പിൽ ഏവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേരുകയും അസോസിയേഷനിൽ ചേർന്ന പുതിയ അംഗങ്ങളെ പരിചയപ്പെടുത്തുകയും ചെയ്തു.

ഓണഘോഷത്തിൽ പങ്കെടുക്കാനെത്തിയ സഹോദര സംഘടനകളായ മഹിമ, എസ്.എൻ.എ., മറ്റു മലയാളി അസോസിയേഷനുകളുടെ ഭാരവാഹികൾക്ക് പ്രസിഡന്റ് പ്രത്യേകം നന്ദി പറഞ്ഞു.

വിശിഷ്ടാതിഥിയായി ഓൺലൈനിലൂടെ ഓണസന്ദേശം നൽകിയ ഡോ. ലതാ ചന്ദ്രൻ എൻ.ബി.എ.യുടെ മുൻ പ്രസിഡന്റുമാണ്. ചിത്രജാ ചന്ദ്രമോഹൻ വിശിഷ്ടാതിഥിയെ സദസ്സിനു പരിചയപ്പെടുത്തി.

മുഖ്യാതിഥിയായ കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റൈനെ കോശി ഒ. തോമസ് പരിചയപ്പെടുത്തി. കൗൺസിൽമാൻ എഡ് ബ്രോൺസ്റ്റെൻ, ഓണഘോഷത്തിൽ പങ്കെടുക്കുവാൻ സാധിച്ചതിലുള്ള സന്തോഷം രേഖപ്പെടുത്തുകയും എല്ലാവർക്കും ഓണത്തിന്റെ മംഗളങ്ങൾ നേരുകയും ചെയ്തു.

തുടർന്ന് ട്രസ്റ്റീ ബോർഡ് ചെയർപേഴ്സൺ വനജ നായർ വാമന ജയന്തിയും ഓണവുമായിട്ടെങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിച്ചു. യുവതലമുറയെ പ്രതിനിധാനം ചെയ്ത് രേവതി രാമാനുജൻ ഓണസന്ദേശം നൽകി.

അപ്പുക്കുട്ടൻ പിള്ള മഹാബലിയായി വേഷമിട്ടു. അസോസിയേഷനിലെ പെൺകുട്ടികൾ ഊർമ്മിള റാണി നായരുടെ നേതൃത്വത്തിൽ അവതരിപ്പിച്ച തിരുവാതിര കാണികളുടെ മനം കവർന്നു.

അംഗങ്ങൾ സ്വവസതിയിൽ വച്ച് പാചകം ചെയ്തു കൊണ്ടുവന്ന് തൂശനിലയിട്ടു വിളമ്പിയ വിഭവസമൃദ്ധമായ ഓണസദ്യ വളരെ ഹൃദ്യമായി. സദ്യ ഒരുക്കുന്നതിന് നേതൃത്വം നൽകിയ സുശീലാമ്മ പിള്ളയുടെ സേവനം അഭിനന്ദനീയമാണ്. സദ്യക്കുശേഷം കലാപരിപാടികൾ നിയന്ത്രിച്ചത് ഊർമ്മിള റാണി നായർ ആയിരുന്നു. രേവതി രാമാനുജനും വത്സ കൃഷ്ണയും എം.സി.യായിരുന്നു.

നൂപുര ആർട്സിലെ ലക്ഷ്മി നായരുടെ ശിക്ഷണത്തിൽ പഠിച്ചു വന്ന കുട്ടികളുടെ അര മണിക്കൂർ നീണ്ടുനിന്ന സംഘനൃത്തനാടകം, ലതിക ഉണ്ണിയുടെ ശിക്ഷണത്തിൽ വന്ന കുട്ടികളുടെ നൃത്തനൃത്യങ്ങളും ഒന്നിനൊന്നു മികച്ചുനിന്നു.

നൂപുരാ ഡാൻസ് സ്കൂളിലെ ഗുരു രവീന്ദ്രനാഥ് കുറുപ്പ് (പ്രശസ്ത കവി പരേതനായ ഒ.എൻ.വി. കുറുപ്പിന്റെ സഹോദര പുത്രനാണ്), നൃത്താധ്യാപികമാരായ ചന്ദ്രികാ കുറുപ്പ്, ലക്ഷ്മി കുറപ്പ് എന്നിവരെ വേദിയിൽ വച്ച് ആദരിച്ചു.

ശബരീനാഥ് നായർ, രവി നായർ, പ്രേം കൃഷ്ണ, ഹിമാ നായർ എന്നിവർ മനോഹരങ്ങളായ ഗാനങ്ങൾ ആലപിച്ചപ്പോൾ കുന്നപ്പള്ളിൽ രാജഗോപാൽ, രാധാമണി നായർ എന്നിവർ കവിതകൾ ആലപിച്ചു. രേവതി രാമാനുജനും ഭർത്താവ് മനു രാഘവനും ചേർന്ന് ആലപിച്ച ശാസ്ത്രീയ സംഗീതം ഏവരെയും ആകർഷിച്ചു.

കഥാകൃത്തും കേരള സാഹിത്യ അക്കാഡമി അവാർഡ് ജേതാവും മിമിക്രി കലാകാരനുമായ സുനീഷ് വാരനാട് തനിക്കു കിട്ടിയ സമയം തന്റെ സ്വതസിദ്ധമായ ശൈലിയിൽ നാടൻ പാട്ടു പാടിയും അനുകരണകലയിലൂടെയും സദസ്സിന്റെ മനം കവർന്നു. വൈസ് പ്രസിഡന്റ് ഡോ. ചന്ദ്രമോഹൻ ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി.

തുടർന്നു നടന്ന റാഫിൾ നറുക്കെടുപ്പിൽ ഡോ. ചന്ദ്രമോഹൻ സ്പോൺസർ ചെയ്ത ഒന്നാം സമ്മാനമായ 58' ടി.വി., ഗായകനായും ഫോട്ടോഗ്രാഫറായും തിളങ്ങിയ പ്രേം കൃഷ്ണനും, രണ്ടാം സമ്മാനമായ, കുന്നപ്പള്ളിൽ രാജഗോപാൽ സ്പോൺസർ ചെയ്ത സാംസങ് 11' നോട്ടുബുക്ക് ഉണ്ണിക്കൃഷ്ണ മേനോനും, മൂന്നാം സമ്മാനമായ, സെക്രട്ടറി രഘുവരൻ നായർ സ്പോൺസർ ചെയ്ത സിറ്റിസൺസ് വാച്ച് ന്യൂജേഴ്സിയിൽ നിന്നുള്ള പ്രവീൺ നായർക്കും ലഭിച്ചു.

പതിവുപോലെ വേദി കലാപരമായി അണിയിച്ചൊരുക്കിയത് സുധാകരൻ പിള്ളയും മനോഹരമായ പൂക്കളമിട്ടത് രകേഷ് നായരും കുടുംബാംഗങ്ങളും ചേർന്നാണ്. ദേശീയ ഗാനാലാപനത്തോടെ ഓണഘോഷത്തിന് തിരശ്ശീല വീണു.

◗ *ജയപ്രകാശ് നായർ*

# മാർച്ചിന് ശേഷമുള്ള ആദ്യ പലിശ നിരക്ക് കുറവ് പ്രഖ്യാപിച്ച് ബാങ്ക് ഓഫ് കാനഡ




ഒട്ടാവ: മാർച്ചിനു ശേഷമുള്ള ആദ്യ പലിശ നിരക്ക് കുറവ് പ്രഖ്യാപിച്ച് ബാങ്ക് ഓഫ് കാനഡ. പലിശ നിരക്ക് വെട്ടിക്കുറച്ചതിനെത്തുടർന്ന് കനേഡിയൻമാരുടെ വായ്പാ ചെലവ് കുറഞ്ഞു. ബുധനാഴ്ച സെൻട്രൽ ബാങ്ക് അതിന്റെ ബെഞ്ച്മാർക്ക് 2.75 ശതമാനത്തിൽ നിന്ന് 2.5 ശതമാനമായി 25 ബേസിസ് പോയിന്റ് കുറച്ചു.

സ്വകാര്യ ബാങ്കുകളെപ്പോലെ വാണിജ്യ വായ്പാ ദാതാക്കളും സെൻട്രൽ ബാങ്ക് നിശ്ചയിച്ച പ്രധാന പോളിസി നിരക്കിൽ നിന്നാണ് അവരുടെ നിരക്കുകൾ അടിസ്ഥാനമാക്കുന്നത്. ജിഡിപിയെക്കുറിച്ചുള്ള ഏറ്റവും പുതിയ റിപ്പോർട്ടുകളും കഴിഞ്ഞ മാസം ഏഴ് ശതമാനത്തിന് മുകളിൽ ഉയർന്ന തൊഴിലില്ലായ്മ നിരക്കും ഉൾപ്പെടെയുള്ള നിലവിലെ വ്യാപാര യുദ്ധത്തിനിടയിൽ ദുർബലമായ സമ്പദ്വ്യവസ്ഥ ഉണ്ടെന്ന് ബാങ്ക് ഓഫ് കാനഡ അഭിപ്രായപ്പെട്ടു. അതായത് പോളിസി നിരക്കിൽ കുറവ് വരുത്തുന്നത് ഉചിതമാണെന്ന് ബാങ്ക് ഓഫ് കാനഡ വ്യക്തമാക്കുന്നു.

അതേസമയം, പണപ്പെരുപ്പം താരതമ്യേന സ്ഥിരത പുലർത്തുന്നുണ്ടെന്നും, ഉപയോക്താക്കൾക്കും ബിസിനസുകൾക്കുമുള്ള വില വളർച്ചാ വാർഷികാടിസ്ഥാനത്തിൽ ഒന്ന് മുതൽ മൂന്ന് ശതമാനം വരെ എന്ന ലക്ഷ്യ പരിധിയിൽ വരുന്നുണ്ടെന്നും ബാങ്ക് പറയുന്നു. ദുർബലമായ സമ്പദ്വ്യവസ്ഥയും പണപ്പെരുപ്പത്തിന് സാധ്യത കുറവായതിനാലും, അപകട സാധ്യതകൾ മികച്ച രീതിയിൽ സന്തുലിതമാക്കുന്നതിന് നയ നിരക്കിൽ കുറവ് വരുത്തുന്നത് ഉചിതമാണെന്ന് ഗവേണിംഗ് കൗൺസിൽ വിലയിരുത്തിയതായി ബാങ്ക് ഓഫ് കാനഡ പ്രസ്താവനയിൽ പറഞ്ഞു.

ആഗോള പ്രക്ഷോഭത്തിന്റെ ഈ കാലഘട്ടത്തിൽ കനേഡിയൻമാർക്ക് വില സ്ഥിരതയിൽ ആത്മവിശ്വാസം തുടരുന്നുവെന്ന് ഉറപ്പാക്കുന്നതിലാണ് ബാങ്ക് ശ്രദ്ധ കേന്ദ്രീകരിക്കുന്നതെന്നും പ്രസ്താവനയിൽ വ്യക്തമാക്കി.

# ജോർജിയ ജയിലിൽ വനിതാ തടവുകാരിയുടെ അഴുകിയ മൃതദേഹം കണ്ടെത്തി



ജോർജിയയിലെ ജയിലിൽ വനിതാ തടവുകാരിയുടെ അഴുകിയ മൃതദേഹം കണ്ടെത്തിയതിനെ തുടർന്ന് അന്വേഷണം ആരംഭിച്ചു. 32 കാരിയായ ഷെക്വീറ്റ വോൺ ആണ് മരിച്ചത്. മലീ അരൻഡേൽ സ്റ്റേറ്റ് ജയിലിലെ സെല്ലിൽ നിന്ന് ദുർഗന്ധം വമിച്ചതിന് പിന്നാലെയാണ് ഉദ്യോഗസ്ഥർ ഈ വിവരം അറിയുന്നത്.

സെല്ലിനുള്ളിലെ താപനിലയും വായുസഞ്ചാരത്തിന്റെ കുറവുമായിരിക്കും മൃതദേഹം പെട്ടന്ന് അഴുകാൻ കാരണം. പ്രസവിച്ച് ആറ് മാസത്തിന് ശേഷമാണ് വോൺ ജയിലിലായത്. അവരുടെ മരണം തടയാമായിരുന്നെന്ന് അഭിഭാഷക സംഘടനയായ മദർഹുഡ് ബിയോണ്ട് ബാർസ് പറഞ്ഞു. 'ഇത് പ്രസവാനന്തരം ദുർബലമായ ഒരു കാലഘട്ടത്തിലായിരുന്നു. അവർക്ക് ചില മാനസികാരോഗ്യ രോഗനിർണ്ണയങ്ങൾ ഉണ്ടായിരുന്നുവെന്ന് ഞങ്ങൾക്കറിയാം. ഏകാന്ത തടവിൽ വയ്ക്കാൻ പാടില്ലാത്ത ഒരാളാണിത്, ആ ഏകാന്ത തടവിലെ സാഹചര്യങ്ങൾ വളരെ മനുഷ്യത്വരഹിതമായിരുന്നു,' ആർഡ് ദി ജേണലിനോട് പറഞ്ഞു.



# പെട്രോൾ പോലെ, സ്വർണം ആവിയാകില്ലെന്ന് ഹൈക്കോടതി, ശബരിമല സ്വർണപ്പാളി വിജിലൻസ് അന്വേഷണം

കൊച്ചി: ശബരിമലയിലെ ദ്വാരപാലക ശില്പങ്ങളുടെ സ്വർണപ്പാളികളും താങ്ങുപീഠങ്ങളും 2019ൽ നവീകരിച്ചു തിരിച്ചെത്തിച്ചപ്പോൾ സ്വർണവും ചെമ്പുമടക്കം നാലു കിലോയുടെ കുറവുണ്ടായതിൽ വിജിലൻസ് അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു. ഇളക്കിയ സമയത്ത് 42.800 കിലോയാണ് രേഖപ്പെടുത്തിയത്. തിരിച്ചെത്തിച്ച് ഘടിപ്പിച്ചപ്പോൾ 38.653 കിലോയായി കുറഞ്ഞു. തൂക്കക്കുറവ് മഹസറിൽ രേഖപ്പെടുത്താത്തത് അമ്പരപ്പിച്ചതായി ജസ്റ്റിസ് വി. രാജ വിജയരാഘവൻ, ജസ്റ്റിസ് കെ.വി. ജയകുമാർ എന്നിവരുൾപ്പെട്ട ദേവസ്വം ബെഞ്ച് പറഞ്ഞു.



ചെമ്പ് ആവരണങ്ങളിലും താങ്ങുപീഠങ്ങളിലും 1999ൽ തന്നെ സ്വർണാവരണം (ക്ലാഡിംഗ്) ഉണ്ടായിരുന്നെന്ന് കോടതി കണ്ടെത്തി. പെട്രോൾ പോലെ, സ്വർണം ആവിയാകുന്നതെങ്ങനെയെന്നും കോടതി ചോദിച്ചു. ദേവസ്വം ചീഫ് വിജിലൻസ് ആൻഡ് സെക്യൂരിറ്റി ഓഫീസർ (പൊലീസ് സൂപ്രണ്ട്) അന്വേഷിച്ച് മൂന്നാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കണം. സ്ട്രോംഗ് റൂമിൽ സൂക്ഷിച്ചിരിക്കുന്ന പഴയ ദ്വാരപാലക ശില്പങ്ങളുടെ നിജസ്ഥിതി 30നകം അറിയിക്കണം.

തിരുവിതാംകൂർ ദേവസ്വം ബോർഡ് സമർപ്പിച്ച രേഖകളും ആറന്മുളയിലെ തിരുവാഭരണം കമ്മിഷണർ ഓഫീസിൽ നിന്ന് വിജിലൻസ് പിടിച്ചെടുത്ത മഹസറുമടക്കം പരിശോധിച്ചാണ് ക്രമക്കേടുകൾ ചൂണ്ടിക്കാട്ടിയത്. ഈ രേഖകൾ വിജിലൻസിന് കൈമാറാനും രജിസ്ട്രിക്ക് നിർദ്ദേശം നൽകി. കേസിലെ കക്ഷിയായ ഉണ്ണികൃഷ്ണൻ പോറ്റി മുൻകൈയെടുത്താണ് 2019ൽ സ്വർണപ്പാളികൾ ചെന്നൈയിലെ സ്മാർട്ട് ക്രിയേഷൻസിലേക്ക് കൊണ്ടു പോയത്.

### ഇപ്പോഴത്തെ പണിയും സംശയനിഴലിൽ

സ്വർണപ്പാളികളുടെ ഇപ്പോഴത്തെ അറ്റകുറ്റപ്പണിയിലും ദുരൂഹതയേറി. ശബരിമല സ്പെഷൽ കമ്മിഷണറെ അറിയിക്കാതെയാണ് കൊണ്ടുപോയത്. സ്ട്രോംഗ് റൂമിലെ ശില്പങ്ങളിൽ നിന്ന് സ്വർണമെടുത്താൽ ചെലവു കുറയ്ക്കാമെന്ന സ്പോൺസറുടെ കത്തിൽ ദുരൂഹതയേറി. പണി തുടങ്ങിക്കഴിഞ്ഞതിനാൽ പൂർത്തിയാക്കാൻ കോടതി അനുവദിച്ചിട്ടുണ്ട്.

### സ്വർണം പൂശിയത് മറച്ചുവച്ചു

2019 ജൂലായ് 19നാണ് ഇളക്കിയത്. മഹസറിൽ തൂക്കം 25.400കിലോ. സ്വർണം പൂശിയത് മറച്ചുവച്ച് ചെമ്പുപാളികൾ എന്നെഴുതി. വിജിലൻസിന്റെ സാന്നിദ്ധ്യമുണ്ടായില്ല. അകമ്പടിയില്ലാതെ കൊണ്ടുപോയി. പിറ്റേന്ന് പീഠങ്ങൾ ഇളക്കി. തൂക്കം 17.400കിലോ.

സ്മാർട്ട് ക്രിയേഷൻസിൽ എത്തിച്ചത് ആഗസ്റ്റ് 29ന്. രേഖപ്പെടുത്തിയ തൂക്കം 38.258 കിലോയും ഏതാനും മില്ലിഗ്രാമും മാത്രം. സ്വർണം പൂശിയശേഷം 38.653 കിലോയായെന്ന് സ്ഥാപനത്തിന്റെ രേഖകളിൽ. വർദ്ധന 394 ഗ്രാം മാത്രം.

40 വർഷം വാറന്റിക്ക് ചതുരശ്രയടിക്ക് എട്ടു ഗ്രാം വീതം 800 ഗ്രാമിലധികം സ്വർണം പൂശേണ്ടതുണ്ട്. ഇതിന്റെ പകുതിയിൽ താഴെയാണ് ഉപയോഗിച്ചത്.

### അയ്യപ്പസംഗമം നടത്താം: സുപ്രീംകോടതി

ആഗോള അയ്യപ്പ സംഗമം നടത്താൻ സുപ്രീംകോടതിയും അനുമതി നൽകി. ഹൈക്കോടതിയുടെ ഉപാധികൾ പാലിക്കണം. മറിച്ച് എന്തെങ്കിലുമുണ്ടായാൽ ഉത്തരവാദിത്വം ദേവസ്വം ബോർഡിനാണ്. ഇടപെടാൻ ഹൈക്കോടതിക്ക് കഴിയും. പരാതിക്കാർക്ക് അവിടെ സമീപിക്കാമെന്ന് ജസ്റ്റിസുമാരായ പി.എസ്. നരസിംഹ, അതുൽ എസ്. ചന്ദുർകർ എന്നിവരടങ്ങിയ ബെഞ്ച് വ്യക്തമാക്കി. ഹൈക്കോടതി നിർദ്ദേശങ്ങൾ പാലിക്കുമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് ഉറപ്പു നൽകി. ഡോ. പി.എസ്. മഹേന്ദ്രകുമാർ, അജീഷ് കളത്തിൽ ഗോപി, വി.സി. അജികുമാർ എന്നിവരാണ് സംഗമം വിലക്കാൻ ഹർജി നൽകിയത്.

# 25 കോടിയുടെ ട്രേഡിംഗ് തട്ടിപ്പ്: കൊല്ലം സ്വദേശിനി അറസ്റ്റിൽ



കൊച്ചി: രാജ്യം കണ്ട ഏറ്റവും വലിയ ഓൺലൈൻ ട്രേഡിംഗ് തട്ടിപ്പുകളിൽ ഒന്നായ 'ക്യാപിറ്റലിക്സ്' കേസിൽ ആദ്യ അറസ്റ്റ് രേഖപ്പെടുത്തി പ്രത്യേക അന്വേഷണ സംഘം. കൊല്ലം സ്വദേശി ജി. സുജിതയാണ് അറസ്റ്റിലായത്. ചൊവ്വാഴ്ച പിടിയിലായ ഇവരെ കോടതി റിമാൻഡ് ചെയ്തു. വരുംദിവസങ്ങളിൽ കൂടുതൽ അറസ്റ്റുണ്ടാകും. തട്ടിയെടുത്ത പണത്തിൽ നിന്ന് മൂന്ന് ലക്ഷത്തോളം രൂപ സുജിതയുടെ പാലാരിവട്ടത്തെ ബാങ്ക് അക്കൗണ്ടിൽ എത്തിയെന്നും തുടർന്ന് വിദേശ അക്കൗണ്ടിലേക്ക് മാറ്റിയെന്നും കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് അറസ്റ്റ്. ഇതിന് സുജിത കമ്മിഷൻ പറ്റിയിരുന്നു.

കൊച്ചി സ്വദേശിയായ ഫാർമസ്യൂട്ടിക്കൽസ് കമ്പനി ഉടമയുടെ 25 കോടിയാണ് നഷ്ടമായത്. ഉയർന്ന ലാഭം വാഗ്ദാനം ചെയ്ത് കാലിഫോർണിയ ആസ്ഥാനമായ ക്യാപ്പിറ്റലിക്സ് ട്രേഡിംഗ് കമ്പനിയുടെ പേരിലായിരുന്നു തട്ടിപ്പ്. ഇയാളെ കുടുക്കിയ മലയാളിയായ ഡാനിയേലിനെ കേന്ദ്രീകരിച്ചുള്ള അന്വേഷണമാണ് സുജിതയിൽ എത്തിയത്. ഇവരെ കസ്റ്റഡിയിൽ വാങ്ങി വിശദമായി ചോദ്യം ചെയ്യും. മറ്റ് പ്രതികളെക്കുറിച്ച് പോലീസിന് വിവരം ലഭിച്ചിട്ടുണ്ട്. 2023 മാർച്ച് മുതൽ 2025 വരെ മൂന്ന് ബാങ്കുകളിലൂടെ 96 തവണ നടന്ന ഇടപാടുകളിലാണ് പരാതിക്കാരന് വൻതുക നഷ്ടമായത്. കൊച്ചി സിറ്റി പോലീസിലെ പ്രത്യേക സംഘമാണ് കേസന്വേഷിക്കുന്നത്.

### കേന്ദ്രം സൈപ്രസ്

തട്ടിയെടുത്ത പണം ഇന്ത്യയിൽത്തന്നെയുള്ള വിവിധ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമറിഞ്ഞതായി പൊലീസ് കണ്ടെത്തിയിരുന്നു. ആദ്യഘട്ടത്തിൽ ഒന്നരക്കോടി രൂപ ലാഭവിഹിതമായി പരാതിക്കാരന് തിരികെ കിട്ടി. ഇതിൽ വിശ്വസിച്ചാണ് 25 കോടി നിക്ഷേപിച്ചത്. തട്ടിപ്പിന്റെ ആസൂത്രണം യൂറോപ്യൻ രാജ്യമായ സൈപ്രസിലാണെന്നാണ് പൊലീസ് നിഗമനം.









# ശിവഗിരിയിലെ പോലീസ് നടപടി വേദനയുണ്ടാക്കി, മുഖ്യമന്ത്രിക്ക് മറുപടിയുമായി എ.കെ. ആന്റണി

തിരുവനന്തപുരം: 1995ൽ മുഖ്യ മന്ത്രിയായിരുന്ന കാലത്ത് ശിവഗിരിയിൽ പോലീസിനെ അയച്ച സംഭവം തനിക്ക് ഏറ്റവും ദുഃഖവും വേദനയുമുണ്ടാക്കിയെന്ന് മുതിർന്ന കോൺഗ്രസ് നേതാവ് എ.കെ.ആന്റണി. യു.ഡി.എഫ് കാലത്തെ പോലീസ് നടപടിയുമായി ബന്ധപ്പെട്ട് ചൊവ്വാഴ്ച നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ നടത്തിയ പരാമർശത്തിനാണ് ആന്റണി പത്രസമ്മേളനത്തിൽ മറുപടി പറഞ്ഞത്.

'ശിവഗിരിയിൽ സന്യാസിമാരുടെ തല അടിച്ചു പൊളിച്ചതും, മുത്തങ്ങയിൽ ആദിവാസികളെ കൊലപ്പെടുത്തിയതും ആരുടെ ഭരണ കാലത്താണെന്ന് ഓർക്കണം.' എന്നാണ് സഭയിൽ മുഖ്യമന്ത്രി പറഞ്ഞത്.

കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് സമയത്താണ് അവസാനമായി താൻ വാർത്താസമ്മേളനം നടത്തിയത്. ഇപ്പോൾ ഇതുപോലൊന്ന് നടത്തേണ്ടിവരുമെന്ന് കരുതിയില്ല. മുഖ്യമന്ത്രി യുടെ പരാമർശങ്ങൾ അത്രയ്ക്ക് വിഷമിപ്പിച്ചു. അതിനെതിരെ പറയാൻ നിയമസഭയിൽ ആരുമുണ്ടായില്ല. 21വർഷം മുൻപ് കേരള രാഷ്ട്രീയത്തിൽ നിന്ന് പിൻവാങ്ങിയതാണെന്നും ആന്റണി പറഞ്ഞു.

ശിവഗിരിയിലും മുത്തങ്ങയിലുമുണ്ടായത് തന്റെ കാലത്തെ പോലീസ് അതിക്രമങ്ങളാണെന്നാണ് മുഖ്യമന്ത്രി പറഞ്ഞത്. മുത്തങ്ങയിൽ ഒരു പോലീസുകാരനും ആദിവാസിയും മരിച്ചു. രണ്ടിലും സന്തോഷമുണ്ടായില്ല. പോലീസ് വീഴ്ത്തുന്ന ചോരയെ ന്യായീകരിക്കുന്ന സമീപനമല്ല. ശിവഗിരി സംഭവത്തെക്കുറിച്ച് ജസ്റ്റിസ് ബാലകൃഷ്ണൻ നമ്പ്യാരെ കമ്മിഷനാക്കി, പിന്നീട് വന്ന മുഖ്യമന്ത്രി ഇ.കെ.നായനാർ ജുഡീഷ്യൽ അന്വേഷണം നടത്തിയിരുന്നു. ആ റിപ്പോർട്ട് പുറത്തുവിടണമെന്ന് ആവശ്യപ്പെടുന്നു.



മുത്തങ്ങ സംഭവത്തിൽ കേന്ദ്രത്തിലെ വാജ്പേയ് സർക്കാർ സി.ബി.ഐ.അന്വേഷണം നടത്തിയിരുന്നു. രണ്ടു റിപ്പോർട്ടും സംസ്ഥാന സർക്കാരിന്റെ കൈവശമുണ്ട്. അത് പരസ്യപ്പെടുത്തണം. അതിൽ ആരെയാണ് കുറ്റപ്പെടുത്തുന്നതെന്ന് വെളിപ്പെടട്ടെ. സത്യം ജനങ്ങൾ അറിയട്ടെ.

## നടപടി ഹൈക്കോടതി വിധി പ്രകാരം

1995ൽ ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കാനായിരുന്നു ശിവഗിരിയിൽ പോലീസ് ആക്ഷൻ. മത്സരമുണ്ടാകുമ്പോൾ തോറ്റ വിഭാഗക്കാർ ജയിച്ച വിഭാഗക്കാർക്ക് അധികാരം കൈമാറുന്ന, ശിവഗിരിയിൽ കാലാകാലങ്ങളായി നടന്നു വന്ന രീതി 1995ൽ മാത്രം നടന്നില്ല.

തോറ്റ വിഭാഗക്കാർ പറഞ്ഞ ന്യായം സ്വാമി പ്രകാശാനന്ദയ്ക്കും കൂട്ടർക്കും ഭരണം കൈമാറിയാൽ മതാതീത ആത്മീതയുടെ കേന്ദ്രമായ ശിവഗിരി കാവിവത്കരിക്കപ്പെടുമെന്നതായിരുന്നു.

പ്രകാശാനന്ദയും കൂട്ടരും ആദ്യം കീഴ്ക്കോടതിയെ സമീപിച്ചു. കീഴ്ക്കോടതി ജയിച്ചവർക്ക് അനുകൂലമായി വിധിയെഴുതി. ഇത് സംഘർഷത്തിന് സാധ്യതയുണ്ടാക്കി. പ്രകാശാനന്ദയ്ക്കും കൂട്ടർക്കും അധികാരം കൈമാറിയേ പറ്റൂവെന്ന കർശന നിർദേശം തുടർന്ന് ഹൈക്കോടതി നൽകി. വിധി നടപ്പിലാക്കാൻ പോലീസിന് സംരക്ഷണവും ആവശ്യപ്പെട്ടു.

പല തവണ അപ്പീൽ പോയെങ്കിലും, എന്ത് വില കൊടുത്തും പോലീസിന്റെ അധികാരം ഉപയോഗിച്ച് അവിടെ ഇടപെടണമെന്ന് ആവശ്യപ്പെടുകയായിരുന്നു. അവിടെ പോലീസിനെ എതിർത്ത് ഒത്തുകൂടിയവർ ആരൊക്കെയാണെന്ന് പറയുന്നില്ല. ഇതൊന്നും സർക്കാർ പെട്ടെന്നു നടപ്പാക്കിയതല്ല. താൻ ഏറ്റവും കൂടുതൽ ആരാധിക്കുന്നത് ശ്രീനാരായണ ഗുരുദേവനെയാണ്. തന്റെ അഭ്യർഥന മാനിച്ചാണ് ചേർത്തല സ്കൂളിന്റെ പേര് ശ്രീനാരായണ ഹൈസ്കൂളെന്ന് അന്നത്തെ മന്ത്രി പി.ജെ. ജോസഫ് മാറ്റിയത്.

ആദിവാസികൾക്ക് ഏറ്റവും കൂടുതൽ ഭൂമി നൽകിയത് താനാണ്. എന്നിട്ടും ആദിവാസികളെ ചുട്ടുകരിച്ചെന്ന് പഴി കേട്ടു. മുത്തങ്ങ ദേശീയ വന്യജീവി സങ്കേതമാണ്. അവിടെ കുടിൽ കെട്ടിയപ്പോൾ എല്ലാ പാർട്ടികളും മാധ്യമങ്ങളും അവരെ ഇറക്കി വിടണമെന്നാവശ്യപ്പെട്ടു. പിന്നീട് നിലപാട് മാറി. 3 ദിവസം കേന്ദ്രം കത്ത് നൽകി. അവരുടെ താക്കീതിന് ശേഷമാണ് നടപടിയെടുത്തത് ആന്റണി പറഞ്ഞു.

## ഇത് അവസാനത്തെ വാർത്താ സമ്മേളനമല്ല: എ.കെ. ആന്റണി

ഇത് തന്റെ അവസാനത്തെ വാർത്താസമ്മേളനമല്ലെന്നും, ഇനിയും വരുമെന്നും എ.കെ.ആന്റണി. ഏറെക്കാലം കൂടി വാർത്താലേഖകരെ കാണാനെത്തിയ ആന്റണിയെ മാധ്യമ പ്രവർത്തകർ ചോദ്യങ്ങൾ കൊണ്ട് പൊതിഞ്ഞു. മാറാട് കലാപം മുതൽ അയ്യപ്പ സംഗമവും രാഹുൽ മാങ്കൂട്ടത്തിൽ വിവാദവും വരെ. ഒന്നിനും പിടി കൊടുക്കാതെ രാഷ്ട്രീയമെയ് വഴക്കത്തോടെ ഒഴിഞ്ഞുമാറിയ ആന്റണി, താൻ ജീവിച്ചിരുന്നാൽ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം വാർത്താലേഖകരെ കാണുമെന്നും എല്ലാം തുറന്ന് പറയുമെന്നും ഉറപ്പ് നൽകി. ഇപ്പോൾ രാഷ്ട്രീയത്തിൽ നിന്ന് വിരമിച്ചിട്ടുമില്ല, സജീവവുമല്ല. അങ്ങനെയുള്ള സ്ഥിതിയാണ്. തന്റെ ഇമേജിന് വേണ്ടിയല്ല വാർത്താ സമ്മേളനം നടത്തുന്നത്. മറ്റു വിവാദ വിഷയങ്ങളിലേയ്ക്ക് താനില്ല.

എല്ലാ പോലീസ് നടപടികളിലും ദുഃഖമുണ്ട്. ജീവിതത്തിൽ ശരിയും തെറ്റുകളുമുണ്ടായിട്ടുണ്ട്. കണക്കെടുക്കേണ്ട സമയമാണ്. ഒഴിവാക്കാൻ പരമാവധി ശ്രമിച്ചു.

താൻ ഗ്രൂപ്പ് രാഷ്ട്രീയം ഉപേക്ഷിച്ചിട്ട് കാൽ നൂറ്റാണ്ടായെന്ന് ചൂണ്ടിക്കാട്ടിയാണ് ആന്റണി വാർത്താ സമ്മേളനം അവസാനിപ്പിച്ചത്.









# ജി.എസ്.ടി പരിഷ്കരണം: കേരളത്തിന് 9000 കോടിയുടെ നഷ്ടം

തിരുവനന്തപുരം:കേന്ദ്രസർക്കാർപരിഷ്കരിച്ച ജി.എസ്.ടി നിരക്കുകൾ നിലവിൽ വന്നതോടെ, കേരളത്തിന് പ്രതിവർഷം 8000-9000 കോടിരൂപയുടെ റവന്യൂ നഷ്ടമുണ്ടാകുമെന്ന് കണക്കാക്കിയതായി ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയെ അറിയിച്ചു.

ചരക്കിനത്തിൽ മാത്രം 6300 കോടി രൂപയുടെ നഷ്ടമാണ് എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നത്. ഇതു കണക്കിലെടുത്ത് 16-ാം ധനകാര്യ കമ്മീഷനിൽ സംസ്ഥാന സർക്കാർ ഒരു സപ്ലിമെന്ററി മെമ്മോറാണ്ടം നൽകിയിട്ടുണ്ട്. ഇതോടൊപ്പം യു.എസിന്റെ താരിഫ് വർധന സംസ്ഥാനത്തെ കയറ്റുമതി അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങളെ ദോഷകരമായി ബാധിക്കുമെന്നും വിലയിരുത്തിയിട്ടുണ്ടെന്ന് മന്ത്രി പറഞ്ഞു.

വിലക്കയറ്റം പിടിച്ചുനിറുത്തുന്നതിന് സർക്കാർ സംവിധാനങ്ങളായ റേഷൻ കടകൾ, സപ്ലൈകോ, കൺസ്യൂമർ ഫെഡ്, പ്രത്യേക ഫെയറുകൾ എന്നിവ വഴി ഫലപ്രദമായ ഇടപെടൽ സർക്കാർ നടത്തിവരുന്നുവെന്ന് ധനമന്ത്രി കെ.എൻ. ബാലഗോപാൽ നിയമസഭയിൽ പറഞ്ഞു.

നടപ്പു സാമ്പത്തികവർഷം ഇതുവരെ വിപണി ഇടപെടലിനുവേണ്ടി 273.8 കോടി സപ്ലൈകോ വഴി മാത്രം ചെലവഴിച്ചു.

സെൻട്രൽ സ്റ്റാറ്റിസ്റ്റിക് ഓഫീസിന്റെ റിപ്പോർട്ട് പ്രകാരം രാജ്യത്ത് ഏറ്റവും കൂടുതൽ റീട്ടെയിൽ പണപ്പെരുപ്പമുള്ള സംസ്ഥാനം കേരളമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വർണവും വെള്ളിയും ഉൾപ്പെടുന്നവയുടെ ഉപഭോഗവും പണപ്പെരുപ്പം കണക്കാൻ ഉപയോഗിക്കുന്ന ഭക്ഷണ പാനീയങ്ങൾ അടക്കമുള്ളവയുടെ ഉപഭോഗവും വർദ്ധിച്ചതാണ് പണപ്പെരുപ്പമുയരാൻ പ്രധാനകാരണം.

കേരള ഫിനാൻഷ്യൽ കോർപ്പറേഷന്റെ നടപ്പുസാമ്പത്തിക വർഷത്തെ വായ്പാ ആസ്തി 10,000 കോടിയായി ഉയർത്തും. കഴിഞ്ഞ മാർച്ച് 31വരെ 8012 കോടിയായിരുന്നു. കാർഷിക മേഖലയിലെ സംരംഭകർക്ക് 6% പലിശ നിരക്കിൽ 10 കോടിവരെ വായ്പ, മുഖ്യമന്ത്രിയുടെ സംരംഭക വികസന പദ്ധതിയിൽ രണ്ടുകോടി വരെ 5% നിരക്കിൽ വായ്പ തുടങ്ങിയവ കെ.എഫ്.സിയുടെ ആകർഷക പദ്ധതികളാണ്.




## ബ്രിക്സ് ഉച്ചകോടിക്കുശേഷം ഹ്യൂസ്റ്റനിലെത്തുന്ന ചാണ്ടി ഉമ്മൻ എം.എൽ.എയ്ക്ക് സ്വീകരണം



ഇന്ത്യ ഗവൺമെന്റ് പ്രതിനിധിയായി ബ്രസീലിൽ നടക്കുന്ന ബ്രിക്സ് ഉച്ചകോടിയിൽ പങ്കെടുത്തതിനുശേഷം ഹ്യൂസ്റ്റനിലെത്തുന്ന പുതുപ്പള്ളി എം.എൽ.എയും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയുടെ പുത്രനുമായ ചാണ്ടി ഉമ്മന് ഹ്യൂസ്റ്റനിൽ വൻപിച്ച സ്വീകരണം നൽകുന്നു. ഉമ്മൻ ചാണ്ടിയുടെ സുഹൃത്തുക്കളാണ് സ്വീകരണം ഒരുക്കുന്നത്. സെപ്തംബർ 19 വെള്ളിയാഴ്ച വൈകുന്നേരം 7.30 നു സ്റ്റാഫോർഡിലുള്ള കൂപ്പർ വാൽവ് കമ്പനിയുടെ ഓഡിറ്റോറിയത്തിൽ (3397 Fifth St.) നടക്കുന്ന സമ്മേളനത്തിൽ ഹ്യൂസ്റ്റനിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും, പൊതുപ്രവർത്തകരും, മത സമുദായനേതാക്കളും പങ്കെടുക്കും എന്ന് സംഘാടകർ അറിയിച്ചു. ഉമ്മൻ ചാണ്ടിയുടെ സതീർത്ഥ്യനും മുൻകേരള യൂണിവേഴ്സിറ്റി എക്സിക്യൂട്ടീവ് കമ്മറ്റിയംഗവുമായ വി.വി. ബാബുക്കുട്ടി സി.പി.എ., എബ്രഹാം ഈപ്പൻ, ജോഷാ ജോർജ്ജ്, ജോസഫ് എബ്രഹാം, സന്തോഷ് ഐപ്പ്, അജി ഹുസൈൻ, വിനോദ് വാസുദേവൻ, ജോജി ജോസഫ് തുടങ്ങിയവരാണ് സ്വീകരണം ഒരുക്കുന്നത്.

*എബ്രഹാം ഈപ്പൻ*

## തർക്കത്തിനിടെ ഭാര്യയെ വെടിവച്ച് കൊലപ്പെടുത്തി; കാലിഫോർണിയ ജഡ്ജിക്ക് 35 വർഷം തടവ് ശിക്ഷ



കാലിഫോർണിയ: സാമ്പത്തിക കാര്യത്തെച്ചൊല്ലിയുള്ള തർക്കത്തിനിടെ ഭാര്യയെ വെടിവച്ച് കൊലപ്പെടുത്തിയ സതേൺ കാലിഫോർണിയ ജഡ്ജിക്ക് ബുധനാഴ്ച 35 വർഷം ജീവപര്യന്തം തടവ് ശിക്ഷ വിധിച്ചു. പച്ച നിറത്തിലുള്ള ജയിൽ ജമ്പ്സ്യൂട്ട് ധരിപ്പിച്ചാണ് ഓറഞ്ച് കൗണ്ടി സുപ്പീരിയർ കോടതി ജഡ്ജി ജെഫ്രി ഫെർഗൂസണെ കോടതിയിൽ ഹാജരാക്കിയത്. ഭാര്യ ഷെറിലിനെ കൊലപ്പെടുത്തിയതിന് രണ്ടാം ഡിഗ്രി കുറ്റമാണ് ചുമത്തിയിരിക്കുന്നത്.

കേസ് പരിഗണിച്ച ലോസ് ഏഞ്ചൽസ് സുപ്പീരിയർ കോടതി ജഡ്ജി എലീനർ ജെ. ഹണ്ടർ, ഫെർഗൂസണെതിരായ തെളിവുകൾ തികച്ചും ശക്തമാണെന്ന് പറഞ്ഞു. വെടിവയ്പ്പിന് തൊട്ടുപിന്നാലെ അദ്ദേഹം കോടതി ജീവനക്കാർക്ക് അയച്ച 'എനിക്ക് അത് നഷ്ടപ്പെട്ടു' എന്ന് പറയുന്ന ഒരു ടെക്സ്റ്റ് സന്ദേശവും കസ്റ്റഡിയിലിരിക്കുമ്പോൾ അദ്ദേഹം വ്യാപകമായി സംസാരിക്കുന്നതിന്റെ വീഡിയോ റെക്കോർഡിംഗുകളും ഇതിൽ ഉൾപ്പെടുന്നുണ്ട്.

ഫെർഗൂസന്റെ ക്രിമിനൽ റെക്കോർഡിന്റെ അഭാവവും ഷെറിൽ ഫെർഗൂസന്റെ കുടുംബാംഗങ്ങളുടെ പിന്തുണയും മറ്റ് ഘടകങ്ങൾക്കൊപ്പം, പരമാവധി ശിക്ഷയായ 40 വർഷം തടവിൽ നിന്ന് അഞ്ച് വർഷം ജീവപര്യന്തം കുറയ്ക്കുമെന്ന് ഹണ്ടർ പറഞ്ഞു. എന്നാൽ ആയുധം കൈവശം വയ്ക്കുമ്പോൾ മദ്യപിച്ച് നിയമങ്ങൾ തനിക്ക് ബാധകമല്ലെന്ന് ഫെർഗൂസൺ ആവർത്തിച്ച് തെളിയിച്ചിട്ടുണ്ടെന്നും ജഡ്ജി വ്യക്തമാക്കി. നിയമങ്ങൾ തനിക്ക് ബാധകമല്ലെന്ന് മിസ്റ്റർ ഫെർഗൂസൺ വിശ്വസിക്കുന്നുവെന്നും ഹണ്ടർ പറഞ്ഞു.

2023 ലെ വെടിവയ്പ്പ് ആകസ്മികമാണെന്ന് 74 കാരനായ ഫെർഗൂസൺ അവകാശപ്പെട്ടു. എന്നാൽ തെളിവുകൾ അത് രക്തരൂക്ഷിതമായ കൊലപാതകം ആണെന്ന് വ്യക്തമാക്കുന്നതാണെന്ന് ജില്ലാ അറ്റോർണി ടോഡ് സ്പിറ്റ്സർ പറഞ്ഞു.









# കേരളം കാത്തിരുന്ന നിയമ നിർമ്മാണ ദൗത്യം










ബാബു കദളിക്കാട്

അർത്ഥരഹിതമായി മാറുന്ന വിവാദങ്ങളുടെയും ലക്ഷ്യമെന്തെന്നറിയാത്ത ബഹളങ്ങളുടെയും വേദിയായി മാറുന്ന സാധാരണ പതിവിൽ നിന്ന് കേരള നിയമസഭയുടെ ഇത്തവണത്തെ സമ്മേളനത്തിനു മോചനം പ്രതീക്ഷിക്കുക തൽക്കാലം അസാധ്യം. അതേസമയം, ജനപക്ഷ കാഴ്ചപ്പാടോടെയുള്ള ഏതാനും നിയമനിർമ്മാണങ്ങളും ഭേദഗതികളും സാധ്യമാക്കാനുള്ള സർക്കാരിന്റെ തീരുമാനം ശ്രദ്ധ പിടിച്ചുപറ്റുന്നുണ്ട്. വിവിധ ജനവിഭാഗങ്ങളുടെ താല്പര്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും പരിഗണിച്ചുള്ള നീക്കം തദ്ദേശ തെരഞ്ഞെടുപ്പും നിയമസഭാ തെരഞ്ഞെടുപ്പും മുന്നിൽ കണ്ടുള്ള തന്ത്രമെന്ന ആക്ഷേപം ഉയരുന്നതു സ്വാഭാവികം.

ജനങ്ങൾ വഹിക്കുന്നത് രാജസ്ഥാനമാണെന്ന് ബോധ്യമുള്ള ഭരണാധികാരികൾ അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ക്ഷേമത്തിനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നവരായിരിക്കും. എതുവിധത്തിലുമുണ്ടാകുന്ന കടമ്പകൾ തരണം ചെയ്യുന്നതിനും പുതിയ കാലത്തുയർന്നുവരുന്ന വെല്ലുവിളികൾ നേരിടുന്നതിനുമുള്ള നടപടികളും അവരിൽ നിന്നുണ്ടാകും.

അത് മുൻകാല നിയമങ്ങളിൽ ഭേദഗതി വരുത്തിയോ പുതിയ നിയമനിർമ്മാണങ്ങളിലൂടെയോ നടത്തുന്നതിനുള്ള ഇച്ഛാശക്തി കാട്ടുകയും ചെയ്യും. അത്തരത്തിലുള്ള രചനാത്മകമായ ശൈലിയിൽ നിന്ന് കേരള നിയമസഭ ഏറെക്കാലമായി ക്രമേണ പിന്നോക്കം പോയെന്ന വിമർശം നിലനിൽക്കവേയാണ് കാലം കാത്തിരുന്ന ഒരു കൂട്ടം ബില്ലുകൾക്കും നിയമ ഭേദഗതികൾക്കും പ്രത്യേക മന്ത്രിസഭാ യോഗം അംഗീകാരം നൽകിയിരിക്കുന്നത്.

പുതിയ ബില്ലുകളുടെയും ഭേദഗതികളുടെയും പ്രത്യേകത അവയെല്ലാം പുതിയ കാലത്തുയർന്നുവന്ന പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നവയും പരിഹാരം തേടുന്നവയുമാണ് എന്നുള്ളതാണ്. വന്യജീവി സംരക്ഷണം (കേരള ഭേദഗതി), 2025ലെ കേരള സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി ക്രമവൽക്കരണം, കേരള ഏക കിടപ്പാടം സംരക്ഷണം, സ്വകാര്യ ഭൂമിയിലെ ചന്ദനമരം മുറിച്ച് വിൽക്കൽ എന്നീ ബില്ലുകളാണ് ഇതിൽ എടുത്തുപറയേണ്ടത്. നടപ്പു നിയമസഭാ സമ്മേളനത്തിൽ അവ പാസാക്കുമെന്ന് ബന്ധപ്പെട്ട മന്ത്രിമാർ അറിയിച്ചിട്ടുണ്ട്.

നിയമതടസം കാരണം പന്നിയെ കൊല്ലാൻ കഴിയില്ല, ഇനി ആരെങ്കിലും സഹികെട്ട് അതിനു തുനിഞ്ഞാൽ അവർക്കെതിരെ വനം വകുപ്പ് ചന്ദ്രഹാസവുമായി വരും. കേന്ദ്രവും സംസ്ഥാനവും തമ്മിൽ പഴിചാരിക്കൊണ്ടിരുന്നാൽ ഒരു പ്രശ്നവും പരിഹരിക്കപ്പെടില്ലെന്നു സംസ്ഥാന സർക്കാർ മനസിലാക്കിയതിന്റെ ഫലമാകാം വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ. ജനവാസ മേഖലയിലിറങ്ങി ജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും മറ്റും ഭീഷണിയാവുന്ന വന്യമൃഗങ്ങളെ കൊല്ലാൻ ഉത്തരവിടാനുള്ള അധികാരം ചീഫ് വൈൽഡ് ലൈഫ് വാർഡനു നൽകാനുള്ള കരട് ബില്ലിനാണ് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുള്ളത്.

നിയമസഭ പാസാക്കുന്നതിനു പുറമേ രാഷ്ട്രപതിയുടെ അംഗീകാരം കൂടി ലഭിച്ചാൽ ബിൽ നിയമമാകുന്നതോടെ മലയോരവാസികൾ നേരിടുന്ന അതിഗുരുതര പ്രശ്നത്തിനാണ് പരിഹാരം തുറന്നുകിട്ടുന്നത്.

### ആദ്യം കേരളം

പട്ടിക രണ്ട് വിഭാഗത്തിലെ ഏതു വന്യമൃഗത്തെയും ക്ഷുദ്രജീവിയായി പ്രഖ്യാപിക്കുവാനുള്ള അധികാരം കൂടി സംസ്ഥാന സർക്കാർ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതു മലയോര പ്രദേശങ്ങളിലെ കാട്ടുപന്നി ശല്യം തടയുന്നതിന് ഫലപ്രദമാകുന്ന നടപടിയായി ഭാവിയിൽ മാറുമെന്നാണ് നാട്ടുകാരുടെ പ്രതീക്ഷ. ഇതാദ്യമായാണ് ഒരു സംസ്ഥാന സർക്കാർ ഇത്തരമൊരു ബില്ലിന് രൂപം നൽകുന്നത്.

അതുകൊണ്ടു തന്നെ ബിൽ നിയമസഭ പാസാക്കിയാൽ കാലതാമസം വരുത്താതെ രാഷ്ട്രപതി അംഗീകാരം നൽകുമെന്ന് സംസ്ഥാനം പ്രതീക്ഷിക്കുന്നു. കാർഷികവൃത്തിയുമായി ബന്ധപ്പെട്ടുണ്ടായിരുന്ന കാളപൂട്ട്, കന്നുപൂട്ട്, മരമടി, ഉഴവ് മത്സരങ്ങൾ തുടർന്നും നടത്തുന്നതിനുള്ള നിയമ ഭേദഗതിയുടെ കരട് ബില്ലും അംഗീകരിച്ചവയിലുണ്ട്.

കാട്ടുപന്നികളുടെയും തെരുവുനായ്ക്കളുടെയും ശല്യം കേരളം അഭിമുഖീകരിക്കുന്ന ഗുരുതരമായ പ്രശ്നങ്ങൾ തന്നെയാണ്. കാർഷിക വിളകൾ മാത്രമല്ല, കാട്ടുപന്നികൾ കാരണം നഷ്ടമായത്. വാഹനങ്ങൾക്കു മുന്നിൽ ചാടിയുള്ള അപകടത്തിൽ നിരവധി ഇരുചക്ര വാഹനയാത്രക്കാർക്ക് ജീവൻ നഷ്ടപ്പെടുകയും ചിലർക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തു. പത്തനംതിട്ട ജില്ലയിൽ മാത്രം ആറു വർഷത്തിനിടെ അഞ്ചുപേരാണ് പന്നി കുറുകെ ചാടിയുണ്ടായ അപകടങ്ങളിൽ കൊല്ലപ്പെട്ടത്. നൂറിലേറെപ്പേർക്ക് പരിക്കേൽക്കുകയും ചെയ്തു.

വൈകിയാണെങ്കിലും വന്യമൃഗശല്യത്തിന് അറുതി വരുത്താനുള്ള സർക്കാർ നീക്കം അഭിനന്ദനീയം തന്നെ. കേന്ദ്രവും സംസ്ഥാനവും തമ്മിൽ രാഷ്ട്രീയ വിവാദങ്ങൾ സൃഷ്ടിക്കാൻ നിൽക്കാതെ നേരത്തേ തന്നെ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കേണ്ടതായിരുന്നു. കാട്ടുപന്നിശല്യം നേരിടാൻ നിയമാനുസൃതമായ നടപടിക്ക് രൂപം നൽകണമെന്ന് ഹൈക്കോടതിയും ആവശ്യപ്പെട്ടിരുന്നതാണ്.

അതേസമയം പുതിയ നിയമം ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത നിലനിൽക്കുന്നുണ്ടെന്ന നിരീക്ഷണം തള്ളിക്കളയാനാകില്ല. സാമൂഹ്യവിരുദ്ധർ ഇതൊരു അവസരമാക്കി മാറ്റി വന്യമൃഗങ്ങളെ വേട്ടയാടാനുള്ള സാദ്ധ്യത പൂർണമായും ആക്ഷേപമല്ല. ബന്ധപ്പെട്ട വനം വകുപ്പ് അധികൃതരും പൊലീസുമൊക്കെ ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയും കരുതലും കാണിക്കുകയെന്നതാണ് അതു തടയാനുള്ള വഴി.

### ക്രമവൽക്കരണം

റീസർവേ പ്രവർത്തനങ്ങളുടെ മെല്ലെപ്പോക്കും കാലപ്പഴക്കവും മൂലമുണ്ടായ പരിമിതികളെ തുടർന്ന് സംസ്ഥാനത്തെ ലക്ഷക്കണക്കിന് ഭൂമി കൈവശക്കാർ അനുഭവിക്കുന്ന പ്രശ്ന പരിഹാരത്തിനുള്ളതാണ് സ്വകാര്യ കൈവശത്തിലുള്ള അധിക ഭൂമി ക്രമവൽക്കരണ ബിൽ. മതിയായ അളവ് നിർണയ രീതികളോ മാനദണ്ഡങ്ങളോ ഇല്ലാതിരുന്ന കാലത്ത് പാരമ്പര്യമായി കൈമാറിയോ വിലയ്ക്ക് വാങ്ങിയോ കിട്ടിയ ഭൂമിയാണ് പലരുടെയും കൈവശത്തിലുള്ളത്. കൃത്യമായ അളവ് രേഖപ്പെടുത്തി റീസർവേ ആരംഭിച്ചതോടെ രേഖപ്രകാരവും കൈവശത്തിലുള്ളതുമായ ഭൂമിയുടെ അളവിൽ വ്യത്യാസം കണ്ടെത്തി. പക്ഷേ, കൂടുതലുള്ള ഭൂമിക്ക് കരം അടയ്ക്കാൻ കഴിയാത്ത സ്ഥിതിയുണ്ടായി. അനന്തരാവകാശികൾക്കുൾപ്പെടെ കൈമാറാനും തടസം വന്നു. ഭൂമി കൈവശക്കാർ അനുഭവിക്കുന്ന ഈ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാകും പുതിയ ബിൽ.

കടക്കെണിയിൽപ്പെട്ട് ആത്മഹത്യാ മുനമ്പിലെത്തുകയോ ജപ്തി നടപടികൾ നേരിടുകയോ ചെയ്യുന്നവരുടെ ദുരിത കഥകൾ ധാരാളം. അവരുടെ സ്വന്തമായുള്ള ഏക ഭവനവും ജപ്തി ചെയ്യപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുള്ളതാണ് കേരള ഏക കിടപ്പാടം സംരക്ഷണ ബിൽ. മനഃപൂർവം വീഴ്ച വരുത്താത്തവരെങ്കിലും തങ്ങളുടേതല്ലാത്ത കാരണത്താൽ തിരിച്ചടവ് മുടങ്ങിയെന്ന് കണ്ടെത്തുന്ന പാവപ്പെട്ടവരുടെ ഏക പാർപ്പിടം നഷ്ടപ്പെടുന്നത് ബിൽ നിയമമാകുന്നതോടെ ഇല്ലാതാകും. കടക്കെണിയിൽപ്പെട്ടുഴലുന്ന ലക്ഷക്കണക്കിനാളുകൾക്ക് ആശ്വാസമേകുമിത്.

സ്വന്തം ആവശ്യത്തിന് വീട് വയ്ക്കുന്നതിനുള്ള സ്ഥലത്തെ ചന്ദനമരം മുറിക്കാൻ അനുമതിയേകുന്നതിനുള്ള പുതിയ നിയമ ഭേദഗതിയാണ് മറ്റൊന്ന്. നിലവിലുള്ള നിയമപ്രകാരം സ്വകാര്യഭൂമിയിലെ ഉണങ്ങിയതും അപകടകരമായതുമായ ചന്ദനമരം മുറിക്കുന്നതിനു മാത്രമാണ് അനുമതിയുള്ളത്. ചന്ദനമരം വനംവകുപ്പ് മുഖേന മുറിച്ച് വിൽക്കുന്നതിനുള്ള അനുമതി നൽകുന്നതിനാണ് കരട് ബിൽ നിയമമാകുന്നതോടെ സാധ്യമാകുക. വനവുമായി ബന്ധപ്പെട്ട കുറ്റങ്ങൾ പിഴയ്ക്ക് തുല്യമായ തുകയടച്ച് കോടതി അനുമതിയോടെ ഒത്തുതീർക്കുന്നതിനും ബില്ലിൽ വ്യവസ്ഥകളുണ്ട്.

### 'വൻതാര' മാതൃക

മൃഗങ്ങളുടെ ആവാസകേന്ദ്രം കാടുകളാണ്. അവിടെ കടന്നുകയറി നായാട്ടിന്റെ ഭാഗമായി അവയെ കൊല്ലുന്നത് പുരാതന വിനോദങ്ങളിൽ ഒന്നായിരുന്നു. വെടിമരുന്നിന്റെ കണ്ടുപിടിത്തത്തോടെയാണ് മനുഷ്യൻ വ്യാപകമായി വന്യമൃഗങ്ങളെ വകവരുത്തിത്തുടങ്ങിയത്. ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് അവരുടെ പ്രധാന വിനോദങ്ങളിലൊന്ന് വന്യമൃഗങ്ങളെ വെടിവച്ച് പിടികൂടുക എന്നതായിരുന്നു. പിന്നീട് വന്യമൃഗങ്ങളെ കൊല്ലുന്നത് നിരോധിച്ചുകൊണ്ടുള്ള നിയമങ്ങൾ വന്നതിനു ശേഷവും ആനക്കൊമ്പിനും മറ്റുമായി ആനകളെ വെടിവച്ചുകൊല്ലുന്ന അനധികൃത വേട്ടക്കാരും ഇന്ത്യയിൽ കുറവല്ലായിരുന്നു. ഇതിനൊപ്പമാണ് കാടുകൾ വെട്ടിപ്പിടിച്ച് ജനങ്ങൾ ആവാസകേന്ദ്രങ്ങളാക്കിത്തുടങ്ങിയത്.

ലോകത്താകമാനം കാടുകളുടെ വിസ്തൃതി കുറഞ്ഞുവരുന്നതല്ലാതെ കൂടുന്നില്ല. ഇതെല്ലാം വന്യമൃഗങ്ങളുടെ സുരക്ഷിത ജീവിതത്തെ വളരെ പ്രതികൂലമായി ബാധിച്ചിട്ടുള്ള ഘടകങ്ങളാണ്. ഇതിനിടയിൽ വന്യമൃഗങ്ങളെ സംരക്ഷിക്കാൻ സർക്കാരിന്റെ നേതൃത്വത്തിൽ പല പദ്ധതികളും നാഷണൽ പാർക്കുകളുടെയും മറ്റും പാലനത്തിനായി നടത്തിവരുന്നുണ്ടെങ്കിലും സ്വകാര്യ കമ്പനികളും വ്യക്തികളും ഈ മേഖലയിലേക്ക് അധികം കടന്നുവന്നിട്ടില്ലായിരുന്നു. ഇതിന് ഒരു അപവാദമായാണ് റിലയൻസ് ഇൻഡസ്ട്രീസ് ഗുജറാത്തിൽ രാജ്യത്തെ പ്രമുഖ വന്യജീവി പുനരധിവാസ കേന്ദ്രമായ 'വൻതാര' തുടങ്ങിയത്. 20,000 സ്പീഷിസുകളുടെയും വംശനാശ ഭീഷണി നേരിടുന്ന 1.5 ലക്ഷത്തിലധികം മൃഗങ്ങളുടെയും വൻ ആവാസ കേന്ദ്രമാണിത്.

ജനങ്ങൾക്ക് സന്ദർശനം അനുവദിക്കുന്ന മൃഗശാലയുടെ രീതിയിലല്ല ഗുജറാത്തിലെ ഗ്രീൻബെൽറ്റ് എന്നറിയപ്പെടുന്ന ജാംനഗറിൽ 'വൻതാര' സ്ഥിതിചെയ്യുന്നത്. ഇന്ത്യ സന്ദർശിക്കാനെത്തുന്ന ലോകത്തിലെ രാഷ്ട്രീയ, സാമ്പത്തിക മേഖലയിലെ പ്രമുഖരിൽ പലരും ഈ കേന്ദ്രത്തിലെത്തി വളരെ നല്ല അഭിപ്രായങ്ങൾ രേഖപ്പെടുത്തിവരുന്നുണ്ട്. പ്രധാനമന്ത്രിയാണ് 'വൻതാര' ഈ വർഷമാദ്യം ഉദ്ഘാടനം ചെയ്തത്. മൂവായിരം ഏക്കർ വിസ്തൃതിയുള്ള 'വൻതാര' നടത്തിക്കൊണ്ടു പോകാൻ കോടികളുടെ ചെലവ് വേണ്ടിവരും. റിലയൻസ് ചെയർമാൻ മുകേഷ് അംബാനിയുടെ മകൻ അനന്ത് അംബാനിയാണ് മുഖ്യ നടത്തിപ്പുകാരൻ.

സ്വകാര്യ കമ്പനി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത് വികസിത രാജ്യങ്ങളിൽ അംഗീകരിക്കപ്പെട്ടതാണെങ്കിലും ഇന്ത്യയിൽ സംശയദൃഷ്ടിയോടെയാണ് 'വൻതാര'യെ പലരും വീക്ഷിച്ചത്. വെള്ളം ദുരുപയോഗം, കാർബൺ ക്രെഡിറ്റ് ലംഘനം, കള്ളപ്പണം വെളുപ്പിക്കൽ തുടങ്ങിയ ആരോപണങ്ങളുമായി രണ്ട് സംഘടനകൾ ഈ കേന്ദ്രത്തിനെതിരെ സുപ്രീം കോടതിയിൽ കേസ് നൽകിയിരുന്നു. സുപ്രീം കോടതി നിയമിച്ച പ്രത്യേക അന്വേഷണസംഘം, 'വൻതാര' നടത്തിപ്പിൽ നിഗൂഢതയൊന്നുമില്ലെന്നും സാമ്പത്തിക ആരോപണങ്ങളെല്ലാം ഊഹാപോഹങ്ങളുടെ അടിസ്ഥാനത്തിലുള്ളവയാണെന്നും കണ്ടെത്തി ക്ലീൻ ചിറ്റ് നൽകി. സർക്കാരിന്റെയോ സ്വകാര്യ കമ്പനികളുടെയോ നേതൃത്വത്തിൽ 'വൻതാര' പോലുള്ള സംരംഭത്തിനുള്ള പ്രസക്തിയെപ്പറ്റി കേരളവും ചിന്തിക്കേണ്ട സമയമായിരിക്കുന്നു.

# നായർ അസോസിയേഷൻ ഓഫ് ഗ്രേറ്റർ ചിക്കാഗോ ഓണാഘോഷം ദൃശ്യങ്ങളിലൂടെ...































# ചിക്കാഗോ മലയാളി അസോസിയേഷൻ ഓണാഘോഷം ദൃശ്യങ്ങളിലൂടെ...























# ഉമ്മൻചാണ്ടി എന്ന പേര് തന്നെ ലാളിത്യത്തിന്റെ പ്രതീകമായി മാറിയിരുന്നു..!





ജോഷി ജോർജ്

ജനക്കൂട്ടമെന്നാൽ ഉമ്മൻചാണ്ടിക്ക് ഒരു വികാരമായിരുന്നു. കേവലം സഞ്ചാരമല്ല, ഓരോരുത്തരുടെയും പ്രശ്നങ്ങൾ തൊട്ടറിഞ്ഞുള്ള യാത്ര. അതിന്റെ മൂർത്തവും ഉദാത്തവുമായ രൂപമായിരുന്നു അദ്ദേഹത്തിന്റെ ഭരണകാലത്ത് നടത്തിയ ഓരോ ജനസമ്പർക്ക പരിപാടികളും. 19 മണിക്കൂർ വരെ ഒറ്റനിൽപ്പ്, ജനസമ്പർക്കമെന്ന വിസ്മയം; നോക്കി നിന്നുപോയ സഹപ്രവർത്തകർ. തന്നെത്തേടിയെത്തുന്ന ഓരോരുത്തർക്കും സാന്ത്വനം നൽകിയ ശേഷം മാത്രം തിരിച്ചുപോവുന്ന ഉമ്മൻചാണ്ടി സഹപ്രവർത്തകർക്ക് അത്ഭുതമായിരുന്നു.



കാരണം ഉമ്മൻചാണ്ടിക്ക് മുന്നിൽ തളർച്ചയെന്നതിന് ഒരു ഗ്ലാസ് വെള്ളത്തിന്റെ അരിക് വരെ മാത്രമായിരുന്നു സ്ഥാനം. അങ്ങനെ നടത്തിയ ആ യാത്ര ആഗോള ശ്രദ്ധ പിടിച്ചുപറ്റിയിരുന്നു. അതിന് ഉത്തമ തെളിവാണ് ഐക്യരാഷ്ട്രസഭയുടെ അഗീകാരം. ഉമ്മൻചാണ്ടിയുടെ ബഹുജന സമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ പൊതുജനസേവന അവാർഡ് ആണ് ലഭിച്ചത്.

ജനങ്ങളുടെ പരാതികൾ നേരിട്ട് പരിഹരിക്കുന്നതിനായി അദ്ദേഹം നേരിട്ട് ഇടപഴകിയതാണ് ഈ പുരസ്കാരം. ഏഷ്യാ പസഫിക് മേഖലയിൽ നിന്നുള്ള ഒന്നാം സമ്മാനമായിരുന്നു അത്. ലോകമെമ്പാടുമുള്ള അഞ്ച് സോണുകളിൽ നിന്ന് എല്ലാ വർഷവും അവാർഡ് ജേതാക്കളെ തിരഞ്ഞെടുക്കുന്ന പതിവുണ്ട്.

നീതിയുടെ കാവലാൾ തങ്ങളെ സംരക്ഷിക്കും എന്ന പ്രതീക്ഷയിൽ ഉമ്മൻചാണ്ടി എന്ന അന്നത്തെ മുഖ്യമന്ത്രിയിൽ നിന്നും നീതി പ്രതീക്ഷിച്ചു ജനസമ്പർക്ക പരിപാടിയിൽ തടിച്ചുകൂടിയ പതിനായിരങ്ങൾ. മൈതാനങ്ങൾ നിറഞ്ഞു കവിഞ്ഞൊഴുകിയ ജനക്കൂട്ടം. 'താമസമുണ്ടാകുമെങ്കിൽ ക്ഷമിക്കണം, എല്ലാവരെയും കാണും' ഏവർക്കും പ്രതീക്ഷയുടെ പൊൻകിരണം വീശുന്നതായിരുന്നു സ്റ്റേജിൽ നിന്നും മൈക്കിലൂടെ പ്രവഹിച്ച അദ്ദേഹത്തിന്റെ വാക്കുകൾ. അപ്പോഴും നേരം പുലർന്നു തുടങ്ങുന്നതേയുണ്ടായിരുന്നുള്ളൂ. അന്ന് അദ്ദേഹത്തിന് പ്രായം എഴുപത്.

പക്ഷെ അത് വെറുമൊരു അക്കം മാത്രമാണ് എന്ന് തെളിയിക്കുന്നതായിരുന്നു ജനങ്ങൾക്ക് കരുത്തും കരുതലുമായി അദ്ദേഹം നിലകൊണ്ട ജനസമ്പർക്ക പരിപാടി. രാജ്യത്താദ്യമായി 1969ൽ കേരളത്തിന്റെ അയൽ സംസ്ഥാനമായ തമിഴ്നാട്ടിലാണ് ജനസമ്പർക്ക പരിപാടിയുടെ തുടക്കം. ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ ജനങ്ങളുടെ പ്രയാസങ്ങൾക്ക് അറുതി വരുത്തുകയായിരുന്നു ലക്ഷ്യം.

ഘടികാരങ്ങൾ നിലച്ച വേള എന്ന് വിളിച്ചാൽ അതിൽ കഴമ്പില്ലാതെയില്ല.

> ❝ ലോകത്തിന്റെ നെറുകയിൽനിന്ന് ബഹുജന സമ്പർക്ക പരിപാടിക്ക് ഐക്യരാഷ്ട്രസഭയുടെ പൊതുജന സേവന അവാർഡുമായി തിരിച്ചെത്തിയ ഉമ്മൻചാണ്ടിയെ കല്ലെറിഞ്ഞും കരിങ്കൊടി വീശിയുമാണ് കേരളത്തിലെ ഇടതുപക്ഷം എതിരേറ്റത്. കണ്ണൂരിൽവച്ച് അദ്ദേഹത്തെ അവർ കല്ലെറിഞ്ഞു. അവരോട് അദ്ദേഹം ക്ഷമിച്ചു എന്നത് വേറേകാര്യം.

തന്റെ പ്രിയപ്പെട്ട ജനങ്ങളെ കാണാനും അവരുടെ ആകുലതകൾ കേൾക്കാനും പകലെന്നോ പാതിരാവെന്നോ സമയം ക്ലിപ്തപ്പെടുത്തിയിരുന്നില്ല പ്രിയ ഒ.സി. ചിലപ്പോൾ രാവും കടന്ന് തൊട്ടടുത്ത ദിവസവും അദ്ദേഹം അവിടെത്തന്നെയുണ്ടാവും.

സ്വന്തം ആരോഗ്യം പോലും അവഗണിച്ചു കൊണ്ടുള്ള അദ്ദേഹത്തിന്റെ നിശ്ചയദാർഢ്യത്തിനു മുന്നിൽ പാർട്ടി, രാഷ്ട്രീയ ഭേദമന്യേ പൊതുജനം കയ്യടിച്ചു. മാധ്യമറിപ്പോർട്ടുകൾ നിറഞ്ഞു. കടുപ്പമേറിയ സെഷനുകളിൽ ഓട്സും മോരും മാത്രമായിരുന്നു അദ്ദേഹത്തിന് ഭക്ഷണം. മൂന്നു തവണ ജനസമ്പർ പരിപാടി നടത്തി ഉമ്മൻചാണ്ടി പാവപ്പെട്ട 12 ലക്ഷത്തോളം പേർക്ക് 243 കോടി രൂപയുടെ സഹായം വിതരണം ചെയ്തു.

ലോകത്താർക്കും നടപ്പാക്കാൻ കഴിയാത്ത ജനസമ്പർക്ക പരിപാടിക്കാണ് ഐക്യരാഷ്ട്രസംഘടനയുടെ പൊതുജന സേവനത്തിനുള്ള അവാർഡ് ലഭിച്ചത്. അവാർഡ് റദ്ദാക്കാൻ ഇടതുപക്ഷം യുഎൻ ആസ്ഥാനത്തേക്ക് ഒട്ടേറെപ്പേരെക്കൊണ്ട് ഇ-മെയിൽ അയപ്പിക്കുക വരെ ഉണ്ടായി.

ലോകത്തിന്റെ നെറുകയിൽനിന്ന് അവാർഡുമായി തിരിച്ചെത്തിയ ഉമ്മൻചാണ്ടിയെ കല്ലെറിഞ്ഞും കരിങ്കൊടി വീശിയുമാണ് ഇടതുപക്ഷം എതിരേറ്റത്. കണ്ണൂരിൽവച്ച് അദ്ദേഹത്തെ അവർ കല്ലെറിഞ്ഞു. അവരോട് അദ്ദേഹം ക്ഷമിച്ചത് മറ്റൊരു കഥ. ആ സംഭവം ഇങ്ങനെയായിരുന്നു.

2013 ഒക്ടോബർ 27 ന് കണ്ണൂരിൽ നടന്ന സംസ്ഥാന പോലീസ് കായികമേളയുടെ സമാപന ചടങ്ങ് ഉദ്ഘാടനം ചെയ്യാൻ പോകുകയായിരുന്ന അന്ന് മുഖ്യമന്ത്രിയായിരുന്ന ഉമ്മൻചാണ്ടി. അദ്ദേഹത്തിന്റെ നേരെ സി.പി.ഐ.എം അനുയായികൾ കല്ലെറിഞ്ഞതിനെ തുടർന്ന് പരിക്കേറ്റു. രണ്ട് എം.എൽ.എമാർ ഉൾപ്പെടെ 113 പാർട്ടി പ്രവർത്തകർക്കെതിരെ പോലീസ് കേസെടുത്തു. പാർട്ടി ഹർത്താൽ പരിഗണിക്കുന്നുണ്ടെന്ന് അന്നത്തെ കേരള പ്രദേശ് കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റായിരുന്ന രമേശ് ചെന്നിത്തല ചാണ്ടിയെ അറിയിച്ചു. എന്നാൽ ആ നിർദ്ദേശം ഉമ്മൻചാണ്ടി തള്ളിക്കളഞ്ഞു. 'ചിലർ എനിക്ക് നേരെ കല്ലെറിഞ്ഞതുകൊണ്ട് ജനങ്ങൾ എന്തിന് കഷ്ടപ്പെടണം? അവരെന്ത് തെറ്റുചെയ്തു?'

തന്റെ രാഷ്ട്രീയ ജീവിതത്തിലുടനീളം, ജനങ്ങളുടെ ക്ഷേമത്തിനാണ് ചാണ്ടി മുൻഗണന നൽകിയത്. എം.എൽ.എയായി ആറ് വർഷത്തിനുള്ളിൽ, ഒരു ആദിവാസി കോളനിക്ക് അദ്ദേഹത്തിന്റെ പേര് നൽകി. ഇടുക്കിയിലെ കഴഞ്ഞുകുഴിക്ക് സമീപമുള്ള മഴുവടിയിൽ 'ഉമ്മൻചാണ്ടി കോളനി' എന്ന ഈ കോളനിയുടെ നിർമ്മാണവും 1976 ൽ അതിന്റെ ഉദ്ഘാടനവും സാധ്യമായത്, ഉദ്യോഗസ്ഥ തടസ്സങ്ങൾ മറികടക്കുന്നതിൽ യുവാവായ ഉമ്മൻചാണ്ടി മുൻകൈയെടുത്തു നടത്തിയ ശ്രമങ്ങളുടെ ഫലമായാണ്.

തുടക്കത്തിൽ, കോളനിയിലെ യൂത്ത് കോൺഗ്രസ് നേതാവ് കരിമ്പൻ ജോസും മറ്റുള്ളവരും കോളനിക്ക് ഉമ്മൻചാണ്ടിയുടെ പേര് നൽകാനുള്ള ആഗ്രഹം പ്രകടിപ്പിച്ചപ്പോൾ, അദ്ദേഹം അവരെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. എന്നിരുന്നാലും, കോളനി നിവാസികളും അവരുടെ നേതാക്കളും ഉറച്ചുനിന്നു, ഉമ്മൻചാണ്ടിക്ക് വഴങ്ങേണ്ടിവന്നു.

വർഷങ്ങൾക്കുശേഷം, 2014 ൽ, മുഖ്യമന്ത്രിയായിരിക്കെ, ഉമ്മൻചാണ്ടി ഒരു ഔദ്യോഗിക സന്ദർശനം നടത്തി, ഊരുമൂപ്പന്റെ എല്ലാ പരാതികളും കേട്ടു, അടിസ്ഥാന സൗകര്യ വികസനത്തിനായി ഒരു കോടി രൂപ അനുവദിക്കുകയും ചെയ്തു. ഉമ്മൻചാണ്ടിയുടെ ഏറ്റവും വലിയ ശക്തി ജനങ്ങളിൽ നിന്ന് ലഭിച്ച സ്നേഹമായിരുന്നു. കേരളക്കരയിലെ രാഷ്ട്രീയക്കാരിൽ, ഏറ്റവും കൂടുതൽ കുടുംബ ചടങ്ങുകളിൽ, പ്രത്യേകിച്ച് വിവാഹങ്ങളിൽ, ഉമ്മൻചാണ്ടിയാണ് പങ്കെടുത്തിട്ടുണ്ടാകുക.

'ഒരു വിവാഹത്തിൽ, ആതിഥേയൻ ഉമ്മൻചാണ്ടി അവിടെ ഭക്ഷണം കഴിക്കണമെന്ന് നിർബന്ധിച്ചു. അതിനദ്ദേഹം വഴങ്ങിയപ്പോൾ ആതിഥേയൻ അമിതമായി ഉത്സാഹഭരിതനായി, എല്ലാ വിഭവവും വിളമ്പാൻ തുടങ്ങി. അക്കൂട്ടത്തിൽ കറിയാണെന്നു കരുതി ചോറിലേക്ക് പായസവും വിളമ്പി. ഉമ്മൻചാണ്ടി ഒന്നും പറഞ്ഞില്ല, ഭക്ഷണം തുടർന്നു. എന്നിരുന്നാലും, ആതിഥേയൻ അദ്ദേഹത്തിന്റെ മുഖത്ത് ഒരു അസ്വസ്ഥത ശ്രദ്ധിച്ചു, 'കറികൾ എങ്ങനെയുണ്ട് സർ? അവ വളരെ എരിവുള്ളതാണോ?'

ചാണ്ടി മറുപടി പറഞ്ഞു, 'ഇത് വളരെ മധുരമായിപ്പോയോ എന്ന് എനിക്ക് സംശയമുണ്ട്.'

'ഉമ്മൻചാണ്ടി' എന്ന പേര് തന്നെ ലാളിത്യത്തിന്റെ പ്രതീകമാണെന്ന് മുസ്ലീം ലീഗിന്റെ കേരള സംസ്ഥാന പ്രസിഡന്റ് സയ്യിദ് സാദിഖ് അലി ശിഹാബ് തങ്ങൾ ഒരിക്കൽ പറഞ്ഞത് എത്രയോ ശരിയായിരുന്നു.

(തുടരും)






# അടിയന്തര ചികിത്സ തേടുന്ന പൊതുജനാരോഗ്യം

ആരോഗ്യ രംഗത്ത് ലോക മാതൃക എന്ന് സ്വയം വിളിക്കുമ്പോഴും ലോക മാതൃകകൾ പഠിക്കാൻ കേരളം പലപ്പോഴും വിദേശ സഞ്ചാരം നടത്താറുണ്ട്. അതൊരു നല്ല കാര്യമാണ്. ഇന്ത്യയിൽ വിദ്യാഭ്യാസത്തിനൊപ്പം പൊതുജനരോഗ്യവും കേരളത്തിൽ മറ്റെങ്ങും ഇല്ലാത്ത വിധം മുൻനിരയിലാണെന്ന് അവകാശപ്പെടുമ്പോഴും നമുക്ക് എവിടെയോ പാളുന്നു എന്ന തോന്നൽ കുറച്ചുകാലമായി സജീവമാണ്.

കോവിഡിന് ശേഷം ഉണ്ടായിട്ടുള്ള പൊതു ആരോഗ്യ പ്രശ്നങ്ങൾ പ്രത്യേകം കണേണ്ടതുണ്ട്. അക്കാരണത്താൽ ഒരു പതിറ്റാണ്ട് മുൻപ് നമ്മൾ അഭിമുഖീകരിച്ചിരുന്ന ആരോഗ്യപ്രശ്നങ്ങളും പ്രതിവിധികളും ഇപ്പോൾ വിലപ്പോകണമെന്ന് വാശി പിടിച്ചു കൂടാ. അനുദിനം പരിവർത്തനം ചെയ്യപ്പെടുന്നതും നവീകരിക്കപ്പെടുന്നതുമായ മേഖലയാണ് ആരോഗ്യരംഗം. നിത്യേന നടക്കുന്ന പരീക്ഷണങ്ങളും കണ്ടെത്തലുകളും കണ്ടുപിടിത്തങ്ങളും ഒരോ വെല്ലുവിളികളെയും മറികടക്കാൻ ശാസ്ത്രം നടത്തുന്ന വ്യായാമമുറകളാണ്. പഴുതടച്ചുള്ള ഒരു പോംവഴിയും ഒരു രോഗത്തിനും കണ്ടെത്തിയിട്ടില്ല. ഉണ്ടെങ്കിൽത്തന്നെ അത് ആപേക്ഷികവുമാണ്. 'മസ്തിഷ്ക ജ്വരം എന്ന രോഗപ്രതിഭാസം നിരവധി വെല്ലുവിളികളാണ് ഉയർത്തുന്നത്. ഏതു രോഗവും പൊട്ടിപ്പുറപ്പെടുമ്പോൾ അതിനുമുന്നിൽ ഒരു നിമിഷം അന്ധാളിച്ച് നിൽക്കുന്നവരാണ് നാം. ആരോഗ്യ സുരക്ഷ പൗരന്റെ ജന്മാവകാശമാണ് എന്നിരിക്കെ,അതിനുവേണ്ടിയുള്ള ഏത് മുറവിളിയും പോരാട്ടവും ഒരോ മനുഷ്യനും വേണ്ടിയുള്ളതാണ്. അതിൽ രാഷ്ട്രീയം കലർത്തിക്കൂടാ.

## വിവാദം കേരള മോഡൽ

കേരള നിയമസഭയിൽ അടിയന്തര പ്രമേയമായി വന്ന ചൂടേറിയ വിഷയം



നമ്മുടെ ആരോഗ്യരംഗത്തെ കുറ്റവും കുറവുകളും തന്നെയാണ് എന്നത് ആശ്വാസകരമായ കാര്യം. അടിസ്ഥാന സൗകര്യ കാര്യങ്ങളിൽ പല മേഖലയിലും കേരളം ഇനിയും മുന്നോട്ടു പോകാൻ ഉണ്ടെന്ന് വ്യക്തമാക്കുന്ന ചിത്രങ്ങളാണ് പ്രതിപക്ഷം അവതരിപ്പിച്ചത്. അതിനെ പഴയ കണക്ക് പറഞ്ഞു പ്രതിരോധിക്കുന്ന ആരോഗ്യ മന്ത്രിയുടെ നിലപാടിനോട് യോജിക്കാൻ കഴിയില്ല. ഇന്നലെ എന്ന ഒന്നില്ല, ഇന്നും നാളെയും മാത്രമേ ഈ മേഖലയിൽ പ്രസക്തമായുള്ളു. രക്ഷിച്ചെടുക്കാൻ കഴിയാത്ത വിധം അപകടാവസ്ഥയിൽ അല്ല കേരളത്തിന്റെ ആരോഗ്യ രംഗം. എന്നാലും ചർച്ച വഴിതെറ്റി വിവാദത്തിലേക്ക് വഴുതിവീഴുന്ന പ്രവണത നിയമസഭയിൽ കണ്ടു. ജനങ്ങൾക്ക് വേണ്ടത് റിസൾട്ട് ആണ്. കപ്പിത്താൻ ഉള്ള കപ്പലോ മുങ്ങിത്താഴുന്ന കപ്പലോ എന്ന് തർക്കിച്ചു നിൽക്കേണ്ട സമയമല്ല ഇത്.

മസ്തിഷ്ക ജ്വരത്തിൽ മരണനിരക്ക് സർക്കാർ പൂഴ്ത്തിവച്ചുവെന്ന് ആരോപണമുണ്ട്. പട്ടിക പരിഷ്കരിച്ചപ്പോൾ എണ്ണം 19 ആയി. ബാധിച്ചവരുടെ എണ്ണം 66 എന്നാണ് സർക്കാർ കണക്ക്. വിവരങ്ങൾ മറച്ചുവച്ച് മേനി നടിക്കാനുള്ള ശ്രമമാണ് സർക്കാരും വകുപ്പും നടത്തുന്നതെന്ന് പ്രതിപക്ഷം ആഞ്ഞടിച്ചു. ഉറവിടം കണ്ടെത്തി രോഗം തടയുന്നതിൽ ആരോഗ്യവകുപ്പ് ദയനീയമായി പരാജയപ്പെട്ടു. പഞ്ചായത്തുകളെ അടക്കം ഏകോപിപ്പിച്ച് കർമ്മപദ്ധതി തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. കുളത്തിൽ കുളിച്ചവർക്കാണ് രോഗം വരുന്നതെന്ന് പറഞ്ഞത്. എന്നാൽ വീട്ടിൽ കുളിച്ചവരും രോഗം വന്നു മരിച്ചു. നാലു മാസമായ കുഞ്ഞും മരിച്ചു. നമ്പർ വൺ എന്നു പറയുമ്പോഴും പ്രതിസന്ധി നേരിടാൻ കഴിഞ്ഞില്ല. ഡെങ്കിയും നിപ്പയും നിയന്ത്രിക്കാൻ കഴിയുന്നില്ല. ഒരു പ്രത്യേക മാസത്തിൽ വരുന്ന വവ്വാലാണ് നിപ്പ പടർത്തുന്നതെന്നാണ് ഇപ്പോൾ പറയുന്നത്. 2013 ൽ തന്നെ പഠനം നടത്തിയെന്നും അന്നത്തെ സർക്കാർ ഒന്നും ചെയ്തില്ലെന്നുമാണ് മന്ത്രി വീണ ജോർജിന്റെ ഭാഷ്യം. പഠനം നടത്തിയ ഡോക്ടർമാരുടെ റിപ്പോർട്ട് വന്നത് 2018ൽ. അന്ന് കെ.കെ.ശൈലജയാണ് ആരോഗ്യമന്ത്രി. ഉമ്മൻചാണ്ടിയെ ചാരി ശൈലജയ്ക്ക് ഒരു അടിയാണ് ആരോഗ്യമന്ത്രി ലക്ഷ്യമിട്ടതത്രേ!പരസ്പരം പഴിചാരി, തന്റെ കാലത്ത് എല്ലാം ശരിയാണെന്നു വരുത്തുകയണോ മന്ത്രി ചെയ്യേണ്ടത് പ്രതിപക്ഷം ചോദിക്കുന്നു.

രോഗം സംസ്ഥാനത്തു ക്രമാതീതമായി പ്രവർത്തിക്കുന്നത് എന്തുകൊണ്ടാണെന്നു സർക്കാരിനു ശാസ്ത്രീയമായി കഴിയുന്നില്ലെന്നു പ്രമേയം. ആരോഗ്യരംഗം തകർന്നു. കപ്പിത്താൻ ഉണ്ടായിട്ടു കാര്യമില്ല, കപ്പൽ മുങ്ങിത്താണു. അപൂർവമായി മാത്രം ബാധിക്കുന്ന രോഗം കേരളത്തിൽ പടർന്നു പിടിക്കുമ്പോൾ ആരോഗ്യവകുപ്പ് ഇരുട്ടിൽ തപ്പുകയാണ് അതാണ് പ്രതിപക്ഷത്തിന് പറയാനുള്ളത്.

## സത്യാന്വേഷണം

ഉപകരണക്ഷാമം സംബന്ധിച്ച് വെളിപ്പെടുത്തൽ നടത്തിയ ഡോ.ഹാരിസിനെ വേട്ടയാടാൻ ശ്രമിച്ചത് കേരളം മറന്നിട്ടില്ല. കേരളത്തിലെ ആരോഗ്യരംഗത്തിന്റെ നേർസാക്ഷ്യമാണു ഡോക്ടറുടെ വെളിപ്പെടുത്തൽ. കേരളത്തിലെ എല്ലാ മെഡിക്കൽ കോളജുകളിലെയും സ്ഥിതി ഇതാണെങ്കിൽ ലോക മാതൃക എന്ന വീമ്പു പറച്ചിൽ വെറും തള്ള് തന്നെ.

കോഴിക്കോട് ജില്ലാ ആശുപത്രിയിൽ ഹൃദയശസ്ത്രക്രിയ മുടങ്ങിയിട്ടു മാസങ്ങളായി. ഉപകരണങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾക്ക് 114 കോടി സർക്കാർ കൊടുക്കാനുണ്ട്. 594 കോടി രൂപ മരുന്ന് വിതരണക്കാർക്കും കൊടുക്കാനുണ്ട്. കാരുണ്യ കുടിശിക 1255 കോടിയാണ്. സ്വകാര്യ ആശുപത്രികൾ ഇപ്പോൾ കാരുണ്യപദ്ധതി അംഗീകരിക്കുന്നില്ല. യു.ഡി.എഫ് സർക്കാർ കൊണ്ടുവന്ന പദ്ധതി മുടങ്ങി. ആരോഗ്യരംഗത്ത് 2000 കോടിയുടെ കുടിശികയാണുള്ളത്. ഈ കപ്പൽ പൊങ്ങുകില്ല. പൊങ്ങാൻ കഴിയാത്ത വിധം മുങ്ങിത്താണു കഴിഞ്ഞു. സിസ്റ്റം തകരാറിലാണ്. കോട്ടയം മെഡിക്കൽ കോളജ് കെട്ടിടം തകർന്നപ്പോൾ അവിടെ ഉണ്ടായിരുന്ന മന്ത്രി അവശിഷ്ടങ്ങൾക്കിടയിൽ ആരുമില്ലെന്ന് പറഞ്ഞു. ഒരു പാവപ്പെട്ട സ്ത്രീ മണിക്കൂറുകൾ അതിൽ കുടുങ്ങി മരിച്ചു. സർക്കാരാണ് അതിന് ഉത്തരം നൽകേണ്ടത്. ഇടതുസർക്കാരിന്റെ നയങ്ങൾ സ്വകാര്യ ആശുപത്രികളെ സഹായിക്കാനാണ് ആരോപണങ്ങൾ പെയ്തുതീരുന്നില്ല.

എന്നാൽ, ഡോ. എൻ ജയരാജ് അവതരിപ്പിച്ച ആരോഗ്യ പരിരക്ഷാ ബിൽ ഉൾപ്പെടെ കേരളം നടത്തുന്ന ഒരോ ചുവടുവയ്പും അക്കമിട്ടു പറയുകയാണ് സർക്കാരും. എന്നാൽ സർക്കാർ നിരത്തുന്ന ന്യായങ്ങളും അവകാശവാദങ്ങളും ഇവിടെ ചർച്ച ചെയ്യുന്നില്ല. അത് ഇപ്പോൾ ഒരു തുറന്ന പുസ്തകമാണ്. എന്ത് ഉണ്ട് എന്നതിനേക്കാൾ എന്തില്ല എന്നിടത്താണ് ഈ ഘട്ടത്തിൽ ഊന്നൽ നൽകേണ്ടത്. വികസിത രാജ്യത്തെ ആരോഗ്യരംഗം അവരുടെ സാമ്പത്തിക അടിത്തറയുടെ കൂടി കരുത്തോടെയാണ് മുന്നേറുന്നത്. ആ കരുത്ത് നമുക്ക് അവകാശപ്പെടാനില്ല. യാതൊരു മാസ്റ്റർ പ്ലാനും ഇല്ലാതെ കെട്ടിപ്പൊക്കിയ മെഡിക്കൽ കേളേജുകൾ. സ്വകാര്യ ആശുപത്രികൾ അവരുടെ നിലനിൽപ്പിനായി വാങ്ങുന്ന അമിത ചികിത്സാ ചെലവ് എന്നിവ നമ്മുടെ അടിസ്ഥാന പ്രശ്നങ്ങൾ തന്നെ.

**** രാഷ്ട്രീയ വിവാദങ്ങൾ, അതേചൊല്ലിയുള്ള ചേരിതിരിവുകൾ, ജാതീയമായ വിഷയങ്ങളെ മുൻനിർത്തിയുള്ള വർഗീയ പടലപ്പിണക്കങ്ങൾ എന്നിവക്കെല്ലാം മേലെയാണ് പൊതുജനം നേരിടുന്ന ആരോഗ്യ സംബന്ധിയായ വെല്ലുവിളികൾ. അതിൽ രാഷ്ട്രീയമില്ല, ജാതിയില്ല, മതമില്ല, വർണ്ണ വർഗ്ഗ വിവേചനങ്ങൾ ഇല്ല. ആരോഗ്യകേരളത്തെ പനിക്കിടക്കയിൽ ഇട്ട് രാഷ്ട്രീയം പറയുന്നത് ആരുടെ ആരോഗ്യത്തിന് നല്ലതല്ല.***

***◗ പ്രിജിത്ത് രാജ്***

# ഒരു ശക്തിക്കും ഡി.എം.കെയെ തൊടാനാകില്ല: എം.കെ.സ്റ്റാലിൻ

ചെന്നൈ: ഡി.എം.കെയുടെ ശക്തിപ്രകടനമായി 'മുപ്പെരും വിഴ'. ഇന്നലെ കരൂരിനടുത്തുള്ള കൊടങ്ങിപ്പട്ടിയിൽ കൂറ്റൻ വേദിയിയൊരുക്കിയായിരുന്നു ആഘോഷം. സാമൂഹിക പരിഷ്കർത്താവായ പെരിയാർ ഇ.വി. രാമസാമി ജന്മദിനവും മുൻ മുഖ്യമന്ത്രിയും പാർട്ടി സ്ഥാപകനുമായ സി.എൻ. അണ്ണാദുരൈയുടെ അനുസ്മരണവും പാർട്ടി സ്ഥാപകദിനവും ഒരുമിച്ച് ആഘോഷിക്കുന്ന മുപ്പെരും വിഴ എല്ലാ വർഷവും സെപ്തംബർ 17ന് ഡി.എം.കെ ആഘോഷിക്കുമെങ്കിലും ഇത്തവണ ശക്തിപ്രകടനമായി കൂടി അതുമാറി.

ഡി.എം.കെ സർക്കാരിനെ വിമർശിച്ചുകൊണ്ട് ടി.വി.കെ അദ്ധ്യക്ഷനും നടനുമായ വിജയ് സംസ്ഥാന പര്യടനം തുടങ്ങിയ പശ്ചാത്തലത്തിലാണ് വിപുലമായ സമ്മേളനം ഡി.എം.കെ സംഘടിപ്പിച്ചത്. പുതിയ ശക്തികൾക്കൊന്നും ഡി.എം.കെയെ തൊടാനാകില്ലെന്ന് സമ്മേളനം ഉദ്ഘാടനം ചെയ്ത മുഖ്യമന്ത്രി എം.കെ.സ്റ്റാലിൻ പറഞ്ഞു. ഡി.എം.കെയെ മാറ്റണമെന്ന് പറഞ്ഞവരല്ലാം മാറിപോയതെ ഉള്ളൂ. ഡി.എം.കെ ഇവിടെ തന്നെയുണ്ട് അദ്ദേഹം പറഞ്ഞു. ബി.ജെ.പിയുടെ അണ്ണാ ഡി.എം.കെയേയും വിമർശിച്ച അദ്ദേഹം ടി.വി.കെയേയും വിമർശിച്ചു.

# പുതിയ ഇന്ത്യ ശത്രുവിനെ തേടിച്ചെന്ന് തീർക്കും, മോദി

ന്യൂഡൽഹി: പാകിസ്ഥാനിലെ ഭീകര കേന്ദ്രങ്ങൾ തേടിപ്പിടിച്ച് നശിപ്പിച്ച പ്രതികരണശേഷിയുള്ള പുതിയ ഇന്ത്യയാണ് ഇന്നത്തേതെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. 75-ാം പിറന്നാൾ ദിനത്തിൽ മധ്യപ്രദേശിലെ ധാറിൽ വികസന പദ്ധതികൾ സമർപ്പിച്ച് സംസാരിക്കുകയായിരുന്നു മോദി.

ഇന്ത്യൻ സൈന്യത്തിന്റെ ധീരത പാക് ഭീകരന്റെ വിലാപത്തിൽ വ്യക്തമാണ്. ഓപ്പറേഷൻ സിന്ദൂറിൽ മൗലാന മസൂദ് അസറിന്റെ കുടുംബം ചിന്നിച്ചിതറിയെന്ന് ജെയ്ഷെ മുഹമ്മദ് കമാൻഡർ സമ്മതിക്കുന്ന വീഡിയോ ലോകം കണ്ടു. രാഷ്ട്രം ഭാരതമാതാവിന്റെ സുരക്ഷയ്ക്ക് പരമാവധി മുൻഗണന നൽകുന്നു. ആണവ ഭീഷണി ഭയപ്പെടാതെയായിരുന്നു നമ്മുടെ പ്രഹരം.



പോരാടൻ ദൃഢനിശ്ചമെടുത്ത 140 കോടി പേരാണ് രാജ്യത്തിന്റെ ശക്തി. സ്ത്രീകൾ, യുവാക്കൾ, കർഷകർ എന്നിവരുടെ ഉന്നതിയാണ് പ്രധാനം. കർഷകർക്ക് ഉത്പന്നങ്ങൾക്ക് ന്യായ വിലയും യുവാക്കൾക്ക് തൊഴിലവസരങ്ങളും ഉറപ്പാകും. ധാറിൽ ഉദ്ഘാടനം ചെയ്ത ഇന്ത്യയിലെ ഏറ്റവും വലിയ ടെക്സ്റ്റൈൽ പാർക്ക് തുണി വ്യവസായത്തിന് പുതിയ ഊർജ്ജം നൽകും.

കുടുംബം നന്നായി പ്രവർത്തിക്കാൻ അമ്മമാർ ആരോഗ്യവതികളാകണം. 'ആരോഗ്യമുള്ള സ്ത്രീകൾ, ശക്തമായ കുടുംബം' എന്ന പ്രചാരണം അതിന്റെ അടിസ്ഥാനത്തിലാണ്. ഉത്സവ സീസണിൽ സ്വദേശി ഉത്പന്നങ്ങൾ പരമാവധി വാങ്ങണമെന്നും മോദി പറഞ്ഞു.






സോഷ്യൽമീഡിയ വാചകം



# വിവാഹമോചന കലഹം കടുക്കുന്നു; ഡെനീസിനെതിരെ ആരോൺ പുറത്തുവിട്ട അഴുക്കുമൂടിയ വീടിന്റെ വീഡിയോ ചർച്ചയാകുന്നു

ഹോളിവുഡ് നടി ഡെനീസ് റിച്ചാർഡും ഭർത്താവ് ആരോൺ ഫൈപ്പേഴ്സും തമ്മിലുള്ള വിവാഹ ബന്ധം അവസാനിച്ചിട്ട് കുറച്ച് വർഷങ്ങൾ കഴിഞ്ഞു. എന്നാൽ അവരുടെ വിവാഹമോചനം ഇപ്പോഴും കോടതിയിലും മാധ്യമങ്ങളിലും വലിയ ചർച്ചയാണ്.അടുത്തിടെ, ഈ കേസുമായി ബന്ധപ്പെട്ട് ഒരു വലിയ വിവാദം ആണ് പൊട്ടിപ്പുറപ്പെട്ടത്. തന്റെ വീട്ടിലെ അവസ്ഥ ആരോൺ പുറത്തുവിട്ടതാണ് വലിയ വിവാദം ആയത്. ആരോൺ Inside Edition എന്ന ടി.വി. പ്രോഗ്രാമിലാണ് കാലിഫോർണിയയിലെ തങ്ങളുടെവീടിന്റെ ദൃശ്യങ്ങൾ താരം പങ്കുവച്ചത്. ഈ വീടിന് ഏകദേശം 3.5 മില്യൺ ഡോളർ (ഏകദേശം 29 കോടി രൂപ) വില വരുന്നുണ്ട്. വീഡിയോയിൽ താരം കാണിക്കുന്നതനുസരിച്ച് മുറികളിൽ എല്ലായിടത്തും വസ്ത്രക്കൂമ്പാരം, അടുക്കളയും കൊണ്ട് നിറഞ്ഞിരിക്കുന്നു, ഒരു അലമാരയിൽ ലക്ഷക്കണക്കിന് ഡോളർ വില വരുന്ന വിന്റേജ് വസ്ത്രങ്ങൾ, ഇപ്പോൾ ചിതലുകൾ നശിപ്പിച്ചിരിക്കുന്നു, ബാത്ത്റൂമിൽ എല്ലായിടത്തും മേക്കപ്പ് സാധനങ്ങൾ കിടക്കുന്നു എന്നിങ്ങനെ ആണ് കാണാനാകുന്നത്. 'മുകളിലെ നിലയിലെ സാധനങ്ങളിൽ ഒന്നും തൊടാൻ എനിക്ക് കഴിയില്ല. എല്ലാം ഡെനീസിന്റെ സ്വന്തമാണ്' എന്നാണ് താരം വിഡിയോയിൽ പറയുന്നത്.എന്നാൽ രണ്ടുവർഷം മുമ്പ് തന്നെ ഞാൻ വീട്ടുവിട്ട് മാറി. വീടിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് ആരോണും കുടുംബവും തന്നെയാണ് ഉത്തരവാദികൾ. വാടക അടയ്ക്കാത്തതിനാൽ ആരോണിന് വീടിൽ നിന്ന് പുറത്താക്കൽ നോടീസ് പോലും കിട്ടിയിട്ടുണ്ട് എന്നാണ് ഡെനീസ് റിച്ചാർഡ്സ് കോടതിയിൽ പറഞ്ഞത്.ഇപ്പോൾ ആരോൺ, തന്റെ അമ്മയും അച്ഛനും സഹോദരനും ഒപ്പം വീടിന്റെ താഴത്തെ നിലയിൽ താമസിക്കുകയാണ്. കൂടാതെ അവിടെ 15 നായ്ക്കളും ഉണ്ട്. ഈ നായ്ക്കൾ എല്ലാം ഡെനീസിന്റേതാണ് എന്നാണ് ആരോൺ പറയുന്നത്.ഡെനീസ് നേരിട്ട് പുതിയ വീഡിയോയെക്കുറിച്ച് പ്രതികരിച്ചിട്ടില്ല. എന്നാൽ കോടതി അടുത്തിടെ ഡെനീസിന്റെ പക്ഷത്ത് വിധി പറഞ്ഞു. താരത്തിന് വീട്ടിൽ ചെന്നു സ്വന്തം സാധനങ്ങളും വളർത്തു മൃഗങ്ങളെയും തിരികെ എടുക്കാൻ കോടതി അനുമതി ലഭിച്ചിരുന്നു.

# 'പടികൾ കയറുമ്പോൾ ശ്വാസംമുട്ടുന്നു, പഴയതുപോലെ ഓടാനാകുന്നില്ല'; ഉസൈൻ ബോൾട്ട്

ലോക അത്‌ലറ്റിക്സിലെ ഏറ്റവും വേഗമേറിയ ഓട്ടക്കാരൻ എന്ന പേരിനുടമായാണ് ഉസൈൻ ബോൾട്ട്. എന്നാൽ പ്രായം തന്റെ ആരോഗ്യത്തെ ബാധിച്ചിരിക്കുന്നതായി തുറന്നു പറഞ്ഞിരിക്കുകയാണ് ബോൾട്ട്.ഇപ്പോൾ ഓട്ടമത്സരങ്ങളിൽ പങ്കെടുക്കാറില്ലെന്നും പടികൾ കയറുമ്പോൾ പോലും തനിക്ക് കിതപ്പു വരുമെന്നുമാണ് താരം പറയുന്നത്. ഭൂരിഭാഗം സമയവും കുട്ടികൾക്കൊപ്പം വീട്ടിൽ തന്നെയാണ് ചിലവഴിക്കാറ്. നല്ല മാനസികാവസ്ഥയിലാണെങ്കിൽ ചിലപ്പോൾ വ്യായാമം ചെയ്യും. കുട്ടികൾ വീട്ടിൽ വരുന്നത് വരെ ഞാൻ ചില സീരീസുകൾ കാണുകയും വിശ്രമിക്കുകയും ചെയ്യും. അവർ എന്നെ ശല്യപ്പെടുത്താൻ തുടങ്ങുന്നത് വരെ അവരുമായി കുറച്ച് സമയം ചെലവഴിക്കും. അല്ലെങ്കിൽ ഇപ്പോൾ എനിക്ക് ലെഗോയിൽ താൽപ്പര്യമുണ്ട്, അതിനാൽ ഞാൻ ലെഗോ കളിക്കും'- ബോൾട്ട് ദ ഗാർഡിയനോട് പറഞ്ഞു. 39-ാം വയസ്സിൽ ഒരു പടി കയറുന്നത് പോലും ഒരു വെല്ലുവിളിയായി മാറിയെന്ന് അദ്ദേഹം വെളിപ്പെടുത്തുന്നു. 'പടികൾ കയറുമ്പോൾ എനിക്ക് ശ്വാസം മുട്ടുന്നുണ്ട്. ഓടാൻ തുടങ്ങേണ്ടതുണ്ടെന്ന് ഞാൻ കരുതുന്നു. കാരണം ഞാൻ വീണ്ടും പൂർണമായി ഇത് ചെയ്യാൻ തുടങ്ങുമ്പോൾ ശ്വാസം നേരെയാക്കാൻ കുറച്ച് ലാപ്പുകൾ ഓടേണ്ടി വരും'- ബോൾട്ട് കൂട്ടിച്ചേർത്തു. വിരമിച്ച് എട്ട് വർഷം പിന്നിട്ടിട്ടും ഉസൈൻ ബോൾട്ടിന്റെ റെക്കോർഡുകളുടെ അടുത്തെത്താൻ ആർക്കും കഴിഞ്ഞിട്ടില്ല. എട്ട് ഒളിമ്പിക് സ്വർണ്ണ മെഡലുകളും 11 ലോക ചാമ്പ്യൻഷിപ്പ് കിരീടങ്ങളും നേടിയ ബോൾട്ട് 2017-ൽ സജീവ മത്സരങ്ങളിൽ നിന്ന് വിരമിച്ചിരുന്നു. 100 മീറ്റർ, 200 മീറ്റർ, 4x100 മീറ്റർ റിലേ എന്നിവയിൽ ലോക റെക്കോർഡുകളും ബോൾട്ടിന് സ്വന്തമാണ്.





# 'വിവാഹിതനായ പുരുഷനെ പ്രണയിച്ചത് തെറ്റെന്ന് തോന്നിയിട്ടില്ല' ഹേമ മാലിനി

ദക്ഷിണേന്ത്യയിൽ നിന്ന് ബോളിവുഡിലേക്ക് സൂപ്പർസ്റ്റാർ പദവിയിലേക്ക് ഉയർന്ന താരമാണ് ഹേമ മാലിനി. സിനിമകൾ പോലെ തന്നെ ഹേമ മാലിനിയുടെ വ്യക്തിജീവിതവും വാർത്തകളിൽ ഇടം നേടിയിരുന്നു. വിവാഹിതനും രണ്ട് കുട്ടികളുടെ പിതാവുമായ ധർമ്മേന്ദ്രയുമായുള്ള അവരുടെ പ്രണയവും വിവാഹവും ഏറെ ചർച്ച ചെയ്യപ്പെട്ടു. ഇപ്പോൾ, ആ പ്രണയത്തെക്കുറിച്ച് വീണ്ടും നടി തുറന്ന് പറഞ്ഞിരിക്കുകയാണ്. പ്രകാശ് കൗറുമായി വിവാഹബന്ധത്തിലിരിക്കെയാണ് ധർമേന്ദ്ര ഹേമമാലിനിയുമായി പ്രണയത്തിലാവുന്നത്. പ്രകാശ് കൗറിൽ നാലുമക്കളും ഉണ്ടായിരുന്നു. ആദ്യ ഭാര്യയുമായുള്ള വിവാഹ ബന്ധം വേർപ്പെടുത്താതെ ഹേമമാലിനിയെ വിവാഹം കഴിച്ച തീരുമാനത്തിന് ധർമേന്ദ്ര ഏറെ വിമർശനം നേരിട്ടിരുന്നു. ധർമേന്ദ്രയുമായി വിവാഹം കഴിക്കുന്നതിന് മുമ്പ് വല്ലപ്പോഴും ചില പരിപാടികൾക്കിടയിൽ പ്രകാശ് കൗറിനെ കണ്ടിരുന്നതല്ലാതെ വിവാഹശേഷം തീരെ കണ്ടുമുട്ടിയില്ലെന്ന് പറയുകയാണ് ഹേമമാലിനി. ധർമേന്ദ്രയുടെ ജുഹുവിലെ ബംഗ്ലാവിൽ നിന്ന് അധികം ദൂരെയല്ലാതെയാണ് താനും താമസിച്ചിരുന്നത്. എന്നിട്ടും അവരെ കണ്ടിട്ടില്ലെന്നും തന്റെ ജീവിതം ആത്മാഭിമാനത്തോടെയും സ്വാതന്ത്ര്യത്തോടെയും ജീവിക്കുകയാണ് ചെയ്തതെന്നും ഹേമമാലിനി പറയുന്നു.ആരെയും ബുദ്ധിമുട്ടിക്കാൻ ഞാൻ ആഗ്രഹിച്ചില്ല. ധരംജി എനിക്കും എന്റെ കുട്ടികൾക്കും വേണ്ടി ചെയ്തതിൽ ഞാൻ സന്തോഷവതിയും സംതൃപ്തയുമായിരുന്നു,' ഹേമ മാലിനി പറയുന്നു. വിവാഹിതനായ ഒരു പുരുഷനെ പ്രണയിച്ചത് വേണ്ടിയിരുന്നില്ല എന്ന് തനിക്ക് ഒരിക്കലും തോന്നിയിട്ടില്ലെന്നും ഹേമ മാലിനി പറയുന്നു. എനിക്ക് രണ്ട് കുട്ടികളുണ്ട്. ഞാൻ അവരെ നന്നായി വളർത്തിയിട്ടുണ്ട്. ധർമ്മേന്ദ്ര തീർച്ചയായും എന്നോടൊപ്പമുണ്ടായിരുന്നു- ഹേമ മാലിനി പറഞ്ഞു.

# 10 വർഷത്തെ സൗഹൃദത്തിൽ വിള്ളൽ; രണ്ട് വഴിക്ക് ടെയ്‌ലർ സ്വിഫ്റ്റും ബ്ലെയ്ക്ക് ലൈവ്‌ലിയും

ടെയ്‌ലർ സ്വിഫ്റ്റും ബ്ലെയ്ക്ക് ലൈവ്‌ലിയും തമ്മിലുള്ള സൗഹൃദം എല്ലാവർക്കും അറിയാം. ഒരു പതിറ്റാണ്ടായി അടുത്ത സുഹൃത്തുക്കളായിരുന്ന ഇരുവരും വേർപിരിഞ്ഞുവെന്ന ഗോസിപ്പുകളും കിംവദന്തികളും കഴിഞ്ഞ ഒരു വർഷമായി പ്രചരിച്ചിരുന്നു. ഇപ്പോൾ, ബ്ലെയ്ക്ക് ലൈവ്‌ലി അതിന്റെ സത്യാവസ്ഥ വ്യക്തമാക്കുകയാണ്.ടെയ്‌ലർ സ്വിഫ്റ്റും ട്രാവിസ് കെൽസും ഏതാനും ആഴ്ചകൾക്ക് മുമ്പ് വിവാഹനിശ്ചയം നടത്തിയിരുന്നു. ഹോളിവുഡ് സിനിമാലോകത്ത് വളരെയധികം ശ്രദ്ധ ആകർഷിച്ച വിവാഹനിശ്ചയത്തിന്റെ ഫോട്ടോകൾ



വൈറലായി. വിവാഹം എങ്ങനെയായിരിക്കുമെന്നും ആരൊക്കെ പങ്കെടുക്കുമെന്നും ചർച്ചകൾ ഉണ്ടായിരുന്നു. എന്നാൽ വിവാഹ പ്ലാനിങ്ങുകളൊന്നുമായും തനിക്ക് ബന്ധമില്ല എന്ന് ബ്ലെയ്ക്ക് ലൈവ്‌ലി പറയുന്നു.വിവാഹത്തെ കുറിച്ചൊക്കെ ഞങ്ങൾ പണ്ട് സംസാരിച്ചിരുന്നു. അവൾക്കൊരു വിവാഹം ഉണ്ടാകുമ്പോൾ അത് എങ്ങനെയായിരിക്കും, എങ്ങനെയായരിക്കും ലുക്ക് എന്നൊക്കെ. പക്ഷേ ഇപ്പോൾ പൂർണമായും സയലന്റ്സ് മാത്രം. ആ പ്ലാനിങ്ങിലോ വിവാഹ നിശ്ചയിത്തിലോ ഒന്നുമേ എനിക്ക് യാതൊരു പങ്കും ബന്ധവുമില്ല- എന്നാണ് ബ്ലെയ്ക്ക് ലൈവ്‌ലി പറഞ്ഞിരിയ്ക്കുന്നത്.എല്ലാത്തിനും ഒരുമിച്ചായിരുന്ന ടെയ്‌ലർ സ്വിഫ്റ്റും ബ്ലെയ്ക്ക് ലൈവ്‌ലിയും കഴിഞ്ഞ രണ്ട് വർഷമായി ഒരുമിച്ച് കാണുകയോ ഒരു പരിപാടിയിലും പങ്കെടുക്കുകയോ ചെയ്തിട്ടില്ല.



# സോഷ്യൽ മീഡിയയിൽ കയ്യടി 30 ലിറ്റർ മുലപ്പാൽ ദാനം ചെയ്ത് ജ്വാല ഗുട്ട!

ഇന്ത്യയുടെ ബാഡ്മിന്റൺ താരമായ ജ്വാല ഗുട്ടയും തമിഴ് നടൻ വിഷ്ണു വിശാലും കഴിഞ്ഞ ഏപ്രിലിലാണ് തങ്ങളുടെ ആദ്യത്തെ കുഞ്ഞിനെ സന്തോഷത്തോടെ വരവേറ്റത്. ഇപ്പോഴിതാ സർക്കാർ ആശുപത്രിയിൽ നടക്കുന്ന ഒരു ക്യാംപയിനിന്റെ ഭാഗമായിരിക്കുകയാണ് ജ്വാല ഗുട്ട. ഇതുവരെ 30 ലിറ്റർ മുലപ്പാൽ ആണ് ക്യാംപയിനിന്റെ ഭാഗമായി ജ്വാല ആശുപത്രിക്ക് നൽകിയിരിക്കുന്നതെന്നാണ് വിവരം. ജനിച്ചു വീഴുന്ന കുഞ്ഞിന് മുലപ്പാൽ എത്ര പ്രധാനമാണെന്ന് അറിയിച്ചുകൊണ്ട് വിഷ്ണു വിശാൽ തന്നെ സോഷ്യൽ മീഡിയയിൽ പങ്കുവെച്ച കുറിപ്പിലാണ് ഇക്കാര്യം വ്യക്തമാക്കിയത്.അമ്മമാരില്ലാത്തതോ, മാസം തികയാതെ ജനിച്ചതോ ആയ കുഞ്ഞുങ്ങളെ സഹായിക്കുക എന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നതെന്നും താനും അതിന്റെ ഭാഗമാവുകയാണെന്നും അറിയിച്ചുകൊണ്ടായിരുന്നു ഓഗസ്റ്റിൽ ജ്വാല എക്സിൽ കുറിപ്പ് പങ്കുവെച്ചത്.

# വേർപിരിയൽ അഭ്യൂഹങ്ങൾക്ക് വിരാമം! പവർഫുൾ എൻട്രിയുമായി ബ്രാഡ്‌ലി കൂപ്പറും ജിജി ഹാഡിഡും



ഹോളിവുഡിലെ പവർ കപ്പിൾസ് എന്നാണ് ബ്രാഡ്‌ലി കൂപ്പറും ജിജി ഹാഡിഡും അറിയപ്പെടുന്നത്. എന്നാൽ അടുത്തിടെ ഇരുവരും വേർപിരിയുകയാണെന്ന അഭ്യൂഹങ്ങൾ പരന്നിരുന്നു. ഇപ്പോൾ, എല്ലാ ഗോസിപ്പുകൾക്കും വിരാമമിട്ട്, ഒരു കോക്ക്ടെയിൽ പാർട്ടിയിലേക്ക് സൂപ്പർ എൻട്രി നടത്തിയിരിക്കുകയാണ് കപ്പിൾ. ബ്രാഡ്‌ലി കൂപ്പറും ജിജി ഹാഡിഡും 2023 മുതൽ പ്രണയത്തിലായിരുന്നു. ഇരുവരും വിവാഹിതരാകാൻ പോകുന്നു എന്ന വാർത്തകൾക്കിടയിലാണ് വേർപിരിയൽ കിംവദന്തികൾ വന്നത്. ജിജി ഹാഡിഡിന്റെ കൈപിടിച്ച് ബ്രാഡ്‌ലി കൂപ്പർ ഒരു കോക്ക്ടെയിൽ പാർട്ടിയിൽ പ്രവേശിക്കുന്നതിന്റെ ചിത്രം പുറത്തുവന്നതോടെ എല്ലാ ഗോസിപ്പുകളും അവസാനിച്ചിരിക്കുകയാണ്.രണ്ട് പേരുടെയും മുഖത്തെ ആ സന്തോഷവും പ്രണയവും തന്നെയാണ് ഫോട്ടോയിലെ പ്രധാന ആകർഷണം. ഇവരാണോ പിരിഞ്ഞു എന്ന് പറഞ്ഞത് എന്ന് ആരാധകർ ചോദിച്ചു പോകുന്ന അത്രയും മനോഹരമാണ് പുറത്തുവന്ന ചിത്രങ്ങൾ.നേരത്തെ നടി ജെന്നിഫർ എസ്പോസിറ്റോയുമായി ബ്രാഡ്‌ലിയുടെ വിവാഹം കഴിഞ്ഞതാണ്. എന്നാൽ ഒരു വർഷം (2006-2007) വരെ മാത്രമേ ആ ബന്ധത്തിന് ആയുസുണ്ടായിരുന്നുള്ളൂ. പിന്നീട് റഷ്യൻ ഫാഷൻ മോഡലായ ഐറിന ഷെയ്ക്കുമായി പ്രണയത്തിലായിരുന്നു. 2015 ൽ തുടങ്ങിയ ബന്ധം 2019 ആവുമ്പോഴേക്കും അവസാനിക്കുകയും ചെയ്തു.ഗായകൻ സയിൻ മാലിക് ആണ് ജിജി ഹാഡിഡിന്റെ മുൻ ഭർത്താവ്.

# ടൈലർ ക്രിയേറ്റേഴ്സ് കൺസേർട്ടിൽ ആടി തിമർത്ത് ബിടിഎസ് താരങ്ങൾ



സിയോളിൽനടന്നടൈലർഎന്ന കിയേറ്റേഴ്സ് സംഗീത പരിപാടിയിൽ പങ്കെടുത്ത് ബിടിഎസ് അംഗങ്ങളായ ആർഎമ്മും വി, ജെ-ഹോപ്പും. ടൈലർ കൺസേർട്ടിൽ നിന്നും പുറത്തുവന്ന വീഡിയോകളിൽ ഒന്നിൽ ആർ എം പാട്ട് പാടിയും ഡാൻസ് ചെയ്തും ആരാധകരെ എത്രത്തോളം എന്റർടൈനിങ് ചെയ്യിപ്പിയ്ക്കുന്നു എന്ന് കാണാം. അവർക്കൊപ്പം കോർട്ടിസ് അംഗം ജെയിംസും ഉണ്ടായിരുന്നു. ബിടിഎസിന്റെ മറ്റ് നാല് താരങ്ങളായ ജിന്നും ജിമിനും ജങ്കൂക്കും സുഗയും അവരവരുടെ ഇന്റിവിജ്വൽ പ്രോഗ്രാമുകളുമായി തിരക്കിലാണ്.സൈനിക സേവനം പൂർത്തിയാക്കി വന്നതിന് ശേഷം ഓരോരുത്തരായി സോളോ പെർഫോമൻസുകൾ പലതും നടത്തിയിരുന്നു. അതിന് പിന്തുണ അറിയിച്ച് മറ്റ് താരങ്ങൾ എത്തുന്നതും ആരാധകർ കണ്ടു. പക്ഷേ ഏഴുപേരും ഒരുമിച്ചെത്തുന്നത് ആദ്യം.

# 'മാലിദ്വീപിലെ സൂര്യാസ്തമയത്തിൽ ആദ്യ കാഴ്ച്ച, വൈകാതെ അടുത്തു'; ഭർത്താവ് ആൻഡ്രിയെക്കുറിച്ച് നടി ശ്രിയ



ജീവിതത്തിലെ ഏറ്റവും മനോഹരമായ ബന്ധങ്ങൾ ചിലപ്പോൾ അപ്രതീക്ഷിതമായ കാര്യങ്ങളിൽ നിന്നായിരിക്കാം ആരംഭിക്കുന്നത്. നടി ശ്രിയ ശരൺ തന്റെ ഭർത്താവ് ആൻഡ്രി കോഷീവിനെ കണ്ടുമുട്ടിയത് അങ്ങനെയാണ്. ദി ഗ്രേറ്റ് ഇന്ത്യൻ കപിൽ ഷോയുടെ ഏറ്റവും പുതിയ എപ്പിസോഡിൽ ശ്രിയ ഇക്കാര്യം തുറന്നു പറഞ്ഞു.' 'ഡൈവിങ്ങിനായി പോകാൻ ഏറെ ഇഷ്ടമുള്ള വ്യക്തിയാണ് ഞാൻ. ഏപ്രിലിലായിരുന്നു യാത്ര പ്ലാൻ ചെയ്തിരുന്നത്. എന്നാൽ ഞാൻ ഫ്ളൈറ്റ് ബുക്ക് ചെയ്തത് തെറ്റിപ്പോയി. അങ്ങനെ മാർച്ചിൽ മാലദ്വീപിലേക്ക് പോയി. അവിടെ എത്തിയപ്പോഴാണ് അബദ്ധം സംഭവിച്ചെന്ന് മനസിലായത്. ഞാൻ തനിച്ചാണുണ്ടായിരുന്നത്. അന്ന് വൈകുന്നേരം ഒരു പായ്ക്കപ്പൽ യാത്രയുള്ളത് അറിഞ്ഞു. അതിൽ ഒരു ഡൈവിങ് ബോട്ടുമുണ്ടായിരുന്നു. അതിനാൽ ഞാനും അവരോടൊപ്പം പോയി. അവിടെ വെച്ചാണ് ഞാൻ ആൻഡ്രിയെ കണ്ടത്,' ശ്രിയ പറഞ്ഞു.പരസ്പരം അറിയില്ലായിരുന്നെങ്കിലും, യാത്രയിലെ പുതിയ അനുഭവങ്ങളിലൂടെയാണ് ഞങ്ങൾ അടുത്തതെന്ന് ശ്രിയ പറഞ്ഞു. അന്ന് ഞങ്ങൾ ഒരുമിച്ച് ഡൈവിങ്ങിന് പോകുകയും കുറേ നേരം സംസാരിച്ചിരിക്കുകയും ചെയ്തു. പിന്നീടാണ് ഞാൻ അഭിനയിച്ച ദൃശ്യം സിനിമ റിലീസ് ആയത്. അദ്ദേഹം ആ ചിത്രം കണ്ടു. യഥാർഥ ജീവിതത്തിലെ ഞാൻ അങ്ങനെയായിരിക്കുമോ എന്നോർത്ത് അദ്ദേഹം വല്ലാതെ ഭയപ്പെട്ടു. അതിനെ കുറിച്ച് സംസാരിക്കുകയും ശേഷം പ്രണയത്തിലാകുകയുമായിരുന്നു.' ശ്രിയ പറയുന്നു.മാലിദ്വീപിൽ കണ്ടു മുട്ടിയ ശേഷം ശ്രിയയും ആൻഡ്രിയും ഡേറ്റിംഗ് ആരംഭിച്ചു. പിന്നീട് 2018 മാർച്ചിൽ ലോഖണ്ഡ്‌വാലയിലെ അവരുടെ വസതിയിൽ നടന്ന ഒരു സ്വകാര്യ ചടങ്ങിൽ വിവാഹിതരാകുകയും ചെയ്തു. 2021ൽ അവരുടെ മകൾ രാധ ജനിക്കുകയും ചെയ്തു.

# മോഹൻലാലിന്റെ പാൻ ഇന്ത്യൻ ചിത്രം 'വൃഷഭ' ടീസർ സെപ്റ്റംബർ 18ന്



മോഹൻലാലിനെ നായകനാക്കി ഒരുക്കുന്ന ബ്രഹ്മാണ്ഡ പാൻ ഇന്ത്യൻ ഇതിഹാസ ചിത്രം വൃഷഭയുടെ ടീസർ അനൗൺസ്മെന്റ് പോസ്റ്റർ പുറത്ത്. സെപ്റ്റംബർ 18 നാണ് ചിത്രത്തിന്റെ ടീസർ റിലീസ് ചെയ്യുന്നത്.ടീസർ അനൗൺസ്മെന്റ് പോസ്റ്ററിൽ ഗംഭീര ലുക്കിലാണ് മോഹൻലാലിനെ അവതരിപ്പിച്ചിരിക്കുന്നത്. പ്രശസ്ത സംവിധായകൻ നന്ദകിഷോർ രചനയും സംവിധാനവും നിർവഹിച്ച ചിത്രം, കണക്റ്റ് മീഡിയയും ബാലാജി ടെലിഫിലിംസും ചേർന്നാണ് അവതരിപ്പിക്കുന്നത്. ശോഭ കപൂർ, ഏക്താ ആർ കപൂർ, സികെ പത്മകുമാർ, വരുൺ മാത്തൂർ എന്നിവർ ചേർന്ന് നിർമിച്ച വൃഷഭ, ഇന്ത്യൻ സിനിമയിലെ ഇതിഹാസ തുല്യമായ കഥപറച്ചിലിനെ പുനർനിർവചിക്കാൻ പാകത്തിനാണ് ഒരുക്കുന്നത്. ആശീർവാദ് സിനിമാസ് ആണ് ചിത്രം കേരളത്തിലെത്തിക്കുന്നത്.



## 'ഇനി വരാൻ പോകുന്നത് ടോവിനോയുടെ ഫുൾ ഷോ, പിന്നെ ദുൽഖർ': **ലോക: സംവിധായകൻ**



കല്യാണി പ്രിയദർശൻ, നസ്ലെൻ എന്നിവരെ കേന്ദ്ര കഥാപാത്രങ്ങളാക്കി ഡൊമിനിക് അരുൺ ഒരുക്കിയ ഹിറ്റ് ചിത്രമാണ് ലോക. ഇപ്പോഴിതാ സിനിമയുടെ അടുത്ത ഭാഗങ്ങളെക്കുറിച്ച് വ്യക്തമാക്കിയിരിക്കുകയാണ് സംവിധായകൻ ഡൊമിനിക് അരുൺ. ടൊവിനോയെ നായകനാക്കിയുള്ള ചാത്തന്റെ കഥയാണ് ഇനി അടുത്തതായി ലോക യൂണിവേഴ്സിൽ പുറത്തിറങ്ങാൻ ഉള്ളതെന്നും അതിന് ശേഷം ദുൽഖറിന്റെ ചിത്രം വരുമെന്നും ആണ് ഡൊമിനിക് അരുൺ വ്യക്തമാക്കുന്നത്. 'അടുത്ത ഭാഗം ടൊവിനോയുടെ ചാത്തനെക്കുറിച്ചാണ്. അതൊരു ഔട്ട് ആൻഡ് ഔട്ട് ടൊവിനോ ഷോ ആയിരിക്കും. ദുൽഖറിനെ നായകനാക്കിയുള്ള മൂന്നാം ഭാഗം അതിന് ശേഷം വരും. എത്രയും പെട്ടെന്ന് തുടങ്ങണമെന്നാണ് എനിക്ക് ആഗ്രഹം' എന്നാണ് അദ്ദേഹം വ്യക്തമാക്കിയത്.

# "ദി കാൻഡിഡേറ്റ്" റോബർട്ട് റെഡ്ഫോർഡിന്റെ പൂർത്തിയാവാത്ത സ്വപ്നം



ഹോളിവുഡിലെ മഹാനായ നടനും സംവിധായകനുമായ റോബർട്ട് റെഡ്ഫോർഡ് കഴിഞ്ഞ ദിവസം ആണ് അന്തരിച്ചത്. 89-ആം വയസ്സിൽ ആണ് അദ്ദേഹത്തിന്റെ മരണം സംഭവിച്ചത്. Butch Cassidy and the Sundance Kid, The Sting, All the President's Men എന്നീ ലോക പ്രശസ്ത സിനിമകൾ കൊണ്ട് സിനിമാ ചരിത്രത്തിൽ തന്റെ സ്ഥാനം ഉറപ്പിച്ച നടൻ ആണ് അദ്ദേഹം.1972-ൽ പുറത്തിറങ്ങിയ (ദി കാൻഡിഡേറ്റ്) അദ്ദേഹത്തിന്റെ കരിയറിലെ ഒരുപാട് പ്രത്യേകളുള്ള സിനിമയാണ്.

രാഷ്ട്രീയ ജീവിതത്തിന്റെ പിന്നാമ്പുറം കാണിച്ചുകൊണ്ടുള്ള ഒരു പരിഹാസാത്മക ചിത്രമായിരുന്നു അത്. ചിത്രത്തിൽ റെഡ്ഫോർഡ് അവതരിപ്പിച്ച ബിൽ മകേ എന്ന കഥാപാത്രം ആദ്യം ഒരു സാധാരണ സ്ഥാനാർത്ഥിയായിരുന്നു, പക്ഷേ തെരഞ്ഞെടുപ്പ് മത്സരത്തിലൂടെ അദ്ദേഹം എങ്ങനെ വളർന്ന് സ്ഥാപിത രാഷ്ട്രീയത്തെ അവതരിപ്പിക്കുന്നു എന്നതാണ് കഥ. ഈ ചിത്രം ഓസ്കാർ അവാർഡ് നേടിയ സിനിമയായി മാറി.അതേസമയം റെഡ്ഫോർഡ് സാധാരണയായി സീക്വൽ ചിത്രങ്ങൾ ഇഷ്ടപ്പെടാത്ത നടനാണ്. പക്ഷേ, The Candidate സിനിമയ്ക്ക് ഒരു തുടർച്ച ഉണ്ടാകണം എന്ന് അദ്ദേഹം പലപ്പോഴും ചിന്തിച്ചിരുന്നു. 2001-ൽ പുറത്തിറങ്ങിയ The Last Castle എന്ന സിനിമയിൽ അഭിനയിക്കുമ്പോൾ, സംവിധായകൻ റോഡ് ലൂറിയുമായി ചേർന്ന് അദ്ദേഹം ''ദി കാൻഡിഡേറ്റ്''യുടെ രണ്ടാം ഭാഗം ചർച്ച ചെയ്തിരുന്നു. റെഡ്ഫോർഡിന്റെ കഥാപാത്രമായ ബിൽ മകേ സിനിമയുടെ രണ്ടാം ഭാഗത്തിൽ മുൻ പ്രസിഡന്റ് ആയി വരണം എന്നും അദ്ദേഹം ഒരു പുതിയ രാഷ്ട്രീയ സ്ഥാനാർത്ഥിയെ ഉപദേശിക്കണം എന്നും പുതിയ സ്ഥാനാർത്ഥിയായി ഡെൻസൽ വാഷിങ്ടൺ അല്ലെങ്കിൽ ജോർജ് ക്ലൂണി പോലെയുള്ള പ്രമുഖ താരങ്ങളെ ഉൾപ്പെടുത്തണം എന്നുമൊക്കെ ആയിരുന്നു അവർ തീരുമാനിച്ചത്. എന്നാൽ ഇതിനെക്കുറിച്ച് പല ചർച്ചകളും നടന്നു. റെഡ്ഫോർഡും ലൂറിയും മണിക്കൂറുകൾ കൊണ്ട് കഥയുടെ സാധ്യതകൾ ചർച്ച ചെയ്തു. പക്ഷേ തിരക്കഥ ഒരിക്കലും തുടങ്ങാനായില്ല. തുടർന്ന് മറ്റൊരു ശ്രമം എന്ന നിലയിൽ റെഡ്ഫോർഡ് പ്രശസ്ത തിരക്കഥാകൃത്തായ ലാറി ഗെൽബാർട്ടിനെ സമീപിച്ചു. ''ഞാൻ സാധാരണയായി സീക്വൽ ചിത്രങ്ങൾ എതിർക്കുന്നവനാണ്. പക്ഷേ, അമേരിക്കൻ രാഷ്ട്രീയത്തെ വീണ്ടും പരിഹസിക്കേണ്ട സമയമാണെന്ന് തോന്നുന്നു'' അദ്ദേഹം പറഞ്ഞു. പക്ഷേ, പിന്നീട് കാര്യങ്ങൾ മുന്നോട്ട് പോയില്ല. ഒടുവിൽ അദ്ദേഹത്തിന്റെ യാഥാർത്ഥ്യമാകാതെ പോയ സ്വപ്നം ആയി ചിത്രം അവശേഷിച്ചു.



# വസ്ത്രങ്ങൾക്ക് പകരം ആഭരണങ്ങൾ! അവാർഡ് വേദിയിൽ 'നേക്കഡ് ഡ്രസ്' ധരിച്ചെത്തി നടി

ഈ വർഷത്തെ എമ്മി അവാർഡ് ദാന ചടങ്ങ് കഴിഞ്ഞ ദിവസം അമേരിക്കയിലെ കാലിഫോർണിയയിലെ ലോസ് ഏഞ്ചൽസിൽ നടന്നു. നിരവധി താരങ്ങൾ എമ്മി റെഡ് കാർപെറ്റിൽ എത്തി. അവരിൽ അമേരിക്കൻ നടി ജെന്ന ഒർട്ടേഗ ഒരു പ്രത്യേക എൻട്രി നടത്തി. നേക്കഡ് വസ്ത്രം ധരിച്ച് ജെന്ന എല്ലാവരുടെയും ശ്രദ്ധ പിടിച്ചുപറ്റി.അരയ്ക്ക് മുകളിലുള്ള ഭാഗത്ത് വസ്ത്രങ്ങൾക്ക് പകരം ജെന്ന ആഭരണങ്ങൾ ഉപയോഗിച്ചു. വല പോലെ മൾട്ടി-കളർ ക്രിസ്റ്റലുകളും മുത്തുകളും കൊണ്ട് നിർമ്മിച്ച ആഭരണങ്ങൾ ആണ് അവർ ധരിച്ചിരുന്നത്. ഇതിനൊപ്പം കറുത്ത പാവാടയാണ് ജെന്ന പെയർ ചെയ്തത്. 'ദി നേക്കഡ് ഡ്രസ്' എന്നാണ് ഇംഗ്ലീഷ് മാധ്യമങ്ങൾ ജെന്നയുടെ ലുക്കിനെ വിശേഷിപ്പിച്ചത്.ഇരുപത്തിരണ്ടുകാരിയായ ജെന്ന 1992-ൽ പുറത്തിറങ്ങിയ 'ഡെത്ത് ബികംസ് ഹെർ' എന്ന ചിത്രത്തിൽ നിന്നു പ്രചോദനമുൾക്കൊണ്ടാണ് ഈ വസ്ത്രം ധരിച്ചത്. ചിത്രത്തിൽ അഭിനയിച്ച ഇസബെല്ലാ റോസ്‌ലിനി എന്ന നടി ആഭരണങ്ങൾ കൊണ്ടുള്ള വസ്ത്രം അണിഞ്ഞു വരുന്ന രംഗം ഏറെ ശ്രദ്ധ നേടിയിരുന്നു.

# ‘ജോർജുകുട്ടിയുടെ റാണി’; ദൃശ്യം3 -യിലെ ക്യാരക്റ്റർ പോസ്റ്റർ പുറത്ത്

ഇന്ത്യൻ സിനിമയിൽ തന്നെ ഏറെ പ്രശംസ നേടിയ ചിത്രമാണ് ദൃശ്യം. ജീത്തു ജോസഫ് സംവിധാനം ചെയ്ത ദൃശ്യത്തിന്റെ ആദ്യ രണ്ടു ഭാഗങ്ങൾക്കും നിറഞ്ഞ കയ്യടി നേടിയിരുന്നു. തമിഴ്, തെലുങ്ക്, ഹിന്ദി ഭാഷകളിലെല്ലാം തന്നെ ചിത്രത്തിനു റീമേക്കുകൾ ഉണ്ടായി. ഇപ്പോഴിതാ ചിത്രത്തിന്റെ മൂന്നാം ഭാഗത്തിനായുള്ള കാത്തിരിപ്പിലാണ് മലയാളികൾ. തിരക്കഥയുടെ ആദ്യഡ്രാഫ്റ്റ് എഴുതി പൂർത്തിയാക്കിയെന്നും ശാരീരികമായും മാനസികമായും ഏറെ തളർന്നുവെന്നും ജീത്തു ജോസഫ് മുൻപ് പറഞ്ഞിരുന്നു. ജോർജ് കുട്ടിയ്ക്ക് നാല് വർഷത്തിന് ശേഷമുണ്ടാകുന്ന മാറ്റങ്ങളാണ് ചിത്രത്തിന്റെ ഉള്ളടക്കമെന്നും ആദ്യ രണ്ട് ഭാഗങ്ങളെപ്പോലെ ഹെവി ഇന്റലിജെന്റ് സിനിമയാവില്ല മൂന്നാം ഭാഗമെന്നും ജീത്തു ജോസഫ് പറഞ്ഞിരുന്നു. ഇപ്പോഴിതാ ചിത്രത്തിന്റെ ക്യാരക്റ്റർ പോസ്റ്റർ പുറത്തുവിട്ടിരിക്കുകയാണ് അണിയറ പ്രവർത്തകർ.ചിത്രത്തിലെ പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുന്ന നടി മീനയുടെ പോസ്റ്ററാണ് പുറത്തുവിട്ടിരിക്കുന്നത്. മീനയുടെ പിറന്നാളിനോട് അനുബന്ധിച്ചാണ് ആശീർവാദ് സിനിമാസിന്റെ ഫേസ്ബുക്ക് പേജിലൂടെ പോസ്റ്റർ പുറത്തുവിട്ടത്. ’ഞങ്ങളുടെ റാണിക്ക് പിറന്നാളാശംസകൾ’ എന്ന് കുറിച്ചാണ് ഫേസ്ബുക്കിൽ പോസ്റ്റ് പങ്കുവെച്ചിരിക്കുന്നത്. ‘ഭൂതകാലം ഒരിക്കലും നിശബ്ദമായിരിക്കില്ല’ എന്ന ടാഗ്ലൈനോടെയാണ് ദൃശ്യം ത്രീ ടൈറ്റിൽ എഴുതിയിരിക്കുന്നത്. ഇതിനു മുൻപ് ദൃശ്യം ആദ്യ ഭാഗത്തിലെ ജോർജുകുട്ടിയുടെ കണ്ണിന്റെ ക്ലോസ് അപ്ഷോട്ടിൽ തുടങ്ങുന്ന റീലിനൊപ്പം മൂന്നാം ഭാഗത്തിന്റെ അപ്ഡേറ്റ് പുറത്തുവിട്ടിരുന്നു. ‘ദൃശ്യം 3 ഉടൻ വരുന്നു’, എന്ന് വ്യക്തമാക്കുന്ന റീലിൽ ജീത്തു ജോസഫ്, മോഹൻലാൽ, നിർമാതാവ് ആന്റണി പെരുമ്പാവൂർ എന്നിവർ പരസ്പരം കൈകൊടുത്തും ആലിംഗനംചെയ്തും അഭിവാദ്യംചെയ്യുന്നതും കാണാമായിരുന്നു.






# സൂപ്പർമാൻ സ്ട്രീമിംഗിലേക്ക്; എപ്പോൾ എവിടെ കാണാം?

തിയേറ്ററുകളിൽ പോയി സൂപ്പർമാൻ കാണാൻ കഴിഞ്ഞില്ലേ? വിഷമിക്കേണ്ട, ജെയിംസ് ഗണ്ണിന്റെ ഏറെ പ്രതീക്ഷയോടെ കാത്തിരിക്കുന്ന സിനിമയുടെ ആരാധകർക്ക് ഉടൻ തന്നെ വീട്ടിലിരുന്ന് കാണാൻ കഴിയും. സെപ്റ്റംബർ 19 വെള്ളിയാഴ്ച HBO മാക്സിൽ സിനിമ സ്ട്രീം ചെയ്യാൻ തുടങ്ങുമെന്ന് ജെയിംസ് അറിയിച്ചു. ജൂലൈ 11 ന് വാർണർ ബ്രദേഴ്സ് റിലീസ് ചെയ്ത സൂപ്പർമാൻ ആഗോള ബോക്സ് ഓഫീസിൽ വളരെ പെട്ടെന്ന് തന്നെ വൻ വിജയമായി മാറി. ചിത്രത്തിൽ ഡേവിഡ് കോറെൻസ്വെറ്റ് ആണ് സൂപ്പർമാന്റെ വേഷത്തിലെത്തുന്നത്. സൂപ്പർമാന്റെ വേഷം കൈകാര്യം ചെയ്യുന്ന പത്താമത്തെ നടനാണ് ഡേവിഡ് കോറൻസ്വെറ്റ്. ഇതിനുമുൻപ് സൂപ്പർമാനായി സ്ക്രീനിലെത്തിയത് ഹെൻറികാവിൽആയിരുന്നു.ലോകമെമ്പാടുമായി 615 മില്യൺ ഡോളർ കളക്ഷൻ ചിത്രം നേടി. യുഎസ് ഓപ്പണിംഗിൽ നിന്ന് 125 മില്യൺ ഡോളർ നേടുകയുണ്ടായി. ചിത്രത്തിൽ റേച്ചൽ ബ്രോസ്നഹൻ, നിക്കോളാസ് ഹോൾട്ട്, നഥാൻ ഫില്ല്യൻ, ഇസബെല്ലാ മേഴ്സ്ഡ്, മില്ലി അൽകോക്ക് എന്നിവരും പ്രധാന വേഷങ്ങളിൽ അഭിനയിക്കുന്നുണ്ട്. പുതിയ ഡിസി യൂണിവേഴ്സിലെ ആദ്യ ചിത്രമായ സൂപ്പർമാന് പിന്നാലെ സൂപ്പർ ഗേൾ, ക്ലേഫേസ് തുടങ്ങിയ ചിത്രങ്ങളും അടുത്ത വർഷം തിയറ്ററുകളിലെത്തും.



## നെറ്റ്ഫ്ലിക്സിൽ നിന്ന് ’ഗുഡ് ബാഡ് അഗ്ലി’ നീക്കം ചെയ്തു; കാരണം ഇതാണ്

അജിത് കുമാറിനെ നായകനാക്കി ആധിക് രവിചന്ദ്രൻ സംവിധാനം ചെയ്ത ’ഗുഡ് ബാഡ് അഗ്ലി’ എന്ന ചിത്രം നെറ്റ്ഫ്ലിക്സിൽ നിന്ന് നീക്കം ചെയ്തതായി റിപ്പോർട്ട്. അനുമതിയില്ലാതെ സിനിമയിൽ ഇളയരാജ സംഗീതം നൽകിയ പാട്ടുകൾ ഉപയോഗിച്ചിരുന്നു.അതേസമയം ഇതിനെതിരെ ഇളയരാജ കോടതിയിൽ നൽകിയ ഹർജിലാണ് നെറ്റ്ഫ്ലിക്സ് സിനിമ ഒടിടിയിൽ നിന്ന് നീക്കം ചെയ്തിരിക്കുന്നത്. നെറ്റ്ഫ്ലിക്സ് അടക്കമുള്ള ഒടിടി പ്ലാറ്റ്ഫോമുകളിൽ സിനിമയുടെ പ്രദർശനം മദ്രാസ് ഹൈക്കോടതി വിലക്കിയിരുന്നു. അഞ്ച് കോടി രൂപ നഷ്ടപരിഹാരം വേണമെന്നും ഇളയരാജ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ഗാനത്തിന്റെ പകർപ്പവകാശം കൈവശം വെച്ചിരിക്കുന്നവരിൽ നിന്ന് അനുമതി വാങ്ങിയിട്ടുണ്ടെന്നായിരുന്നു സിനിമയുടെ നിർമാതാക്കളായ മൈത്രി മൂവി മേക്കേഴ്സിന്റെ വാദം. ഏപ്രിൽ പത്തിനാണ് ഗുഡ് ബാഡ് അഗ്ലി പുറത്തിറങ്ങിയത്.





# ആദ്യത്തെ കൺമണിയെ വരവേൽക്കാൻ കത്രീന - വിക്കി ദമ്പതികൾ

അമ്മയാകാനൊരുങ്ങി ബോളിവുഡ് താരം കത്രീന കൈഫ്. കത്രീന കൈഫിന്റെയും വിക്കി കൗശലിന്റെയും ആദ്യത്തെ കൺമണി ഈ വർഷം ഒക്ടോബർ-നവംബർ മാസങ്ങളോടെ എത്തുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.ദമ്പതികൾ ഔദ്യോഗികമായി ഈ വാർത്ത സ്ഥിരീകരിച്ചിട്ടില്ലെങ്കിലും, വിശ്വസ്ത വൃത്തങ്ങളെ ഉദ്ധരിച്ച് എൻഡിടിവി അടക്കമുള്ള മാധ്യമങ്ങൾ ഈ വിവരം പുറത്തുവിട്ടു.മാസങ്ങളായി കത്രീന പൊതുവേദികളിൽ നിന്ന് വിട്ടുനിൽക്കുന്നതും, അയഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നതുമെല്ലാം ഗർഭധാരണത്തെക്കുറിച്ചുള്ള അഭ്യൂഹങ്ങൾക്ക് വഴിവച്ചിരുന്നു.2021 ഡിസംബറിലാണ് കത്രീന കൈഫും വിക്കി കൗശലും വിവാഹിതരായത്. കത്രീന കൈഫിന്റെയും വിക്കി കൗശലിന്റെയും പ്രണയകഥ ബോളിവുഡിൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒന്നാണ്.

# മാഷേ, സർക്കാർ സർവീസിലുമുണ്ട് ഇടിമുറിയും 'ഷഡ്ഡിപ്പുറത്തുള്ള' ലോക്കപ്പ് മർദ്ദനവും...

കേരളാ വിൻഡോ



ആന്റണി ചടയംമുറി

പൊലീസിന്റെ ഇടിമുറി, ലോക്കപ്പ് മർദ്ദനം തുടങ്ങിയ വിഷയങ്ങളായിരുന്നു കഴിഞ്ഞ ആഴ്ചക്കുറിപ്പിലെ ചർച്ച. ഇത്തരം മർദ്ദന സംവിധാനങ്ങളും നിരന്തരമായ വേട്ടയാടലുമെല്ലാം സർക്കാർ സർവീസിലുമുണ്ടെന്ന വാർത്തകളെപ്പറ്റി ചിന്തിക്കാൻ നാം വൈകിയോ എന്ന സന്ദേഹം സ്വാഭാവികമാണ്. ഏതൊരു ഭരണ കാലഘട്ടത്തിലും ഭരിക്കുന്നവരെ 'സോപ്പിടുന്ന' ഒരുപറ്റം സർക്കാർ ജീവനക്കാരെക്കുറിച്ച് നാം കേൾക്കാറുണ്ട്.







പിണറായിയുടെ പഴയ 'സ്വപ്ന കാമുകൻ' ചീഫ് സെക്രട്ടറിയെ ഓർമ്മയില്ലേ? ഉമ്മൻ ചാണ്ടിക്കും പിണറായിക്കും ഒരുപോലെ 'ബെസ്റ്റി' യായിരുന്ന ആ മാന്യ ശിവശങ്കര തിലകം. ഒടുവിൽ എല്ലാ അടവും പയറ്റിയിട്ടും ശിവശങ്കറിനെ സംരക്ഷിക്കാൻ കഴിയാതെ അദ്ദേഹത്തിന് സർവീസിൽ നിന്ന് വിരമിക്കേണ്ടി വന്നു. അദ്ദേഹത്തിന്റെ ആനുകൂല്യങ്ങളെല്ലാം മുടക്കം കൂടാതെ നൽകാൻ സർക്കാരും ശ്രദ്ധവയ്ക്കുന്നു.

കാരണം റിട്ടയർ ചെയ്താലും ഭരിക്കുന്നവരുടെ ഉറക്കം കെടുത്താൻ കഴിയുന്ന 'ചില്ലറ വെടി മരുന്നുകൾ' ഇത്തരക്കാർ കൈവശം വച്ചിട്ടുണ്ടാകാമെന്ന ഒരു തോന്നൽ സർക്കാർ തലപ്പത്തുണ്ട്. ഒരർത്ഥത്തിൽ കണ്ണൂർ ജയിലിലും മറ്റും കഴിയുന്ന രാഷ്ട്രീയത്തടവുകാരുടെ സുഖവാസ മോഡൽ ജീവിതമായിരിക്കാം ഇപ്പോൾ ഇവർ നയിച്ചുവരുന്നത്.

### അ'ശോക' നും പ്ര'ശാന്ത' നും...

സർക്കാർ സർവീസിൽ എവിടെ നിയമിച്ചാലും ആത്മാർത്ഥതയോടെ ജോലി ചെയ്യുന്ന സർക്കാർ ജീവനക്കാരുടെ പട്ടികയിൽ എന്തുകൊണ്ടും 'നമ്പർ വൺ' വിഭാഗത്തിൽ ഉൾപ്പെടുത്താവുന്ന ബി. അശോകും പ്രശാന്ത് നായരുമെല്ലാം ഇന്ന് സർക്കാർ സർവീസിലെ ഇടിമുറികളിൽ 'മർദ്ദനം' അനുഭവിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളജിലെ ന്യൂറോളജി വിഭാഗം മേധാവി ഡോ. ഹാരിസിനെ 'പെരുമാറാൻ' ആരോഗ്യവകുപ്പ് മന്ത്രിയുടെ ആശിർവാദത്തോടെ ചില മേധാവികൾ കരുനീക്കിയെങ്കിലും, യൂണിയന്റെ സംരക്ഷണവും ഒപ്പം മാധ്യമങ്ങളുടെ ഡാർലിങ്ങുമായി മാറിയ ഡോ. ഹാരിസിനെ തൽക്കാലം സർക്കാർ തൊട്ടിട്ടില്ല.

എന്തിനാണ് ബി. അശോകിനെ ഇത്രത്തോളം സർക്കാർ കഷ്ടപ്പെടുത്തുന്നത്? സർക്കാർ സർവീസിൽ മൂന്നു ഇനം ജോലിക്കാരാണുള്ളത്. ഒന്നാമത്തെ കൂട്ടർ ഏത് ഭരണം വന്നാലും തുഴഞ്ഞുനിൽക്കും. ജനക്ഷേമമൊക്കെ അവരുടെ ഡയലോഗിൽ മാത്രം. രണ്ടാമത്തെ വിഭാഗത്തിൽ പെടുന്നവർ ഉണ്ണുന്ന ചോറിന് നന്ദി കാണിക്കണമെന്ന നിർബന്ധക്കാരാണ്. അവർ കഷ്ടപ്പെട്ട് ഫയലുകൾ പഠിക്കും. ജനങ്ങൾക്ക് ചെയ്യാവുന്ന നന്മകൾ ചെയ്യാൻ താൽപ്പര്യമുള്ളവരുമായിക്കും. മൂന്നാമത്തെ ഗ്രൂപ്പിലുള്ളവർ ഭരിക്കുന്ന പാർട്ടിക്കുവേണ്ടിയും എങ്ങനെയും 'പത്ത് ചക്രം' ഒപ്പിക്കാനുമെല്ലാം 'വീടുപണി' ചെയ്യാൻ മടിക്കാത്തവരാണ്.

ഇവർക്ക് അവരുടെ കാര്യം മാത്രമേ മുമ്പിലുണ്ടാവൂ. ജനങ്ങളോ, പോടാ പുല്ലേയെന്ന മട്ട്. പാർട്ടിയും പാർട്ടിയിലെ എമ്പുരാനും കൂട്ടിനുണ്ടെങ്കിൽ പിന്നെ എന്തു നോക്കാനെന്ന മട്ടിൽ ചിന്തിക്കുന്ന ഇവരാണ് നമ്മുടെ നാട്ടിലെ മനുഷ്യരുടെ സ്വൈര്യജീവിതം തടസ്സപ്പെടുത്തുന്നത്.

### 'കേര, കേരള' പ്രിയം വിനയായപ്പോൾ

ബി. അശോക് ഒന്നല്ല, രണ്ട് ഡോക്ടറേറ്റുള്ള ഉദ്യോഗസ്ഥനാണ്. അന്താരാഷ്ട്രതലത്തിൽ തന്നെ സെമിനാറുകളിൽ പങ്കെടുക്കും. നല്ല വായനയുണ്ട് കേരളത്തെക്കുറിച്ച് സ്വപ്നം കാണുന്ന ഒരാൾ. ആദ്യം കെ.എസ്.ആർ.ടി.സി. നന്നാക്കാൻ നോക്കി. പാർട്ടിയും യൂണിയൻകാരും ചവിട്ടിയൊതുക്കി. ഒരു കാലത്തും 'കുരുപ്പ്' പോലും മുളയ്ക്കുമെന്നു കരുതാനാവാത്ത കൃഷിവകുപ്പിലേക്ക് അശോകിനെ തട്ടി.

ആ പാവം, കേരളത്തിന്റെ പേരിന് നിദാനമായ തെങ്ങിൽ തന്നെ പിടിച്ചു കയറി. കേരളത്തിന് നാളികേരകൃഷിയിൽ വൻകുതിപ്പേകാൻ കഴിയുന്ന വിധത്തിൽ ലോകബാങ്കിന് അശോക് ഒരു പ്രൊജക്ട് തയ്യാറാക്കി. ലോകബാങ്ക് ആ പ്രൊജക്ടിൽ ആകൃഷ്ടരായി. പദ്ധതിക്ക് ധനസഹായവും ഉറപ്പായി. കേന്ദ്രത്തിന്റെ ഗ്യാരന്റിയോടെ കേരളത്തിന് ആദ്യ ഗഡുവെന്ന നിലയിൽ 49.37 കോടി രൂപ അനുവദിച്ചു.

എന്നാൽ ഈ പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം നടത്താൻ സർക്കാർ തയ്യാറായില്ല. 4 മാസത്തിനിടെ കിട്ടിയ കോടികളിൽ നിന്ന് പദ്ധതിക്കായി ചെലവഴിച്ചത് വെറും 6.24 കോടി രൂപ! എന്നിട്ടും 2025 മാർച്ച് 17ന് വേൾഡ് ബാങ്ക് 139.65 കോടി രൂപ കൂടി കേരളത്തിന് നൽകി. കേന്ദ്രസർക്കാർ വഴി ട്രഷറി അക്കൗണ്ടിലേക്കാണ് പണമെത്തിയത്. എന്നാൽ സംസ്ഥാന സർക്കാർ ഈ തുക വകമാറ്റി ചെലവഴിക്കാനുള്ള പുറപ്പാടിലായിരുന്നു. ലോകബാങ്ക് ഇതറിഞ്ഞ് വകമാറ്റിയ തുക തിരിച്ച് കൃഷി വകുപ്പിനു നൽകണമെന്ന് ആവശ്യപ്പെട്ടു. എന്നാൽ ഭാഗികമായി മാത്രമേ സർക്കാർ പണം കൃഷിവകുപ്പിന് നൽകിയുള്ളൂ. അങ്ങനെ 2025 മെയ് 9ന് കൃഷിവകുപ്പിന്റെ അക്കൗണ്ടിൽ 49.37 കോടി രൂപയെത്തി.

ഒരർത്ഥത്തിൽ കേരളത്തിന്റെ ഏറ്റവും സുപ്രധാനമായ നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനായി 2365.48 കോടി രൂപ സംസ്ഥാനത്തിന് ലഭിക്കേണ്ടതാണ്. ഇതിൽ 1655.83 കോടിയും ലോകബാങ്ക് വിഹിതമാണ്. പദ്ധതി നടപ്പാക്കാൻ 5 വർഷം കാലയളവുണ്ട്. വായ്പ തിരിച്ചടക്കാൻ 23.5 വർഷം നീണ്ട സമയപരിധിയുമുണ്ട്. കിട്ടുന്ന കാശിന് തെങ്ങ് വച്ചാൽ, അതിൽ നിന്നുള്ള തേങ്ങ വിറ്റായാലും പണം തിരിച്ചടയ്ക്കാം. തിരിച്ചടവിൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടായാൽ 6 വർഷത്തെ മൊറട്ടോറിയവും ലോകബാങ്ക് നിബന്ധനകളിലുണ്ട്.

### 'ചോർന്ന'തിന്റെ പേരിൽ ചൊറിച്ചിൽ...'

ലോകബാങ്ക് വായ്പ വക മാറ്റിയത് മാധ്യമങ്ങളിൽ വാർത്തയായതാണ് വീണ്ടും കാർഷികോൽപ്പാദന കമ്മീഷണറും കൃഷിവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുമായ ബി.അശോകിന്റെ പിന്നാലെ പായാൻ സർക്കാരിനെ പ്രേരിപ്പിച്ചത്. ഇതോടെ ഒരു കാലത്തും ഗുണം പിടിക്കാൻ സാധ്യതയില്ലാത്ത കെ.ടി.ഡി.എഫ്.സി.യുടെ മേധാവിയായി അദ്ദേഹത്തെ സർക്കാർ നിയമിച്ചു.

അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അശോക് പരാതിപ്പെട്ടതോടെ, ആ സ്ഥലംമാറ്റം റദ്ദായി. വീണ്ടും കഴിഞ്ഞ ദിവസം ഭരണപരിഷ്ക്കാര കമ്മീഷനിലേക്കായിരുന്നു അശോകിനെ മാറ്റിയത്. അതും ട്രൈബ്യൂണൽ ഇപ്പോൾ സ്റ്റേ ചെയ്തു കഴിഞ്ഞു.

സർക്കാരിനോട് ഒരു ഏറ്റുമുട്ടലിന് തയ്യാറാകാതെ കേന്ദ്രസർവീസിലേക്ക് പോകാൻ ബി.അശോക് സംസ്ഥാന സർക്കാറിന്റെ അനുമതി തേടിയെങ്കിലും അതും പിണറായി സർക്കാർ തടഞ്ഞു. വി.എസ്.എസ്.സി.യിൽ ചീഫ് കൺട്രോളറായി നിയമിക്കപ്പെടാൻ സ്റ്റേറ്റിന്റെ അനുമതി തേടിയത് 2025 ജൂൺ 11നാണ്. എന്നാൽ വിജിലൻസ് ക്ലിയറൻസ് റിപ്പോർട്ട് ചീഫ് സെക്രട്ടറി ഇതേവരെ അശോകിന് നൽകിയിട്ടില്ല.

ആ നിയമനം ലഭിക്കാനുള്ള കാലാവധി കഴിഞ്ഞു. ആയുഷ് ഡിപ്പാർട്ടുമെന്റിൽ അശോകിനെതിരെ കേസുണ്ടെന്നാണ് സർക്കാരിന്റെ പുതിയ വാദം. എന്നാൽ ലോകായുക്തയിൽ നിന്ന് ലഭിച്ച വിവരാവകാശ രേഖ പ്രകാരം ഇത്തരമൊരു കേസില്ലെന്ന് അവർ വ്യക്തമാക്കിയ രേഖ അശോകിന്റെ കൈവശമുണ്ട്. എന്നാൽ അതൊന്നും 'കലിപൂണ്ട്' നിൽക്കുന്ന ചില ഉദ്യോഗസ്ഥർ കാണുന്നതേയില്ല.

നിലവിൽ കേരളത്തിലെ ഐ.എ.എസ്. ഉദ്യോഗസ്ഥരുടെ യൂണിയന്റെ പ്രസിഡന്റായിട്ടും, അശോകിനെ ഇങ്ങനെ 'വളഞ്ഞിട്ട് ആക്രമിക്കാൻ' യൂണിയൻ എന്തുകൊണ്ട് മൗനസമ്മതം നൽകുന്നുവെന്നതിലും വിശദീകരണമൊന്നുമില്ല.

### പഴയ 'കളക്ടർ ബ്രോ'യും കലിപ്പിൽ

സർക്കാരിന്റെ കണ്ണിലെ മറ്റൊരു കരടാണ് പ്രശാന്ത് നായർ ഐ.എ.എസ്. കോഴിക്കോട് കളക്ടറായിരിക്കെ ജനങ്ങൾക്കും കുട്ടികൾക്കുപോലും പ്രിയങ്കരനായ 'കളക്ടർ ബ്രോ' യും ഇപ്പോൾ ഹിറ്റ്ലിസ്റ്റിലാണ്. ഇപ്പോഴത്തെ സെക്രട്ടറി എ. ജയതിലകും പ്രശാന്തും തമ്മിലുള്ള പോര് പലപ്പോഴും ഫേസ്ബുക്ക് വാർ ആയി മാറാറുമുണ്ട്.

പ്രശാന്തിനെ സർവീസിൽ തിരിച്ചെടുക്കാതെ വട്ടം കറക്കുന്ന ചീഫ് സെക്രട്ടറി എ.ജയതിലകിനെതിരെ പ്രശാന്ത് നായർ നവമാധ്യമങ്ങളിൽ നിരന്തര പ്രചാരണത്തിലാണ്. എന്നിട്ടും ഇവർ തമ്മിലുള്ള പ്രശ്നം തീർക്കാൻ സർക്കാർ തുനിയുന്നതേയില്ല.

പ്രശാന്തിനെപോലെ സർക്കാർ വെറുക്കുന്ന മറ്റൊരു ഉദ്യോഗസ്ഥനാണ് യോഗേഷ് ഗുപ്ത എന്ന ഐ.പി.എസുകാരൻ. നിലവിൽ അഗ്നിരക്ഷാസേനാ മേധാവിയാണ് യോഗേഷ് ഗുപ്ത. ഡിജിപിയായി നിയമിക്കാനുള്ള പട്ടികയിലെ പേരുകാരനായ ഗുപ്ത വിജിലൻസ് മേധാവിയായിരിക്കെ പിണറായിയുടെ വിശ്വസ്തനായ ഒരു ഉന്നതനെതിരെയുള്ള വിവരങ്ങൾ വിവരാവകാശ രേഖയായി നൽകിയതാണ് അദ്ദേഹത്തെ സർക്കാരിന് അനഭിമതനാക്കിയത്.

കേന്ദ്ര ഡെപ്യൂട്ടേഷൻ തേടി ഗുപ്ത നൽകിയ അപേക്ഷ വിജിലൻസ് തൽസ്ഥിതി വിവര റിപ്പോർട്ട് കേന്ദ്രത്തിനു നൽകാതെ ഉഴപ്പുകയാണ് സർക്കാർ. ഉദ്യോഗസ്ഥരെ തന്നെ ഉദ്യോഗസ്ഥർക്ക് എതിരെ രംഗത്തിറക്കി സ്വന്തം ഇഷ്ടക്കാരെ തൊട്ടാൽ തൊട്ടവനെ തട്ടും എന്ന രീതി ഒരു ഭരണകൂടത്തിന് യോജിച്ചതാണോ?

### കോൺഗ്രസ് ഭരണമായിരുന്നെങ്കിൽ...?

സർക്കാർ ജീവനക്കാരുടെ പലവിധത്തിലുള്ള 84,000 കോടി രൂപ വരുന്ന ആനുകൂല്യങ്ങൾ ഈ സർക്കാർ നൽകാനുണ്ടെന്നു പറഞ്ഞ് ഒരു പറ്റം സർക്കാർ ജീവനക്കാരും പെൻഷൻകാരും കഴിഞ്ഞ ദിവസം സെക്രട്ടറിയേറ്റിനു മുമ്പിൽ സമരം തുടങ്ങിയിട്ടുണ്ട്. ഡി.എ. കുടിശ്ശിക തന്നെ ഈ സർക്കാർ നൽകാനുള്ളത് 24000 കോടി രൂപയാണ്. കോൺഗ്രസും സഖ്യകക്ഷികളുമാണ് ഇപ്പോൾ കേരളം ഭരിച്ചിരുന്നതെങ്കിൽ സർക്കാർ ജീവനക്കാർ ഇവിടെ മന്ത്രിമാരുടെ നെഞ്ചത്ത് സുംബാ ഡാൻസ് കളിച്ചേനെ. വിഹിതം വാങ്ങി പെട്ടിയിലിട്ട എത്രയോ തൊഴിലാളിക്ഷേമനിധികളാണ് ഇപ്പോൾ സംസ്ഥാനത്ത് ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലുമെന്ന മട്ടിൽ കഴിയുന്നത്?

ശമ്പളം, പി.എഫ്, ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകാതെ സി.പി.ഐ. ഭരിക്കുന്ന വി.എഫ്.സി.കെ. (പഴം പച്ചക്കറി കോർപ്പറേഷൻ തന്നെ) യിൽ പോലും ചെയർമാനും അംഗങ്ങൾക്കുമൊന്നും ശമ്പളമൊന്നും ഇതേവരെ മുടങ്ങിയിട്ടില്ലെന്നത് എത്ര നല്ല 'തൊഴിലാളി സ്നേഹ വാർത്ത'യാണല്ലേ? അതെ ഉന്നതന്മാർ സ്വർഗത്തിലും, മോഹൻലാൽ ഒരു സിനിമയിൽ പറയുന്നതുപോലെ ജനം 'അണ്ടർവേർഡി'ലും കഴിയുന്ന ഈ 'കേരളാ മോഡൽ' ഭരണം നീണാൾ നടക്കട്ടെ. പിന്നാലെയുണ്ടാകും, അപ്പോഴും പാർട്ടി കൊണ്ടു മാത്രം ജീവിക്കുന്ന കുറെ....കൾ! മർദ്ദന ഭയം മൂലം ഈ വാക്ക് പൂരിപ്പിക്കുന്നില്ല.

സോറി പ്രവാസികളേ...!

# നരേന്ദ്രമോദിക്ക് 75 വയസ്സ് തികഞ്ഞിരിക്കുന്നു, ഈ പ്രായം മോദിക്ക് ബാധകമാണോ..?

പ്രധാനമന്ത്രി നരേന്ദ്രമോദിക്ക് എഴുപത്തിയഞ്ചു വയസ്സു തികഞ്ഞിരിക്കുന്നു. അനുമോദനങ്ങൾ. പ്രധാനമന്ത്രിപദത്തിൽ അദ്ദേഹം എത്തിയിട്ടിപ്പോൾ പന്ത്രണ്ടാം വർഷത്തിലേക്ക് കടക്കുകയുമാണ്. ആരാധകർക്ക് നരേന്ദ്ര മോദി ആദരണീയ രാഷ്ട്രീയഗോപുരമാണ്. രാജ്യത്തെ പുരോഗതിയിലേക്കും ഉന്നതിയിലേക്കും നയിച്ചുകൊണ്ടിരിക്കുന്ന കരുത്തനായ നായകൻ.

1950 സെപ്തംബർ 17ന് ബോംബെ സംസ്ഥാനത്തെ, ഇന്നത്തെ ഗുജറാത്ത് മെഹ്സാന ജില്ലയിലെ വാദ്നഗറിൽ ഒരു ഗുജറാത്തി കുടുംബത്തിലാണ് നരേന്ദ്ര ദാമോദർദാസ് മോദി ജനിച്ചത്. ദാമോദർദാസ് മുൽചന്ദ് മോദി-ഹിരാബെൻ മോദി എന്നിവർക്ക് ജനിച്ച ആറ് മക്കളിൽ മൂന്നാമനായിരുന്നു മോദി. പിതാവിന്റെ ചായക്കട ആയിരുന്നു ആ കുടുംബത്തിന്റെ ജീവിത മാർഗം. മോദിക്ക് എട്ട് വയസ്സുള്ളപ്പോൾ, അദ്ദേഹം ആർ.എസ്.എസിൽ ചേരുകയും പരിശീലനം തുടരുകയും ചെയ്തു. ഹയർ സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി. അക്കാലത്ത് നാടകങ്ങളിൽ അഭിനയിക്കുക എന്നത് മോദിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വിനോദമായിരുന്നു.

ആർ.എസ്.എസുമായുള്ള ബന്ധത്തിൽ നിന്നാണ് ലക്ഷ്മൺറാവു ഇനാംദാറിനെ കണ്ടുമുട്ടുന്നത്. പിന്നീട് മോദിയുടെ രാഷ്ട്രീയ ഉപദേഷ്ടാവായി അദ്ദേഹം മാറി. ആർ.എസ്.എസിൽ പരിശീലനം നേടുന്നതിനിടയിൽ, 1980 ൽ ബി.ജെ.പിയുടെ ഗുജറാത്ത് യൂണിറ്റ് സ്ഥാപിക്കാൻ നിയോഗിച്ച നേതാക്കളുടെ കൂടെക്കൂടി മോദി. അവരിൽ ചിലർ ജനസംഘം നേതാക്കളായിരുന്നു. അവരുമായി മോദി അടുത്ത ബന്ധം സ്ഥാപിച്ചു. ഇതിനിടയ്ക്ക് പരമ്പരാഗത ആചാരപ്രകാരം, മോദി യശോദബെൻ ചിമൻലാലെ വിവാഹം കഴിച്ചു. അവർക്ക് 17 വയസ്സും മോദിക്ക് 18 വയസ്സും. താമസിയാതെ, അദ്ദേഹം ഭാര്യയെ ഉപേക്ഷിച്ചു, വീട് വിട്ടു. ദമ്പതികൾ ഒരിക്കലും വിവാഹമോചനം നേടിയില്ല. മോദി തുടർന്നുള്ള രണ്ട് വർഷം വടക്കു കിഴക്കൻ ഇന്ത്യയിലൂടെ സഞ്ചരിച്ചു. അതിനുശേഷം അദ്ദേഹം കൊൽക്കത്ത, പശ്ചിമ ബംഗാൾ, അസം എന്നിവിടങ്ങളിൽ സന്ദർശനം നടത്തി. സിലിഗുരി, ഗുവാഹത്തി എന്നിവിടങ്ങളിൽ തങ്ങി. തുടർന്ന് അദ്ദേഹം അൽമോറയിലെ രാമകൃഷ്ണ ആശ്രമത്തിലേക്ക് പോയി.



വീണ്ടും നാട്ടിലെത്തി അമ്മാവനോടൊപ്പം താമസിക്കുകയും ഗുജറാത്ത് സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ അമ്മാവന്റെ കാന്റീനിൽ ജോലി ചെയ്തു. അങ്ങിനെയിരിക്കെ ജനസംഘം സംഘടിപ്പിച്ചതും വാജ്പേയി നയിച്ചതുമായ ഡൽഹിയിലെ സത്യാഗ്രഹത്തിൽ പങ്കെടുത്തത്. മോദിയുടെ ആദ്യത്തെ രാഷ്ട്രീയ പ്രവർത്തനം അതായിരുന്നു. ഇന്തോ-പാകിസ്ഥാൻ യുദ്ധത്തിനു ശേഷം മോദി തന്റെ അമ്മാവന്റെ കാന്റീനിലെ ജോലി ഉപേക്ഷിച്ച് ആർ.എസ്.എസിന്റെ മുഴുവൻ സമയ പ്രചാരകനായി.

1979ൽ അദ്ദേഹം ഡൽഹിയിൽ ആർ.എസ്.എസിനായി പ്രവർത്തിക്കാൻ പോയി. അവിടെ മോദി ആർ.എസ്.എസിന്റെ ചരിത്രത്തെക്കുറിച്ച് ആഴത്തിൽ മനസിലാക്കി. താമസിയാതെ, അദ്ദേഹം ഗുജറാത്തിലേക്ക് മടങ്ങി. 1985ൽ ആർ.എസ്.എസ് അദ്ദേഹത്തെ ബി.ജെ.പിയിൽ നിയമിച്ചു. 1987ൽ, അഹമ്മദാബാദ് മുനിസിപ്പൽ തിരഞ്ഞെടുപ്പിൽ ബി.ജെ.പിയുടെ പ്രചാരണം സംഘടിപ്പിക്കാൻ മോദി സഹായിച്ചു. 1986ൽ അദ്വാനി ബി.ജെ.പിയുടെ പ്രസിഡന്റായതിനുശേഷം ആർ.എസ്.എസ് തങ്ങളുടെ അംഗങ്ങളെ പാർട്ടിക്കുള്ളിലെ പ്രധാന സ്ഥാനങ്ങളിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചു. അഹമ്മദാബാദ് തിരഞ്ഞെടുപ്പിലെ മോദിയുടെ പ്രവർത്തനങ്ങളാണ് അദ്ദേഹത്തെ ഈ സ്ഥാനത്തേക്ക് എത്തിച്ചത്.

**രണ്ട് കാര്യങ്ങളാണ് മോദിയുടെ 75–ാം പിറന്നാളിനെ രാഷ്ട്രീയമായി ശ്രദ്ധേയമാക്കുന്നത്. ഒന്ന് അദ്ദേഹം ഭരണത്തിൽ വന്നപ്പോൾ ബി.ജെ.പിയിൽ നടപ്പാക്കിയ പ്രായപരിധി. 75 വയസ്സ് കഴിഞ്ഞ മുതിർന്ന നേതാക്കൾ സജീവപ്രവർത്തനങ്ങളിൽനിന്ന് ഒഴിവായി മാർഗദർശക് മണ്ഡലിലേക്ക് മാറു കയാണ് വേണ്ടതെന്നു പറഞ്ഞിരുന്നു. അതിപ്പോൾ മോദിക്കു ബാധകമല്ലേ..?**

1987 ൽ മോദി ബി.ജെ.പിയുടെ ഗുജറാത്ത് യൂണിറ്റിന്റെ ഓർഗനൈസിംഗ് സെക്രട്ടറിയായി. 1990 ൽ ദേശീയ തിരഞ്ഞെടുപ്പ് കമ്മിറ്റിയിൽ അംഗമായി. 1990 ൽ അദ്വാനിയുടെ രാമ രഥയാത്രയും 1991-1992 ൽ മുരളി മനോഹർ ജോഷിയുടെ ഏകതാ യാത്രയും സംഘടിപ്പിക്കാനും മോദി മുന്നിലുണ്ടായിരുന്നു. ഗുജറാത്തിൽ നിന്നുള്ള ബി.ജെ.പി.എം.പിയായ ശങ്കർസിങ് വഗേലയുമായുള്ള സംഘർഷത്തെത്തുടർന്ന് 1994ൽ മോദി തിരഞ്ഞെടുപ്പ് രാഷ്ട്രീയത്തിലേക്ക് മടങ്ങി. അദ്വാനിയുടെ നിർബന്ധപ്രകാരം ഭാഗികമായി പാർട്ടി സെക്രട്ടറി എന്ന നിലയിൽ, 1995 ലെ സംസ്ഥാന നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി വിജയത്തിന് മോദിയുടെ തിരഞ്ഞെടുപ്പ് തന്ത്രം വിജയകരമായിരുന്നു. ആ വർഷം നവംബറിൽ, മോദിയെ ബി.ജെ.പി ദേശീയ സെക്രട്ടറിയായി.

അടുത്ത വർഷം, ഗുജറാത്തിൽ നിന്നുള്ള ബി.ജെ.പി നേതാവായ ശങ്കർസിങ് വഗേല ലോക്സഭാ തിരഞ്ഞെടുപ്പിൽ പാർലമെന്റ് സീറ്റ് നഷ്ടപ്പെട്ടതിനെത്തുടർന്ന് ഇന്ത്യൻ നാഷണൽ കോൺഗ്രസിലേക്ക് കൂറുമാറി. 1998ലെ ഗുജറാത്ത് നിയമസഭാ തിരഞ്ഞെടുപ്പിനുള്ള സെലക്ഷൻ കമ്മിറ്റിയിൽ അംഗമായിരുന്ന മോദി, പാർട്ടിയിലെ വിഭാഗീയത അവസാനിപ്പിക്കാൻ വഗേലയെ പിന്തുണയ്ക്കുന്നവരെക്കാൾ ബി.ജെ.പി നേതാവ് കേശുഭായ് പട്ടേലിനോട് അടുപ്പമുള്ളവരെ പിന്താങ്ങുകയാണുണ്ടായത്. 1998 ലെ തിരഞ്ഞെടുപ്പിൽ ബി.ജെ.പി ഭൂരിപക്ഷം നേടുന്നതിൽ മോദിയുടെ തന്ത്രം വിജയം കണ്ടു.

ആ വർഷം മോദിയെ ബി.ജെ.പി ജനറൽ സെക്രട്ടറിയായി തിരഞ്ഞെടുത്തു. പിന്നീങ്ങോട്ട് മോദി വെച്ചടി വെച്ചടി വളരുകയായിരുന്നു. 2001 ൽ, കേശുഭായ് പട്ടേലിന്റെ അനാരോഗ്യം ഉപതിരഞ്ഞെടുപ്പുകളിൽ ബി.ജെ.പിക്ക് നിയമസഭാ സീറ്റുകൾ നഷ്ടമാക്കി. അധികാര ദുർവിനിയോഗം, അഴിമതി എന്നീ ആരോപണങ്ങൾ ഉയർന്നുവന്നു, 2001ൽ ഭുജിൽ ഉണ്ടായ ഭൂകമ്പം കൈകാര്യം ചെയ്ത രീതി പട്ടേലിന്റെ പ്രതിച്ഛായയ്ക്ക് മങ്ങലേൽപ്പിച്ചു.

അദ്വാനിയുടെ താല്പര്യപ്രകാരം പട്ടേലിനു പകരക്കാരനായി മോദിയെ തിരഞ്ഞെടുത്തു. എന്നാൽ പട്ടേലിനെ പുറത്താക്കാൻ അദ്വാനി ആഗ്രഹിച്ചില്ല, സർക്കാരിൽ മോദിയുടെ അനുഭവക്കുറവിനെക്കുറിച്ച് അദ്ദേഹം ആശങ്കാകുലനായിരുന്നു. പട്ടേലിന്റെ കീഴിൽ ഉപമുഖ്യമന്ത്രിയാകാനുള്ള ഓഫർ മോദി നിരസിച്ചു. പട്ടേലിനെ മാറ്റി 2002 ഡിസംബറിലെ തിരഞ്ഞെടുപ്പിന് ബി.ജെ.പിയെ നയിക്കുന്ന ഉത്തരവാദിത്തം മോദിക്കു നൽകി. അതുവഴി മോദി മുഖ്യമന്ത്രിക്കസേരയിലും എത്തി.

ഇതിനിടെയാണ് ഗുജറാത്ത് കലാപം ഉണ്ടാകുന്നത്. അതിനുത്തരവാദികൾ പ്രാദേശിക മുസ്ലീങ്ങളാണെന്ന് മോദി പറഞ്ഞു. അടുത്ത ദിവസം, വിശ്വഹിന്ദു പരിഷത്ത് സംസ്ഥാനത്തുടനീളം ബന്ദിന് ആഹ്വാനം ചെയ്തു. അതോടെ ഗുജറാത്തിൽ മുസ്ലീം വിരുദ്ധ അക്രമം വ്യാപിക്കുകയായി. ട്രെയിൻ അപകടത്തിൽ മരിച്ചവരുടെ മൃതദേഹങ്ങൾ ഗോധ്രയിൽ നിന്ന് അഹമ്മദാബാദിലേക്ക് മാറ്റാനുള്ള സർക്കാർ തീരുമാനം അക്രമത്തിന് ആക്കം കൂട്ടി. കലാപത്തിൽ 790 മുസ്ലീങ്ങളും 254 ഹിന്ദുക്കളും കൊല്ലപ്പെട്ടതായി സംസ്ഥാന സർക്കാർ പിന്നീട് പറഞ്ഞു. ഇങ്ങനെയൊക്കെ ആണെങ്കിലും ബി.ജെ.പിയിൽ ശക്തമായി പിടിമുറുക്കാൻ മോദിക്കു കഴിഞ്ഞു. 2014 ലെ ലോക്സഭാ തിരഞ്ഞെടുപ്പിന് മുമ്പ് മോദിയെ ബി.ജെ.പിയുടെ പ്രധാനമന്ത്രി സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു.

പ്രചാരണ വേളയിൽ, മുൻ കോൺഗ്രസ് സർക്കാരിന്റെ കീഴിലുള്ള അഴിമതി ആരോപണങ്ങളിൽ മോദി ശ്രദ്ധ കേന്ദ്രീകരിച്ചു, 'വികസനം' കൊണ്ടുവരാൻ കഴിയുന്ന ഒരു വ്യക്തിയായി അദ്ദേഹം സ്വയം പ്രദർശിപ്പിച്ചു. ആ തിരഞ്ഞെടുപ്പിൽ ബി.ജെ.പി 31 ശതമാനം വോട്ടുകൾ നേടി, ലോക്സഭയിൽ സീറ്റുകളുടെ എണ്ണം 282 ആയി, 1984 ന് ശേഷം സ്വന്തമായി ഭൂരിപക്ഷം സീറ്റുകൾ നേടുന്ന ആദ്യ പാർട്ടിയായി. കോൺഗ്രസിനോടും പ്രാദേശിക പാർട്ടികളോടുമുള്ള വോട്ടർമാരുടെ അതൃപ്തിയും ആർ.എസ്.എസിന്റെ പിന്തുണയുമാണ് ബി.ജെ.പിയുടെ വിജയത്തിന് കാരണമായത്. 2019 ലും മോദിക്ക് വിജയിക്കാനായി. രണ്ടാം തവണയും അദ്ദേഹത്തെ പ്രധാനമന്ത്രിയായി നിയമിച്ചു; ബി.ജെ.പി മാത്രം 303 സീറ്റുകൾ ലഭിച്ചു. 2024ലെ തിരഞ്ഞെടുപ്പിനുമുന്നോടിയായി പാർട്ടി 'മോദി കി ഗ്യാരണ്ടി' എന്ന തരത്തിൽ പ്രചാരണം ആരംഭിച്ചു.

## ഡൽഹി ഡെർബാർ

എങ്കിലും അത് അത്ര വിജയകരമായില്ല. ഒരു കൂട്ടുമുന്നണിയുണ്ടാക്കി ഭരണം നിലനിർത്തി എന്നുമാത്രം. ഇപ്പോഴിതാ രണ്ട് കാര്യങ്ങളാണ് മോദിയുടെ 75-ാം പിറന്നാളിനെ രാഷ്ട്രീയമായി ശ്രദ്ധേയമാക്കുന്നത്. ഒന്ന് അദ്ദേഹം ഭരണത്തിൽ വന്നപ്പോൾ ബി.ജെ.പിയിൽ നടപ്പാക്കിയ പ്രായപരിധി. 75 വയസ്സ് കഴിഞ്ഞ മുതിർന്ന നേതാക്കൾ സജീവപ്രവർത്തനങ്ങളിൽനിന്ന് ഒഴിവായി മാർഗദർശക് മണ്ഡലിലേക്ക് മാറുന്ന രീതി. മുതിർന്ന ആർ.എസ്.എസ് നേതാവായിരുന്ന മോറോപന്ത് പിംഗ്ളേ മുൻപ് പറഞ്ഞ കാര്യങ്ങൾ ഓർമ്മിപ്പിച്ചാണ് 75 വയസ്സാകുമ്പോൾ സജീവ പൊതു പ്രവർത്തനത്തിൽനിന്ന് ഒഴിവാകേണ്ടതിനെക്കുറിച്ച് മോഹൻ ഭാഗവത് കഴിഞ്ഞമാസം പരാമർശിച്ചത്. മോഹൻ ഭാഗവതിനും 75 ആയി. മോദിക്കും 75 ആയിരിക്കുന്നു.

എന്നാൽ, ആർ.എസ്.എസിൽ അങ്ങനെ വിരമിക്കൽ പ്രായമെന്ന വ്യവസ്ഥയില്ല. അതിനാൽ മോദിയെ ഉന്നംവെച്ചായിരുന്നു ഒളിയമ്പെന്ന് പറയുന്നവരും ഉണ്ട്. ഇക്കാര്യത്തിൽ പിന്നീട് വ്യക്തത വരുത്തും വരെ അഭ്യൂഹങ്ങൾ തുടർന്നു. ആരെയും ഉദ്ദേശിച്ചായിരുന്നില്ല തന്റെ പരാമർശമെന്നുപറഞ്ഞ് ഭാഗവത് വിവാദത്തിന് തിരശ്ശീലയിട്ടു. പക്ഷേ, അത്ര നിർദോഷമായിരുന്നോ ഭാഗവതിന്റെ വാക്കുകൾ എന്ന ചർച്ച ഇപ്പോഴും ബാക്കിയാണ്. മോദിക്കു പകരംവെക്കാൻ ബി.ജെ.പിയിൽ നിലവിൽ ഒരു നേതാവില്ലെന്ന് ആർ.എസ്.എസിനറിയാം. ആർ.എസ്.എസ് സംഘടനാസംവിധാനത്തിന്റെ ആവശ്യം മോദിക്കുമുണ്ട്. മാത്രമല്ല മോദി ആർ.എസ്.എസ് കേഡറുമാണ്. ബി.ജെ.പിയെ സംബന്ധിച്ച് മോദിക്കപ്പുറം ഒരു നിലവിൽ മറ്റൊരു നേതാവില്ല. തിരഞ്ഞെടുപ്പുകൾ ജയിക്കാൻ ബി.ജെ.പിക്ക് മോദിയുടെ നേതൃത്വം അനിവാര്യമാണ്. അതിനാൽ 75 പിന്നിട്ടാലും മോദിതന്നെ നേതൃത്വത്തിൽ തുടരും. മോദി മറിച്ച് തീരുമാനിക്കുംവരെ എന്നുവേണം കരുതാൻ..!

*എം എൽസ എൽവിൻ*

# ആഗോള സമ്പദ്‌വ്യവസ്ഥയിലെ ഇന്ത്യൻ സാന്നിധ്യം

ഏതാണ്ട് 2047 ആകുമ്പോഴേക്കും ആഗോള തൊഴിൽ ക്ഷാമം പരിഹരിക്കപ്പെട്ട് പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുമെന്നാണ് പഠന റിപ്പോർട്ട്. 2047 ൽ ബ്ലൂ, വൈറ്റ് കോളർ ജോലികളിൽ 250 ദശലക്ഷം ഒഴിവുകൾ വരുമെന്നാണ് പ്രവചിക്കപ്പെടുന്നത്. ഇന്ത്യയിലെ യുവാക്കളും വളർന്ന് വരുന്ന തൊഴിൽ ശക്തിയും ലോകത്തെ മികച്ച തൊഴിൽ കേന്ദ്രമാക്കി മാറ്റും. വികസിത രാജ്യങ്ങളിലുടനീളമുള്ള ജനന നിരക്കും ചുരുങ്ങുന്ന തൊഴിൽ ശക്തിയും രൂക്ഷമായ ക്ഷാമം സൃഷ്ടിക്കുന്നുണ്ടെങ്കിലും നിരവധി ജോലി ഒഴിവുകൾ ഇത് മൂലം സൃഷ്ടിക്കപ്പെടുന്നുണ്ട്.

ബിസിനസ് മേഖല ഇത് കാരണം ബുദ്ധിമുട്ട് നേരിടേണ്ടി വരുമെന്നും ഗ്ലോബൽ ആക്സസ് ടു ടാലന്റ് ഫ്രം ഇന്ത്യ ഫൗണ്ടേഷൻ (ജിഎടിഐ) നൽകിയ റിപ്പോർട്ട് ഇക്കാര്യം ചൂണ്ടികാണിക്കുന്നു. യു.എസ്, യു.കെ, ജർമ്മനി, ജപ്പാൻ, ദക്ഷിണ കൊറിയ തുടങ്ങിയ 20 രാജ്യങ്ങളിലാണ് തൊഴിൽ ഒഴിവുകൾ കാണിക്കുന്നത്. ഏതാണ്ട് 90 ശതമാനം ഒഴിവാണ് കാണിക്കുന്നുണ്ട്. ഗതാഗതം, ഹോസ്പിറ്റാലിറ്റി, വ്യവസായ തൊഴിലാളികൾ തുടങ്ങിയ മേഖലകളിൽ 50 ശതമാനവും നഴ്സിങ്, അദ്ധ്യാപനം പോലുള്ള സേവന മേഖലകളിൽ 20 ശതമാനം ഒഴിവുകളുമാണ് കാണിക്കുന്നത്. വൈറ്റ് കോളർ ജോലികളിൽ 30 ശതമാനവും കാണിക്കുന്നു.

നികത്തപ്പെടാത്ത തസ്തികകൾ കാരണം ആഗോള സമ്പദ്വ്യവസ്ഥയ്ക്ക് പ്രതിവർഷം 1 ട്രില്യൺ ഡോളറിലധികം ഉത്പാദനക്കുറവാണ് നേരിടേണ്ടി വരുന്നത്. താരതമ്യേന ഇന്ത്യൻ ജനസംഖ്യയിൽ ഭൂരിഭാഗവും ചെറുപ്പക്കാരാണ്. എല്ലാ വർഷവും, ആഗോള തൊഴിൽ മേഖലയിലേയ്ക്ക് പ്രതിവർഷം 1012 ദശലക്ഷം ആളുകളെ ഇന്ത്യ സംഭാവന ചെയ്യുന്നു. വരും വർഷങ്ങളിലും ഈ പ്രവണത തുടരുമെന്നാണ് പ്രതീക്ഷിയ്ക്കുന്നത്.

### ആഗോള സമ്പദ്വ്യവസ്ഥയിലെ ഇന്ത്യൻ സാന്നിധ്യം

2047 ആകുമ്പോഴേക്കും, വികസിത സമ്പദ്വ്യവസ്ഥയിൽ 200250 ദശലക്ഷം തൊഴിലാളികളുടെ വിടവ് കാണാൻ സാധ്യയ്ക്കുമെന്നാണ് പഠനം. ഐസിടിയിലും പ്രൊഫഷണൽ സേവനങ്ങളിലും ഇന്ത്യ ശക്തമായ സാന്നിധ്യം കാണിക്കുന്നതു പോലെ ഈ വിടവിലേയ്ക്കും ഇന്ത്യയ്ക്ക് സാന്നിധ്യം അറിയിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ ആരോഗ്യ സംരക്ഷണം, ഉൽപാദനം എന്നീ മേഖലകളുടെ വികസനമായിരിക്കണം അടുത്ത ലക്ഷ്യമെന്നും ബിസിജിയുടെ മാനേജിംഗ് ഡയറക്ടറും സീനിയർ പാർട്ണറുമായ രാജീവ് ഗുപ്ത അഭിപ്രായപ്പെട്ടു.

ലോകത്തിലെ ഏറ്റവും വലിയ തൊഴിൽ ശേഖരം ഉള്ളത് ഇന്ത്യയിലാണ്. ഇന്ത്യയുടെ ശരാശരി പ്രായം 30 വയസിന് താഴെയാണ്. ഒഇസിഡി രാജ്യങ്ങളിൽ 40 വയസുള്ളവരെ അപേക്ഷിച്ച് 600 ദശലക്ഷം ആളുകൾ 18നും 40നുമിടയിലാണ്. കൂടാതെ, 2030 ആകുമ്പോഴേക്കും 50 ദശലക്ഷം ആഗോള തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നത്. ഏകദേശം 10 ദശലക്ഷം ആളുകളുടെ ഒഴിവ് നികത്താൻ ഇന്ത്യയ്ക്ക് ശേഷിയുണ്ട്,' ജിഎടിഐ ഫൗണ്ടേഷൻ സിഇഒ അർണാബ് ഭട്ടാചാര്യ പറഞ്ഞു.

ആഗോള തൊഴിൽ ശക്തിയിലേക്ക് സംഭാവന ചെയ്യുന്നവരിൽ നിന്നും ആഗോള തൊഴിൽ ശക്തിയുടെ നട്ടെല്ലായി മാറാൻ രാജ്യത്തെ പ്രാപ്തമാക്കുന്നതിന് വേണ്ടി യോഗ്യതകൾ ക്രമീകരിക്കുന്നതിനും ചലനാത്മകത ത്വരിതപ്പെടുത്താനും ആഗോള മാനദണ്ഡങ്ങൾ ഉൾപ്പെടുത്തുന്നതിനുമുള്ള ധീരമായ പരിഷ്കാരങ്ങൾ' നടത്തണമെന്നും ഗുപ്ത ആവശ്യപ്പെട്ടു.

നിലവിൽ, വിദേശത്തുള്ള ഇന്ത്യൻ തൊഴിലാളികൾ പ്രതിവർഷം ഏകദേശം 130 ബില്യൺ ഡോളർ പണമയയ്ക്കുന്നു. പ്രതിവർഷം 700,000ത്തിലധികം ആളുകൾ കുടിയേറ്റ തൊഴിലാളികളായി വിദേശ യാത്രകൾ നടത്തുന്നു. എന്നിട്ടും ആഗോള കുടിയേറ്റക്കാരിൽ ഇന്ത്യയുടെ പങ്ക് 6 ശതമാനമാണ് ലോക ജനസംഖ്യയുടെ വിഹിതത്തേക്കാൾ 18 ശതമാനം കുറവാണ് ഇത്. ഇന്ത്യ ഈ അവസരം ഉപയോഗപ്പെടുത്തിയാൽ, 2030 ആകുമ്പോഴേക്കും വിദേശത്ത് ജോലിക്കായി പോവുന്ന കുടിയേറ്റ തൊഴിലാളികളുടെ എണ്ണം പ്രതിവർഷം 11.5 ദശലക്ഷമായി ഇരട്ടിയാകും, കൂടാതെ പണമയയ്ക്കൽ പ്രതിവർഷം 300 ബില്യൺ ഡോളറായി ഉയരും.

# ഹാളണ്ടിനായി വലയെറിഞ്ഞ് ബാഴ്സലോണ



മാഞ്ചസ്റ്റർ സിറ്റിയുടെ നോർവീജയൻ ഗോൾ മെഷീൻ എർലിങ് ഹാളണ്ടിനെ റാഞ്ചാൻ ലക്ഷ്യമിട്ട് സ്പാനിഷ് കരുത്തരായ ബാഴ്സലോണ. 2022 മുതൽ സിറ്റിയുടെ മുൻനിരയെ നയിച്ച് ഇടതടവില്ലാതെ ഗോളടിച്ചുകൂട്ടുന്ന 25കാരനായ ഹാളണ്ടിനെ അടുത്ത സീസണിൽ തങ്ങളുടെ നിരയിലെത്തിക്കാൻ ബാഴ്സലോണ ചരടു വലി ആരംഭിച്ചതായാണ് റിപോർട്ടുകൾ. നിലവിൽ ബാഴ്സലോണയുടെ മുൻനിരയെ നയിക്കുന്ന പോളിഷ് ലെജൻഡ് റോബർട് ലെവൻഡോവ്സ്കിക്ക് പകരക്കാരനായി അടുത്ത വർഷത്തിൽ നോർവീജിയൻ യുവതാരത്തെ ക്ലബിലെത്തിക്കാനാണ് ശ്രമമെന്നാണ് സൂചന. നിലവിൽ യൂറോപ്യൻ ക്ലബ് ഫുട്ബാളിലെ ഏറ്റവും വിലപിടിപ്പുള്ള താരം കൂടിയാണ് ?ഹാളണ്ട്. നേരത്തെ ഓർസ്ട്രിയൻ ക്ലബ് റെഡ്ബുൾ സാൽസ്ബർഗിലൂടെ പ്രഫഷണൽ ഫുട്ബാളിൽ സജീവമായ താരം, ?ജർമനിയിലെ ബൊറൂസിയ ഡോർട്മുണ്ടിലൂടെയാണ് കളിക്കളത്തിൽ കൈയൊപ്പു ചാർത്തുന്നത്. അതിവേഗവും, പിഴക്കാത്ത കൃത്യതയുമായി ഗോളടിച്ചുകൂട്ടി കുതിച്ച താരത്തെ 2022ൽ പെപ് ഗ്വാർഡിയോള സ്വന്തം നിരയിലെത്തിക്കുകയായിരുന്നു. 150 മത്സരങ്ങളിൽ അത്ര തന്നെ ഗോളുകളും ഇതിനകം സ്കോർ ചെയ്തു.

# മെസി ഫിഫ ലോകകപ്പിന് ഉണ്ടാകുമോ?



ലയണൽ മെസി അടുത്ത ലോകകപ്പിനുണ്ടാകുമോ? ഫുട്ബോൾ ലോകത്ത് തുടരുന്ന സസ്പെൻസിന് ഉത്തരം നൽകുകയാണ് അർജന്റൈൻ താരം കിസ്റ്റ്യൻ റൊമേറോ. തന്റെ അഭിപ്രായത്തിൽ മെസി മത്സരങ്ങൾക്ക് ഫിറ്റാണ്. അദ്ദേഹം ലോകകപ്പിന് ഉറപ്പായും ടീമിനൊപ്പം ഉണ്ടാകും. അർജന്റൈൻ ടീമിലെ എല്ലാവർക്കും മെസിക്കൊപ്പം കളിക്കുക എന്നത് ഏറെ സന്തോഷകരമായ കാര്യമാണ്. ഫുട്ബോളിനെ സ്നേഹിക്കുന്ന എല്ലാവരും മെസി ലോകകപ്പിനുണ്ടാകണമെന്ന് ആഗ്രഹിക്കുന്നുണ്ടെന്നും റൊമേറൊ പറയുന്നു.ചെറിയ പരിക്കുകൾ അലട്ടുന്ന മെസി അർജന്റീനയുടെ അവസാന ലോകകപ്പ് യോഗ്യത മത്സരം കളിച്ചിരുന്നില്ല. മത്സരത്തിൽ അർജന്റീന തോൽക്കുകയും ചെയ്തു. എങ്കിലും ലാറ്റിനമേരിക്കയിൽ നിന്ന് ഒന്നാം സ്ഥാനവുമായാണ് അർജന്റൈൻ സംഘം കിരീടം നിലനിർത്താനിറങ്ങുക. അർജന്റൈൻ ടീമിൽ മെസിയുടെ സാന്നിധ്യം ഉറപ്പാക്കാനായി ഇന്റർ മയാമിയും അതനുസരിച്ചാണ് താരത്തെ ഇപ്പോൾ കളത്തിലിറക്കുന്നത്. അനാവശ്യ റിസ്കുകളെടുക്കാതെ മെസി ഉപയോഗിക്കുന്നതാണ് പരിശീലകരുടെ ഇപ്പോഴത്തെ രീതി. ടീമിനെ മുന്നിൽ നിന്ന് നയിക്കുന്ന ഖത്തറിലെ അതേ മനോഭാവമാണ് മെസിക്ക് ഉള്ളത്. ലോകകകപ്പിന് മുമ്പ് ഫൈനലിസിമ കിരീടവും മെസി സ്വന്തമാക്കുമെന്ന പ്രതീക്ഷയിലാണ് ആരാധകർ.ഫൈനലിസിമ പോരാട്ടം അടുത്ത വർഷം മാർച്ച് മാസം നടക്കും. മാർച്ച് 23മുതൽ 31 വരെയുള്ള ദിവസങ്ങളിൽ ഏതെങ്കിലും, മത്സരത്തിനായി തെരഞ്ഞെടുക്കും. അർജന്റീന-സ്പെയിൻ സൂപ്പർ പോരാട്ടത്തിന്റെ വേദി എവിടെയാകും എന്ന് ഇതുവരെ അന്തിമ തീരുമാനമായിട്ടില്ല. ബാഴ്സലോണ വേദിയാകുമെന്ന് അഭ്യൂഹമുണ്ട്.

## ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പ്

# ഫൈനൽ യോഗ്യത നേടി നീരജ് ചോപ്ര

ലോക അത് ലറ്റിക് ചാമ്പ്യൻഷിപ്പ് ജാവലിൻ ത്രോയിൽ ഫൈനൽ യോഗ്യത നേടി ഇന്ത്യൻ ഇതിഹാസ താരം നീരജ് ചോപ്ര . നിലവിലെ ലോക അത് ലറ്റിക് ചാമ്പ്യൻഷിപ്പിലെ സ്വർണ്ണ മെഡൽ ജേതാവും മുൻ ഒളിംപിക്സ് ചാമ്പ്യനുമായ നീരജ് ചോപ്ര ആദ്യ ത്രോയിൽത്തന്നെ ഫൈനൽ യോഗ്യത നേടിയെടുത്തു. 84.50 മീറ്ററായിരുന്നു ഫൈനലിൽ എത്താനുള്ള യോഗ്യത മാനദണ്ഡം. ആദ്യ ത്രോ 84.85 ദൂരം പായിച്ച് അനായാസം നീരജ് ഫൈനൽ സീറ്റുറപ്പിക്കുകയായിരുന്നു. രണ്ട് ഗ്രൂപ്പുകളിൽ നിന്നായി 12 പേർക്കാണ് ഫൈനൽ യോഗ്യത ലഭിക്കുക.ഗ്രൂപ്പ് എയിലാണ് നീരജ് ചോപ്ര ഉൾപ്പെട്ടിരിക്കുന്നത്. ജൂലിയൻ വെബ്ബർ, ജാക്കൂബ് വാഡ്ലിച്ച്, കിഷോൻ വാൽക്കോട്ട് എന്നിവരെല്ലാം ഗ്രൂപ്പ് എയിലുണ്ട്. ഇന്ത്യൻ താരം സച്ചിൻ യാദവും ഗ്രൂപ്പ് എയിലാണുള്ളത്. ഗ്രൂപ്പ് ബിയിൽ നിന്ന് നീരജിന്റ മുഖ്യ എതിരാളിയായ പാകിസ്താന്റെ അർഷാദ് നദീം ഇറങ്ങുന്നത്. വീണ്ടുമൊരു നീരജ്-അർഷാദ് ഫൈനൽ എത്തുമോയെന്നാണ് എല്ലാവരും ഉറ്റുനോക്കുന്നത്. നിലവിലെ ലോക അത്ലറ്റിക് ചാമ്പ്യൻഷിപ്പിലെ ജാവലിൻ ത്രോയിലെ സ്വർണ്ണ മെഡൽ ജേതാവായതിൽ മെഡൽ നിലനിർത്തേണ്ടത് നീരജ് ചോപ്രക്ക് അഭിമാന പ്രശ്നമാണ്. 2023ൽ ബുദാപെസ്റ്റിൽ നടന്ന ലോക ചാമ്പ്യൻഷിപ്പിൽ 88.17 മീറ്റർ ജാവലിൻ പായിച്ചാണ് നീരജ് ചോപ്ര അന്ന് സ്വർണ്ണം നേടിയത്. 87.82 മീറ്റർ എറിഞ്ഞ് അർഷാദ് വെള്ളിയും നേടിയെടുത്തിരുന്നു. എന്നാൽ 2024ലെ ഒളിംപിക്സിൽ എല്ലാവരേയും ഞെട്ടിക്കുന്ന പ്രകടനമാണ് അർഷാദ് കാഴ്ചവെച്ചത്. 92.97 മീറ്റർ ജാവലിൻ എറിഞ്ഞാണ് അന്ന് നീരജിനെ മറികടന്ന് അർഷാദ് സ്വർണ്ണം നേടിയത്.



# വരുൺ ചക്രവർത്തി ഒന്നാം നമ്പർ ബോളർ; സഞ്ജു താഴോട്ട്

ഇന്ത്യൻ സ്പിന്നർ വരുൺ ചക്രവർത്തി ഐസിസി ടി20 ബൗളർമാരുടെ റാങ്കിംഗിൽ ഒന്നാമതെത്തി. ഏഷ്യ കപ്പിൽ ആദ്യ രണ്ട് മത്സരങ്ങളിലെ മികച്ച പ്രകടനത്തെ തുടർന്നാണ് മുന്നേറ്റം. നേട്ടം സ്വന്തമാക്കുന്ന മൂന്നാമത്തെ ഇന്ത്യൻ ബൗളറാണ് വരുൺ. ജസ്പ്രീത് ബുമ്രയും രവി ബിഷ്ണോയിയും ആണ് ഇതിനു മുൻപ് ഒന്നാം റാങ്കിൽ എത്തിയിട്ടുള്ളത്. 2025 ഫെബ്രുവരിയിൽ വരുൺ രണ്ടാം സ്ഥാനത്ത് എത്തിയിരുന്നു. ഇത്തവണ മൂന്ന് സ്ഥാനം മെച്ചപ്പെടുത്തിയാണ് വരുൺ ഒന്നാമതെത്തിയത്.ആദ്യ പത്തിൽ രണ്ട് ഇന്ത്യൻ താരങ്ങളാണുള്ളത്. വരുണിനെ കൂടാതെ രവി ബിഷ്ണോയിയും ഇടം പിടിച്ചു. രണ്ട് സ്ഥാനം നഷ്ടമായ ബിഷ്ണോയ് എട്ടാം സ്ഥാനത്താണ്. വരുണിന്റെ വരവോടെ ന്യൂസിലൻഡിന്റെ ജേക്കബ് ഡഫി രണ്ടാം സ്ഥാനത്തായി. വെസ്റ്റ് ഇൻഡീസ് അകെയ്ൽ ഹുസൈനനാണ് മൂന്നാം സ്ഥാനത്ത്. ഒരു സ്ഥാനം മെച്ചപ്പെടുത്തിയ ഓസ്ട്രേലിയയുടെ ആഡം സാംപ നാലാമതായി. മൂന്ന് സ്ഥാനങ്ങൾ നഷ്ടമായ ഇംഗ്ലണ്ടിന്റെ ആദിൽ റഷീദ് അഞ്ചാമതായി. ആറ് സ്ഥാനങ്ങൾ മെച്ചപ്പെടുത്തി ശ്രീലങ്കയുടെ നുവാൻ തുഷാര ആറാം സ്ഥാനത്തേക്ക് കയറി.ലങ്കയുടെ തന്നെ വാനിന്ദു ഹസരങ്ക, ബിഷ്ണോയിക്ക് മുകളിൽ ഏഴാം സ്ഥാനത്ത്. ഓസീസിന്റെ നതാൻ എല്ലിസ് ഒമ്പതാം സ്ഥാനത്താണ്. അഫ്ഗാനിസ്ഥാൻ ക്യാപ്റ്റൻ റാഷിദ് ഖാൻ പത്താം സ്ഥാനത്താണ്. ഒരു സ്ഥാനം മെച്ചപ്പെടുത്തിയ ഇന്ത്യൻ ഓൾറൗണ്ടർ അക്സർ പട്ടേൽ 12ാം സ്ഥാനത്തേക്ക് കയറി. അതേസമയം, ഇന്ത്യൻ പേസർ അർഷ്ദീപ് സിംഗിന് അഞ്ച് സ്ഥാനം നഷ്ടമായി. 14-ാം സ്ഥാനത്താണിപ്പോൾ അർഷ്ദീപ്. ബാറ്റർമാരുടെ റാങ്കിംഗിൽ ഇന്ത്യൻ ഓപ്പണർ അഭിഷേക് ശർമ ഒന്നാമത് തുടരുന്നു.





## കേരള ബ്ലാസ്റ്റേഴ്സ് വിൽക്കുന്നു

ഇന്ത്യൻ സൂപ്പർ ലീഗ് (ഐഎസ്എൽ) ഫുട്ബോളിലെ ഏറ്റവും ജനപ്രിയ ക്ലബ്ബുകളിലൊന്നായ കേരള ബ്ലാസ്റ്റേഴ്സ് വിൽപ്പനയ്ക്ക് വച്ചതായി റിപ്പോർട്ട്. സാമ്പത്തിക നഷ്ടം കാരണം കേരള ബ്ലാസ്റ്റേഴ്സ് വിൽപ്പനയ്ക്ക് തയ്യാറെടുക്കുന്നതായി ഇതിനകം റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. ഐഎസ്എല്ലിലെ കേരളത്തിൽ നിന്നുള്ള പ്രതിനിധികളായ ബ്ലാസ്റ്റേഴ്സിനെ വാങ്ങാൻ പ്രമുഖ മലയാളി ബിസിനസുകാർ മുന്നോട്ട് വന്നതായും റിപ്പോർട്ടുകളുണ്ട്. ക്ലബ് ഉടമകൾ വാർത്തയോട് പ്രതികരിച്ചിട്ടില്ല.ആന്ധ്രപ്രദേശ് കേന്ദ്രീകരിച്ചുള്ള ഉടമകളുടെ കീഴിലുള്ള 'മാഗ്നം സ്പോർട്സ്' ആണ് ഇപ്പോൾ ക്ലബ് നടത്തുന്നത്. പൂർണമായോ ഭാഗികമായോ ഏറ്റെടുക്കാൻ കഴിയുന്നവരെതേടുകയാണിപ്പോൾ. കടുത്ത സാമ്പത്തിക നഷ്ടമാണ് ജനപ്രിയ ഐഎസ്എൽ ക്ലബ്ബിനെ കൈവിടാൻ കാരണം.ഈ വർഷം ഐഎസ്എൽ തുടങ്ങാൻ വൈകുക കൂടി ചെയ്തതോടെ പ്രതിസന്ധി രൂക്ഷമായി. ഓരോ വർഷം കഴിയുന്തോറും ക്ലബ്ബിന്റെ വരുമാനം കുറയുന്നതും ചെലവ് കൂടുകയും ചെയ്യുന്നതാണ് നഷ്ടം ഉയരാൻ കാരണം. കഴിഞ്ഞ സീസണും വലിയ നഷ്ടത്തിലാണ് അവസാനിച്ചത്.

## സിപിഎല്ലിലും ഒന്നാമൻ! സുനിൽ നരെയ്ന് ചരിത്ര നേട്ടം

ലോക ക്രിക്കറ്റിലെ ഏറ്റവും മികച്ച ഓൾറൗണ്ടർമാരിൽ ഒരാളായ വെസ്റ്റ് ഇൻഡീസിന്റെ സുനിൽ നരെയ്ന് ചരിത്ര നേട്ടം. ഇന്ത്യൻ പ്രീമിയർ ലീഗിൽ (ഐപിഎൽ) ഏറ്റവും കൂടുതൽ വിക്കറ്റുകൾ വീഴ്ത്തിയ വിദേശ കളിക്കാരനെന്ന റെക്കോർഡ് സ്വന്തമാക്കിയ നരെയ്ൻ, കരീബിയൻ പ്രീമിയർ ലീഗിൽ (സിപിഎൽ) മറ്റൊരു റെക്കോർഡ് കൂടി നേടി.ഗയാനയിലെ പ്രൊവിഡൻസ് ക്രിക്കറ്റ് സ്റ്റേഡിയത്തിൽ നടന്ന സിപിഎൽ എലിമിനേറ്ററിൽ ട്രിൻബാഗോ നൈറ്റ് റൈഡേഴ്സിന് (ഠഗഞ) വേണ്ടിയാണ് അദ്ദേഹം മികച്ച പ്രകടനം നടത്തിയത്. മൽസരത്തിൽ ട്രിൻബാഗോ നൈറ്റ് റൈഡേഴ്സ് 15 പന്തുകൾ ബാക്കി നിൽക്കെ ഒമ്പത് വിക്കറ്റിന് ആന്റിഗ്വ ആന്റ് ബാർബുഡ ഫാൽക്കൺസിനെ തോൽപ്പിച്ചു.ഈ പ്രകടനത്തോടെ കരീബിയൻ പ്രീമിയർ ലീഗിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ കളിക്കാരനായി നരെയ്ൻ മാറി. ഡ്വെയ്ൻ ബ്രാവോയുടെ റെക്കോഡ് ആണ് തകർന്നത്. നരെയ്ന് കരീബിയൻ ആസ്ഥാനമായുള്ള ടി20 ലീഗിൽ ഇപ്പോൾ 130 വിക്കറ്റുകളായി. ട്രിൻബാഗോയ്ക്ക് വേണ്ടി 99 വിക്കറ്റുകളും ഗയാന ആമസോൺ വാരിയേഴ്സിന് വേണ്ടി 31 വിക്കറ്റുകളുമാണ് സമ്പാദ്യം.രണ്ട് ടി20 ലീഗുകളിൽ 130 വിക്കറ്റുകൾ തികയ്ക്കുന്ന ലോകത്തെ ആദ്യ ക്രിക്കറ്ററാണ് നരെയ്ൻ. ഐപിഎല്ലിൽ 192 വിക്കറ്റുകളാണുള്ളത്. ഐപിഎല്ലിൽ കൂടുതൽ വിക്കറ്റുകൾ നേടിയ മൂന്നാമനും വിദേശ താരങ്ങളിൽ ഒന്നാമനുമാണ്. ഇവിടെയും വിദേശ താരങ്ങളിൽ ബ്രാവോയെയാണ് അദ്ദേഹം പിന്തള്ളിയത്




## പെലെയുടെ റെക്കോഡും മറികടന്ന് ഈ മെസ്സി കാർഡ്!

റെക്കോർഡുകൾ മെസ്സിക്ക് പുത്തരിയല്ല. ഇപ്പോഴിതാ ഫുട്ബാൾ മൈതാനത്തിനു പുറത്തെ ആ റെക്കോഡ് കൂടി മെസ്സി സ്വന്തമാക്കിയിരിക്കുകയാണ്. കാൽപന്തിനെയും കളിക്കാരെയും പിന്തുടരുന്നവർക്ക് അതുപോലെ തന്നെ പരിചിതമാണ് പനീനി കാർഡുകളും. ഫുട്ബാൾ ഉൾപ്പെടെ കായിക താരങ്ങളുടെയും സെലബ്രിറ്റികളുടെയും ചിത്രവും വിശദാംശങ്ങളുമായി ആരാധകർക്കായി പുറത്തിറക്കിയ റൂകി കാർഡിന്റെ വിലയിലാണ് മെസ്സി സ്വന്തം പേരിൽ പുതിയ റെക്കോഡ് കുറിച്ചത്. 2004-05 സീസണിൽ ലയണൽ മെസ്സി ബാഴ്സലോണയിൽ കളിച്ച കാലത്ത് പുറത്തിറക്കിയ പനീനി മെഗാ ക്രാക് റൂകി കാർഡാണ് ഇപ്പോൾ റെക്കോഡ് തുക ലേലത്തിൽ വിറ്റഴിഞ്ഞത്. ആ തുക കേട്ടാൽ ആരുടെയും തലകറങ്ങിപ്പോകും. ആയിരവും പതിനായിരവും ലക്ഷവുമല്ല. ഇന്ത്യൻ രൂപയിലേക്ക് മാറ്റിയാൽ 13.17 കോടി രൂപ. ലണ്ടനിലെ ഫനറ്റിക്സ് കളക്ട്സ് വഴിയാണ് മെസ്സിയുടെ കാർഡ് വൻ തുകക്ക് വിറ്റത്. 1958ൽ ബ്രസീൽ ലോകകപ്പ് നേടിയപ്പോൾ പെലെയുടെ പേരിൽ പുറത്തിറക്കിയ അലിഫബൊളഗെറ്റ് പെലെ കാർഡിന്റെ മൂല്യമാണ് മെസ്സിയുടെ കാർഡ് ഇത്തവണ തിരുത്തിയത്. 2022ൽ പെലെ കാർഡ് 13.3 ലക്ഷം ഡോളറിന് (11.68 കോടി രൂപ) ലേലത്തിൽ വിറ്റതായിരുന്നു ഇതുവരെയുള്ള റെക്കോഡ്. പ്രഫഷണൽ സ്പോർട്സ് ഓതന്റികേറ്റർ പെർഫക്സ് 10 ആയി മുദ്രചെയ്ത മെസ്സിയുടെ മറ്റൊരു കാർഡ് 11 ലക്ഷം ഡോളറിനാണ് ഏതാനും ആഴ്ച മുമ്പ് മറ്റൊരു കാർഡ് പ്രേമി സ്വന്തമാക്കിയത്. അതിനു തൊട്ടുപിന്നാലെയാണ് ഫനറ്റിക്സ് കളക്ട്സ് പ്രൈവറ്റ് സെയിൽ നെറ്റ്വർക് വഴി ലോക?റെക്കോഡ് തുകക്ക് ഈ കാർഡ് വിൽപനയും നടന്നത്. ഉയർന്ന മൂല്യമുള്ള കാർഡുകൾ പൊതുവിൽപനയില്ലാതെയാണ് ഇടപാട് നടത്തുന്നത്.



# ബ്രെയിനിനെ സ്മാർട്ടാക്കാൻ ഇക്കാര്യങ്ങൾ ശ്രദ്ധിക്കണം !

മനുഷ്യ ശരീരത്തിലെ ഏറ്റവും പ്രധാനപ്പെട്ട അവയവങ്ങളിൽ ഒന്നാണ് തലച്ചോറ്. ദൈനംദിന ജീവിതത്തിൽ ചില മാറ്റങ്ങൾ വരുത്തുന്നതിലൂടെ തലച്ചോറിന്റെ ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയും.

ഉറക്കം തടസ്സപ്പെടുത്തൽ, ഉറങ്ങാൻ പോകുന്നതിനു മുമ്പ് മണിക്കൂറുകളോളം മൊബൈൽ ഫോണിൽ ഇരിക്കുക, ആവശ്യത്തിന് വെള്ളം കുടിക്കാതിരിക്കുക തുടങ്ങിയ നിരവധി കാര്യങ്ങൾ തലച്ചോറിന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കും.




ഇൻസ്റ്റാഗ്രാമിൽ പങ്കിട്ട ഒരു വീഡിയോയിലൂടെ ഡോ. പാൽ മാണിക്കം തലച്ചോറിന്റെ ആരോഗ്യത്തെ നശിപ്പിക്കുന്ന ചില ശീലങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. അവ എന്താണെന്ന് നമുക്ക് പരിശോധിക്കാം.

### ഉറക്കം

വേണ്ടത്ര ഉറക്കം ലഭിക്കാത്തത് വിവിധ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. തലച്ചോറിന്റെ ആരോഗ്യത്തിനും ഉറക്കം വളരെ പ്രധാനമാണ്.

ഉറക്കത്തിലൂടെ ശരീരത്തിന് ആവശ്യമായ വിശ്രമം ലഭിക്കാത്തപ്പോൾ, തലച്ചോറിന്റെ ആരോഗ്യം തകരാറിലാകുകയും ഓർമ്മക്കുറവ്, ഏകാഗ്രതയില്ലായ്മ, അമിത ക്ഷീണം മുതലായവ അനുഭവപ്പെടുകയും ചെയ്യും.

### ദീർഘനേരമുള്ള ഇരിപ്പ്

മണിക്കൂറുകളോളമുള്ള ഇരിപ്പ് പുകവലിക്കുന്നതിന് തുല്യമാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. ദീർഘസമയം ഇരിക്കുന്നത് മസ്തിഷ്കത്തിന്റെ ആരോഗ്യത്തെയും തകരാറിലാക്കും. ദീർഘസമയം ഇരിക്കുമ്പോൾ മസ്തിഷ്കത്തിലേക്കുള്ള രക്തചംക്രമണം തടസ്സപ്പെടും, ഇത് ഹിപ്പോകാമ്പസിനെ ചുരുക്കുകയും ഓർമശക്തിയെയും കാര്യങ്ങൾ ഗ്രഹിക്കാനുള്ള കഴിവിനെയും ബാധിക്കുകയും ചെയ്യും.

### ഒരേസമയം ഒന്നിലധികം ജോലികൾ

ഒരേസമയം ഒന്നിലധികം ജോലികൾ എളുപ്പത്തിൽ ചെയ്തുതീർക്കാൻ ഒരേസമയം ഒന്നിലധികം ജോലികൾ ചെയ്യുന്ന നിരവധിപേരുണ്ട്. എന്നാൽ ഇതും മസ്തിഷ്കത്തിനെ പാടുപെടുത്തും. ഇത് കടുത്ത സമ്മർദം നൽകുകയും ഓർമയെ ബാധിക്കുകയും ചെയ്യും.

### ഭക്ഷണരീതി

ആരോഗ്യകരമായ ഭക്ഷണ രീതി മസ്തിഷ്കത്തിന്റെ ആരോഗ്യത്തിന് അനിവാര്യമാണ്. അമിതമായി സംസ്കരിച്ച ഭക്ഷണവും മധുരവും കഴിക്കുന്നത് ശരീരത്തിൽ വീക്കമുണ്ടാക്കുകയും സമ്മർദം കൂട്ടുകയും ചെയ്യും. ഇതെല്ലാം മസ്തിഷ്ക കോശങ്ങളെ തകരാറിലാക്കും.

### സമ്മർദം

ഏകാന്തത സാമൂഹികപരമായ ഇടങ്ങളിൽ നിന്ന് വിട്ട് ഏകാന്തതയോടെ കഴിയുന്നത് വിഷാദസാധ്യത കൂട്ടുകയും വൈജ്ഞാനിക തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യും. ഹെഡ്ഫോൺ ഉപയോഗം ഉയർന്ന ശബ്ദത്തിൽ സദാ ഹെഡ്ഫോൺ ഉപയോഗിക്കുന്നതും മസ്തിഷ്കത്തിന്റെ ആരോഗ്യം കുഴപ്പത്തിലാക്കും. ഇത് തുടരുക വഴി കേൾവിക്കുറവിനും മസ്തിഷ്കത്തിന്റെ സമ്മർദം കൂട്ടാനും ഡിമെൻഷ്യ സാധ്യത വർധിപ്പിക്കാനും ഇടയാക്കും.



# അടിച്ചുപൊളി ഗാനങ്ങൾ കേൾക്കൂ! മോഷൻ സിക്നസ് പമ്പകടക്കും

യാത്രകളുടെ സുഖം കൊല്ലിയാണ് മോഷൻ സിക്നസ്. തലകറക്കം, ഓക്കാനം, ക്ഷീണം, വിയർപ്പ് തുടങ്ങിയ ലക്ഷണങ്ങൾ യാത്രയെ വളരെ അരോചകമായ ഒന്നാക്കി മാറ്റും. യാത്ര ചെയ്യുമ്പോൾ നിങ്ങൾ കേൾക്കുന്ന സംഗീതം പോലും മോഷൻ സിക്നസിനെ ബാധിക്കുമെന്ന് ഒരു പുതിയ പഠനം സൂചിപ്പിക്കുന്നു. ഫ്രോണ്ടിയേഴ്സ് ഇൻ ഹ്യൂമൻ ന്യൂറോ സയൻസിൽ പ്രസിദ്ധീകരിച്ച ഒരു പഠനം, ദുഃഖഗാനങ്ങൾ കേൾക്കുന്നത് മോഷൻ സിക്നസിനെ കൂടുതൽ വഷളാക്കുമെന്ന് കണ്ടെത്തി.

അതേസമയം, സന്തോഷകരവും സൗമ്യവും മൃദുവായതുമായ സംഗീതം ഓക്കാനം, തലകറക്കം തുടങ്ങിയ ലക്ഷണങ്ങളെ പകുതിയിലധികം കുറച്ചതായി കണ്ടെത്തി. സൗമ്യമായ ഗാനങ്ങൾ കേൾക്കുന്നത് മോഷൻ സിക്നസ് രോഗ ലക്ഷണങ്ങൾ 56.7 ശതമാനവും സന്തോഷകരമായ സംഗീതം 57.3 ശതമാനവും കുറച്ചതായി ഗവേഷകർ കണ്ടെത്തി. ഉന്മേഷദായകമായ സംഗീതം ലക്ഷണങ്ങൾ 48.3 ശതമാനവും കുറച്ചു.

ആളുകൾക്ക് മോഷൻ സിക്നസ് അനുഭവപ്പെടുമ്പോൾ അവരുടെ തലച്ചോറിലെ ഓക്സിപിറ്റൽ ലോബിന്റെ പ്രവർത്തനം മന്ദഗതിയിലാകുന്നു. എന്നാൽ സന്തോഷം നൽകുന്ന ഈണങ്ങൾ അതിനെ സാധാരണ പ്രവർത്തനത്തിലേക്ക് തിരികെ കൊണ്ടുവരാൻ സഹായിക്കുമെന്ന് ഗവേഷകർ പറയുന്നു. ഈ രീതിയിൽ, മോഷൻ സിക്നസിനോട് നിങ്ങളുടെ തലച്ചോറ് പ്രതികരിക്കുന്ന രീതിയെ മാറ്റാനും സംഗീതത്തിന് കഴിയും.



# ചിയ സീഡ് വാട്ടർ Vs ജീരക വെള്ളം; ഏതാണ് ശരീരഭാരം കുറയ്ക്കാൻ നല്ലത്?

ശരീരഭാരം കുറയ്ക്കാൻ എളുപ്പവഴി തേടുന്നവരും കഠിനാധ്വാനം ചെയ്യുന്നവരുമായ നിരവധി പേരുണ്ട്. ഇന്ന് പലതരം ഭക്ഷണക്രമങ്ങളും വ്യായാമ രീതികളും പ്രചാരത്തിലുണ്ട്. ആളുകൾ അവരുടെ ജീവിത ശൈലികൾക്കനുസരിച്ചാകും ഇതെല്ലാം ക്രമീകരിക്കുക. ഇന്ന് നിരവധി ഡയറ്റ് പ്ലാനുകളിൽ കാണുന്ന രണ്ട് പ്രധാന കാര്യങ്ങളാണ് ചിയ സീഡ് വാട്ടറും, ജീരക വെള്ളവും. ഇവയ്ക്ക് മെറ്റബോളിസം വർദ്ധിപ്പിക്കാനും ദഹനം വേഗത്തിലാക്കാനും കഴിയുമെന്ന കണ്ടെത്തൽ ഭക്ഷണ മെനുവിൽ അവയെ പ്രധാനമാക്കി. എന്നാൽ ശരീരഭാരം കുറയ്ക്കാൻ ഏതാണ് നല്ലതെന്ന് നിങ്ങൾ ചോദിച്ചാൽ, പലരും ഞെട്ടിപ്പോകും. പോഷകമൂല്യവും നാരുകളും കൊണ്ട് സമ്പുഷ്ടമായ ചിയ വിത്തുകളും ജീരകവും ശരീരത്തിൽ രണ്ട് തരത്തിൽ പ്രവർത്തിക്കുന്നുവെന്ന് തിരിച്ചറിയുക എന്നതാണ് ആദ്യപടി.

### ചിയ സീഡ് വെള്ളവും ജീരക വെള്ളവും

ആന്റിഓക്സിഡന്റുകളും ഇരുമ്പും അടങ്ങിയ ജീരകം ശരീരത്തിന്റെ ദഹനത്തെ ഉത്തേജിപ്പിക്കുന്നു. ഇതിൽ കലോറിയും കുറവാണ്. ജീരക വെള്ളം മെറ്റബോളിസം വർദ്ധിപ്പിക്കുകയും വയറു വീർക്കുന്നത് കുറയ്ക്കുകയും ദഹനം മെച്ചപ്പെടുത്തുകയും ചെയ്യുന്നു. ഇത് രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കാനും സഹായിക്കുന്നു. ചിയ വിത്തുകളിൽ ഒമേഗ-3 ഫാറ്റി ആസിഡുകൾ, നാരുകൾ, സസ്യാധിഷ്ഠിത പ്രോട്ടീൻ എന്നിവ അടങ്ങിയിട്ടുണ്ട്. അവയിൽ കാൽസ്യം, മഗ്നീഷ്യം, ആന്റിഓക്സിഡന്റുകൾ എന്നിവയും അടങ്ങിയിട്ടുണ്ട്. ഇവ വിശപ്പ് കുറയ്ക്കുന്നു. നാരുകൾ കൂടുതലായി അടങ്ങിയ ചിയ സീഡ് വെള്ളം നിങ്ങളെ കൂടുതൽ നേരം വയറു നിറഞ്ഞതായി നിലനിർത്താൻ സഹായിക്കുന്നു. പേശികളുടെ വളർച്ചയ്ക്കും ഇത് നല്ലതാണ്.

ഈ രണ്ടു പാനീയങ്ങളും അതിരാവിലെ ഭക്ഷണത്തിനു മുൻപായി കുടിക്കുന്നതാകും ഗുണകരം. ഏതാണ് കൂടുതൽ ഗുണമുള്ളത് എന്നാണ് സംശയമെങ്കിൽ, ദഹനവും മെറ്റബോളിസവും മെച്ചപ്പെടുത്തുക എന്നതാണ് നിങ്ങളുടെ ലക്ഷ്യമെങ്കിൽ ജീരക വെള്ളമാകും നല്ലത്.

ദീർഘകാല ഭാരം നിയന്ത്രണവും ആഗ്രഹിക്കുന്നുവെങ്കിൽ ഉയർന്ന നാരുകളുടെയും പ്രോട്ടീനിന്റെയും അളവ് കാരണം ചിയ സീഡ് ഇട്ട് കുതിർത്ത വെള്ളമാകും നല്ലത്. രണ്ടും ഉപയോഗിച്ചാലും ശരീരത്തിന് ദോഷങ്ങളൊന്നും തന്നെ സംഭവിക്കാൻ സാധ്യതയില്ല.

# ചൂട് ചായയ്ക്കൊപ്പം ഒരു സിഗരറ്റ്! ശീലം കാൻസർ രോഗിയാക്കും



ഓഫീസ് ഇടവേളകളിൽ ചിലർക്ക് ചൂടു ചായയ്ക്കൊപ്പം ഒരു സിഗരറ്റ് നിർബന്ധമാണ്. എന്നാൽ ആരോഗ്യ വിദഗ്ധർ മുന്നറിയിപ്പ് നൽകുന്നത് ഈ ലളിതമായ ശീലം വളരെ അപകടകരമാണെന്നാണ്. ചൂടുള്ള ചായയ്ക്കൊപ്പം സിഗരറ്റ് ഉപയോഗിക്കുന്നത് അന്നനാള കാൻസറിനുള്ള സാധ്യത വർദ്ധിപ്പിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു.

ചൂടു തട്ടുമ്പോൾ അന്നനാളത്തിലെ കോശങ്ങൾക്ക് കേടുപാടുകൾ വരുത്തും. ഇതിനൊപ്പം, സിഗരറ്റിലെ ദോഷകരമായ രാസവസ്തുക്കൾ കൂടി ചേരുമ്പോൾ കോശങ്ങൾ നശിക്കാനുള്ള സാധ്യത വർധിക്കുന്നു. 2023ൽ അനൽസ് ഓഫ് ഇന്റേണൽ മെഡിസിനിൽ പ്രസിദ്ധീകരിച്ച ഒരു പഠനത്തിൽ പുകവലിക്കുന്നതിനൊപ്പം ചൂടുള്ള ചായ കുടിക്കുന്നത് കാൻസർ പോലുള്ള ഗുരുതരമായ രോഗങ്ങൾ വരാനുള്ള സാധ്യത കൂട്ടുമെന്ന് വ്യക്തമാക്കുന്നു.

**ശ്വാസകോശ അർബുദം:** സിഗരറ്റ് ശ്വാസകോശ അർബുദത്തിന് ഒരു പ്രധാന കാരണമാണ്. ഇതിനൊപ്പം പതിവായി ചൂട് ചായ കൂടി ചേരുമ്പോൾ, ശ്വാസകോശത്തിലെ കോശങ്ങളിൽ വീക്കം ഉണ്ടാക്കാൻ സാധ്യതയുണ്ട്. സ്ഥിരമായി പുകവലിക്കുന്നവർക്ക് ഈ കോശങ്ങളിൽ മുറിവുകൾ ഉണ്ടാകാനും, പിന്നീട് അവ കാൻസർ കോശങ്ങളായി മാറാനും ഇടയുണ്ട്.

**തൊണ്ടയിലെ അർബുദം:** സിഗരറ്റ് വലിക്കുന്നത് ഫോർമാൽഡിഹൈഡ്, ബെൻസീൻ തുടങ്ങിയ അപകടകരമായ രാസവസ്തുക്കളുമായി തൊണ്ടയെ സമ്പർക്കത്തിലാക്കുന്നു. ഇതോടൊപ്പം ചൂടുള്ള ചായ കുടിക്കുന്നത് തൊണ്ടയിലെ കോശങ്ങൾക്ക് പെട്ടെന്ന് കേടുപാടുകൾ വരുത്തും. ഇത് തൊണ്ടയിൽ സ്ഥിരമായ വീക്കത്തിനും ശബ്ദത്തിൽ മാറ്റങ്ങൾക്കും കാരണമാകും. ഈ ശീലം തുടർന്നാൽ, അത് ഒടുവിൽ തൊണ്ടയിലെ അർബുദത്തിലേക്ക് നയിച്ചേക്കാം.

**ഓർമക്കുറവ്:** പുകവലിക്കുന്നത് തലച്ചോറിലേക്കുള്ള രക്തയോട്ടം കുറയ്ക്കുമെന്നും അത് ഓർമശക്തിയെയും ബുദ്ധിയെയും ദോഷകരമായി ബാധിക്കുമെന്നും പഠനങ്ങൾ പറയുന്നു. ഈ രണ്ട് ശീലങ്ങളും ഒരുമിച്ചു കൊണ്ടുപോകുന്നത് തലച്ചോറിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കും.

**ഹൃദ്രോഗം:** പുകയിലയിലെ നിക്കോട്ടിൻ ഹൃദയമിടിപ്പും രക്തസമ്മർദ്ദവും വർദ്ധിപ്പിക്കുന്നു. അതുപോലെ, ചായയിലെ കഫീൻ അമിതമായി കഴിച്ചാൽ ഹൃദയത്തിന് കൂടുതൽ സമ്മർദ്ദം ചെലുത്തും. ഈ രണ്ട് ശീലങ്ങളും ഒരുമിച്ച് വരുമ്പോൾ, അത് ഹൃദയാഘാതത്തിനും മറ്റ് ഹൃദയ സംബന്ധമായ രോഗങ്ങൾക്കും കാരണമാകും. അതിനാൽ, ഇത് ഒഴിവാക്കുന്നത് ഹൃദയാരോഗ്യത്തിന് നല്ലതാണ്.

**പക്ഷാഘാത സാധ്യത:** നിക്കോട്ടിൻ, കഫീൻ എന്നീ രണ്ട് ഘടകങ്ങളും രക്തക്കുഴലുകളെ ചുരുക്കി രക്തസമ്മർദം വർധിപ്പിക്കും. ഇവ രണ്ടും ഒരുമിച്ച് ശരീരത്തിലെത്തുമ്പോൾ രക്തം കട്ടപിടിക്കാനുള്ള സാധ്യത കൂടുതലാണ്. ഇത് ധമനികളിലെ രക്തയോട്ടം തടയുകയും പക്ഷാഘാതത്തിന് കാരണമാവുകയും ചെയ്യും. ഉയർന്ന രക്തസമ്മർദം അല്ലെങ്കിൽ പ്രമേഹം പോലുള്ള അസുഖങ്ങളുള്ള ആളുകൾക്ക് ഈ ശീലം കൂടുതൽ അപകടകരമാണ്. ഈ അവസ്ഥയിൽ പക്ഷാഘാതം വരാനുള്ള സാധ്യത വളരെയധികം കൂടുന്നു.

# ലിക്വിഡ് ഗ്ലാസ് ഡിസൈൻ, തത്സമയ സബ്ടൈറ്റിലുകൾ! ഐഒഎസ് 26ൽ എന്തൊക്കെ?

2025 ലെ ഏറ്റവും വലിയ ഐഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റം അപ്ഡേറ്റായ ഐഒഎസ് 26 ആപ്പിൾ പുറത്തിറക്കിത്തുടങ്ങി. വിപ്ലവകരമാകുന്ന ലികിഡ് ഗ്ലാസ് ഇന്റർഫേസ് സഹിതമാണ് ഐഫോണുകൾക്കായുള്ള പുത്തൻ ഓപ്പറേറ്റിംഗ് സിസ്റ്റം ആപ്പിൾ അവതരിപ്പിച്ചിരിക്കുന്നത്. ഐഒഎസ് 26 അപ്ഡേറ്റ് ലഭ്യമാകുന്ന ഐഫോൺ മോഡലുകൾ ഏതൊക്കെയാണെന്നും വിശദമായി.




### ഐഒഎസ് 26ൽ എന്തൊക്കെ? ഫീച്ചറുകൾ വിശദമായി

ആപ്പിൾ ഇന്റലിജൻസിന് പുറമെ മറ്റനേകം സവിശേഷ ഫീച്ചറുകൾ ആപ്പിൾ ഐഒഎസ് 26 ഓപ്പറേറ്റിംഗ് സിസ്റ്റത്തിൽ നൽകുന്നു. വളരെ സുതാര്യമായ ലികിഡ് ഗ്ലാസ് ഇന്റർഫേസാണ് ഐഒഎസ് 26ൽ ഏറ്റവും ആകർഷണം. ആപ്പ് ഐക്കണുകൾ റീഡിസൈൻ ചെയ്തിരിക്കുന്നു. ബട്ടണുകളും കൺട്രോളുകളും സുതാര്യമായ ഗ്ലാസ് പോലെ തോന്നിപ്പിക്കും. ഈ ഒപ്റ്റിക്കൽ ഫീച്ചർ ലോക്ക് സ്ക്രീനും ഹോം സ്ക്രീനിലും കൺട്രോൾ സെന്ററിലും ലഭ്യമാകും. ആപ്പിൾ മ്യൂസിക്, മാപ്പ് ആപ്പുകൾ പുത്തൻ ലേഔട്ട് കൈവരിച്ചിരിക്കുന്നു. വിവിധ ഭാഷകളിലുള്ള ലൈവ് ട്രാൻസ്ലേഷൻ, വീഡിയോ കോളുകളിൽ തത്സമയ സബ്ടൈറ്റിലുകൾ നൽകുന്ന ഫേസ്ടൈം ലൈവ് ക്യാപ്ഷൻസ്, എയർപോഡ്സ് ലൈവ് ട്രാൻസ്ലേഷൻ എന്നിവ ഐഒഎസ് 26നെ ശ്രദ്ധേയമാക്കുന്നു. കോൾ സ്ക്രീനിംഗ്, ഹോൾഡ് അസിസ്റ്റ്, മെസേജ് പോൾസ്, ചാറ്റ് ബാക്ക്ഗ്രൗണ്ട്സ്, ഗ്രൂപ്പ് ടൈപ്പിംഗ് ഇൻഡികേറ്ററുകൾ, എൻഹാൻസ് ചെയ്ത വിഷ്വൽ ഇന്റലിജൻസ്, ഷോർട്ട്കട്ട്സ് ഇന്റലിജൻസ്, ജെൻമോജി ക്രിയേഷൻ, ഇമേജ് പ്ലേഗ്രൗണ്ട് സ്റ്റൈൽസ്, എൻഹാൻസ്ഡ് വാലറ്റ്, ഷോർട്ട്കട്ട് ഇന്റലിജൻസ്, സ്മാർട്ട് റിമൈൻഡറുകൾ, കാർപ്ലേ എൻഹാൻസ്മെന്റ് മുന്തിയ സുരക്ഷ, പുത്തൻ ഗെയിം ഹബ് എന്നിവയൊക്കെയാണ് ഐഒഎസ് 26ലുള്ള മറ്റ് പ്രധാന ഫീച്ചറുകൾ.

### ഏതൊക്കെ ഐഫോൺ മോഡലുകൾക്ക് ഐഒഎസ് 26 ലഭ്യമാകും?

ഐഫോൺ 11 പ്രോ, ഐഫോൺ 11 പ്രോ മാക്സ്, ഐഫോൺ 12 മിനി, ഐഫോൺ 12, ഐഫോൺ 12 പ്രോ, ഐഫോൺ 12 പ്രോ മാക്സ്, ഐഫോൺ 13 മിനി, ഐഫോൺ 13, ഐഫോൺ 13 പ്രോ, ഐഫോൺ 13 പ്രോ മാക്സ്, ഐഫോൺ 14, ഐഫോൺ 14 പ്ലസ്, ഐഫോൺ 14 പ്രോ, ഐഫോൺ 14 പ്രോ മാക്സ്, ഐഫോൺ 15, ഐഫോൺ 15 പ്ലസ്, ഐഫോൺ 15 പ്രോ, ഐഫോൺ 15 പ്രോ മാക്സ്, ഐഫോൺ 16, ഐഫോൺ 16 പ്ലസ്, ഐഫോൺ 16 പ്രോ, ഐഫോൺ 16 പ്രോ മാക്സ്, ഐഫോൺ 16ഇ, ഐഫോൺ 17, ഐഫോൺ 17 പ്രോ, ഐഫോൺ 17 പ്രോ മാക്സ്, ഐഫോൺ എയർ, ഐഫോൺ എസ്ഇ (2nd generation), ഐഫോൺ എസ്ഇ (3rd generation)

# വാട്സാപ്പിൽ ഇനി ചാറ്റ് ത്രെഡ്ഡുകൾ! മറുപടികൾ എളുപ്പത്തിൽ കണ്ടെത്താം



ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിന് ആളുകൾ ഉപയോഗിക്കുന്ന ഒരു മെസേജിംഗ് ആപ്ലിക്കേഷനാണ് വാട്ട്സ്ആപ്പ്. വ്യക്തിഗത ചാറ്റുകൾക്ക് മാത്രമല്ല, ഔദ്യോഗിക ആശയവിനിമയങ്ങൾക്കും സൗഹൃദ ഗ്രൂപ്പുകൾക്കും വാട്ട്സ്ആപ്പ് ഉപയോഗിക്കുന്നു. വാട്ട്സ്ആപ്പ് ഗ്രൂപ്പുകളിലെ ഓരോ സന്ദേശവും വായിക്കാൻ പ്രയാസമാണ്.

ഒരാൾ അയച്ച സന്ദേശത്തിന്റെ മറുപടികൾ മറ്റ് പല സന്ദേശങ്ങൾക്കും ഇടയിലായിരിക്കും ചിലപ്പോൾ റിപ്ലൈ മെസേജായി വരുന്നത്. ഒരിക്കൽ വായിച്ച മറുപടികൾ പിന്നീട് ചാറ്റ് തുറന്ന് കണ്ടുപിടിക്കുക പ്രയാസകരമാണ്. ഈ പ്രശ്നം പരിഹരിക്കാൻ പുത്തൻ ഫീച്ചർ പരീക്ഷിക്കുകയാണ് വാട്സാപ്പ്. വാബീറ്റ ഇൻഫോ റിപ്പോർട്ട് അനുസരിച്ച്, പുതിയ സവിശേഷതയുടെ സഹായത്തോടെ, വാട്ട്സ്ആപ്പിലേക്ക് വരുന്ന സന്ദേശ മറുപടികൾ ചാറ്റിൽ ഒരു ത്രെഡായി കാണിക്കും. അതായത്, ഒരു ഗ്രൂപ്പിൽ നിങ്ങൾ അയച്ച സന്ദേശത്തിനുള്ള എല്ലാ മറുപടികളും ആ സന്ദേശത്തിന് കീഴിൽ ബന്ധിപ്പിക്കും.

സന്ദേശത്തിന് കീഴിൽ എത്ര മറുപടികൾ വന്നിട്ടുണ്ടെന്ന് നിങ്ങൾക്ക് കാണാൻ കഴിയും. നിങ്ങൾ അതിൽ ടാപ്പ് ചെയ്താൽ, ഒരു പുതിയ വിൻഡോ തുറക്കും, എല്ലാ മറുപടികളും ഒന്നിനുപുറകെ ഒന്നായി നിങ്ങൾക്ക് കാണാൻ കഴിയും. ഈ സവിശേഷത നിലവിൽ വാട്ട്സ്ആപ്പിന്റെ ആൻഡ്രോയിഡ് ബീറ്റ പതിപ്പിൽ ലഭ്യമാണ്.

ഇത് ഗൂഗിൾ പ്ലേ സ്റ്റോറിൽ നിന്ന് ഡൗൺലോഡ് ചെയ്യാം. ഈ സവിശേഷത നിലവിൽ പരീക്ഷണ ഘട്ടത്തിലാണ്, പരിമിതമായ എണ്ണം ബീറ്റ ഉപയോക്താക്കൾക്ക് മാത്രമേ ഇത് ലഭ്യമാകൂ. എന്നിരുന്നാലും, വരും മാസങ്ങളിൽ ഇത് എല്ലാവർക്കും ലഭ്യമാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

# ഐഫോൺ 16ന് ഭീഷണിയോ? സാംസങ് ഗാലക്സി എസ്25 എഫ്ഇ വിപണിയിൽ

സാംസങ് ഗാലക്സി എസ് 25 സീരീസിന്റെ ഫാൻ എഡിഷൻ മോഡലായ ഗാലക്സി എസ് 25 എഫ്ഇ പുറത്തിറക്കി. ഇന്ത്യൻ ഉപയോക്താക്കളുടെ കാത്തിരിപ്പിന് വിരാമമിട്ടാണ് ഈ ലോഞ്ച്. പുതിയ ഫോണിന് 120Hz AMOLED ഡിസ്പ്ലേ, 4,900mAh ബാറ്ററി, എക്സിനോസ് 2400 പ്രോസസർ, ആൻഡ്രോയിഡ് 16 അടിസ്ഥാനമാക്കിയുള്ള വൺ യുഐ 8 എന്നിവയുണ്ട്. വൺപ്ലസ് 13എസ്, പിക്സൽ 9എ, ഐഫോൺ 16ഇ, വിവോ എക്സ്200 എഫ്ഇ എന്നിവയുമായി എസ്25 എഫ്ഇ മത്സരിക്കും.



### ഫീച്ചറുകൾ

സാംസങ് ഗാലക്സി എസ്25 എഫ്ഇയിൽ 120 ഹെർട്സ് റിഫ്രഷ് റേറ്റും 1900 നിറ്റ്സ് പീക്ക് ബ്രൈറ്റ്നസുമുള്ള 6.7 ഇഞ്ച് എഫ്എച്ച്ഡി+ ഡൈനാമിക് അമോൾഡ് 2 എക്സ് ഡിസ്പ്ലേയാണുള്ളത്. ഫോണിന് ഗ്ലാസ് ഫിനിഷും അലുമിനിയം ഫ്രെയിമും ഉണ്ട്. 7.4 എംഎം കനവും 190 ഗ്രാം ഭാരവുമുണ്ട്. 45 വാട്സ് വയർഡ് ഫാസ്റ്റ് ചാർജിംഗിനുള്ള പിന്തുണയുള്ള 4,900 എംഎഎച്ച് ബാറ്ററിയുമായാണ് ഗാലക്സി എസ്25 എഫ്ഇ വരുന്നത്.

അനുയോജ്യമായ അഡാപ്റ്റർ ഉപയോഗിച്ച് ഏകദേശം 30 മിനിറ്റിനുള്ളിൽ ഫോൺ 65 ശതമാനം വരെ ചാർജ് ചെയ്യാൻ കഴിയുമെന്ന് സാംസങ് പറയുന്നു. ഈ അഡാപ്റ്റർ കമ്പനി പ്രത്യേകം വിൽക്കുന്നു. 4 എൻഎം പ്രോസസിനെ അടിസ്ഥാനമാക്കിയുള്ള എക്സിനോസ് 2400 പ്രോസസറിലാണ് ഫോൺ പ്രവർത്തിക്കുന്നത്. ഇത് ഗാലക്സി എ24, ഗാലക്സി എസ്24+ എന്നിവയിൽ കാണുന്ന അതേ എസ്ഒസി ആണ്. സാംസങ് ഗാലക്സി എസ്25 എഫ്ഇ ഫോൺ ഒരു ട്രിപ്പിൾ ക്യാമറ സജ്ജീകരത്തോടെയാണ് വരുന്നത്.

ഒഐഎസ് ഉള്ള 50 എംപി പ്രൈമറി ഷൂട്ടർ, 12 എംപി അൾട്രാവൈഡ്ആംഗിൾ ലെൻസ്, 3x ഒപ്റ്റിക്കൽ സൂമും ഒഐഎസ് ഉം ഉള്ള 8 എംപി 3x ടെലിഫോട്ടോ ലെൻസ് ക്യാമറയാണിത്. ആൻഡ്രോയ്ഡ് 16 അടിസ്ഥാനമാക്കിയുള്ള സാംസങിന്റെ ഏറ്റവും പുതിയ വൺ യുഐ 8ലാണ് ഫോൺ പ്രവർത്തിക്കുന്നത്. കൂടാതെ ഗാലക്സി എസ്25നുള്ള സോഫ്റ്റ്‌വെയർ പിന്തുണാ നയത്തിന് സമാനമായി ഗാലക്സി എസ്25 എഫ്ഇയ്ക്കായി 7 വർഷത്തെ ഒഎസ് അപ്ഡേറ്റുകളും സുരക്ഷാ പാച്ചുകളും സാംസങ് വാഗ്ദാനം ചെയ്യുന്നു.

### വില

സാംസങ് ഗാലക്സി എസ്25 എഫ്ഇ അതിന്റെ മുൻഗാമിയുടെ അതേ വിലയിൽ ആരംഭിക്കുന്നു. ഗാലക്സി എസ്25 എഫ്ഇയുടെ 8 ജിബി റാം/128 ജിബി സ്റ്റോറേജ് വേരിയന്റിന് 59,999 രൂപയും 256 ജിബി മോഡലിന് 65,999 രൂപയും, ടോപ്പ് എൻഡ് 512 ജിബി മോഡലിന് 77,999 രൂപയും ആണ് വില.ലോഞ്ച് ഓഫറുകളുടെ ഭാഗമായി 256 ജിബി മോഡൽ വാങ്ങുന്നവർക്ക് 512 ജിബി വേരിയന്റിലേക്ക് സൗജന്യ അപ്ഗ്രേഡ് നൽകുമെന്ന് സാംസങ് വാഗ്ദാനം ചെയ്യുന്നു. കൂടാതെ 5,000 രൂപയുടെ ബാങ്ക് ക്യാഷ്ബാക്കും 24 മാസം വരെ നോകോസ്റ്റ് ഇഎംഐയും അവർക്ക് ലഭിക്കും. നേവി, ജെറ്റ്ബ്ലാക്ക്, വൈറ്റ് എന്നീ നിറങ്ങളിൽ ഫോൺ ലഭ്യമാണ്.

# എഐ പ്രോംപ്റ്റ് ഇൻജെക്ഷൻ: നിങ്ങളുടെ ജിമെയിൽ സുരക്ഷിതമാണോ? പുതിയ ഹാക്കിങ് ഭീഷണിയും പ്രതിവിധികളും

ഡിജിറ്റൽ ലോകത്തെ പുതിയൊരു സൈബർ ഭീഷണിയാണ് ഇപ്പോൾ സൈബർ സുരക്ഷാ വിദഗ്ദ്ധരുടെ ഉറക്കം കെടുത്തുന്നത്: **എഐ പ്രോംപ്റ്റ് ഇൻജെക്ഷൻ.** നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എഐ) ടൂളുകളെത്തന്നെ ഹാക്കർമാർ ആയുധമാക്കുന്ന ഈ രീതി, പ്രത്യേകിച്ച് ജിമെയിൽ ഉപയോക്താക്കളെ ആശങ്കയിലാഴ്ത്തിയിരിക്കുകയാണ്.

### എന്താണ് പ്രോംപ്റ്റ് ഇൻജെക്ഷൻ?

ലളിതമായി പറഞ്ഞാൽ, ഒരു എഐ സിസ്റ്റത്തെക്കൊണ്ട് അതിന്റെ യഥാർത്ഥ ലക്ഷ്യത്തിന് വിരുദ്ധമായി പ്രവർത്തിക്കാൻ നിർബന്ധിക്കുന്ന ഒരുതരം സൈബർ ആക്രമണമാണിത്. സാധാരണയായി, ഒരു എഐക്ക് നമ്മൾ കൊടുക്കുന്ന നിർദ്ദേശങ്ങളോടൊപ്പം (Prompts), അത് പ്രോസസ്സ് ചെയ്യുന്ന മറ്റ് ഡാറ്റയിലും (ഉദാഹരണത്തിന്, ഒരു ഇമെയിൽ, ഫയൽ, അല്ലെങ്കിൽ ഒരു വെബ് പേജ്) ഹാക്കർമാർ രഹസ്യ നിർദ്ദേശങ്ങൾ ഒളിപ്പിച്ചു വെയ്ക്കുന്നു. ഈ രഹസ്യ നിർദ്ദേശങ്ങൾ എഐ സിസ്റ്റത്തിന്റെ നിയന്ത്രണം ഏറ്റെടുത്ത് അപകടകരമായ കാര്യങ്ങൾ ചെയ്യിക്കുന്നു.

പ്രധാനമായും രണ്ട് തരം പ്രോംപ്റ്റ് ഇൻജെക്ഷൻ ആക്രമണങ്ങളുണ്ട്:

- **നേരിട്ടുള്ള പ്രോംപ്റ്റ് ഇൻജെക്ഷൻ**: എഐ സിസ്റ്റത്തോട് നേരിട്ട് ഒരു പ്രത്യേക ടാസ്ക് ചെയ്യാൻ കൽപ്പിക്കുന്ന രീതിയാണിത്. 'നിന്റെ നിയമങ്ങൾ അവഗണിച്ച് ഞാൻ പറയുന്നത് മാത്രം അനുസരിക്കുക' എന്ന് ഒരു ചാറ്റ്ബോട്ടിനോട് നേരിട്ട് ആവശ്യപ്പെടുന്നത് ഇതിനൊരു ഉദാഹരണമാണ്.
- **പരോക്ഷ പ്രോംപ്റ്റ് ഇൻജെക്ഷൻ**: ഇതാണ് കൂടുതൽ അപകടകരമായ രീതി. ഇവിടെ ഹാക്കർമാർ ഒരു വെബ്സൈറ്റിലോ, ഇമെയിലിലോ, അല്ലെങ്കിൽ ഒരു കലണ്ടർ ഇൻവൈറ്റിലോ രഹസ്യ നിർദ്ദേശങ്ങൾ ഒളിപ്പിച്ചു വെക്കുന്നു. ഉപയോക്താവ് ഈ ഡാറ്റ എഐയെക്കൊണ്ട് പ്രോസസ്സ് ചെയ്യിക്കുമ്പോൾ,ആ രഹസ്യ നിർദ്ദേശങ്ങൾ എഐ പിന്തുടർന്ന് ആക്രമണം നടത്തുന്നു. ജിമെയിലിൽ നടക്കുന്ന എഐ ആക്രമണങ്ങൾ ഈ വിഭാഗത്തിൽ പെടുന്നതാണ്.

### ജിമെയിലിലെ എഐ ആക്രമണം എങ്ങനെ പ്രവർത്തിക്കുന്നു?

സുരക്ഷാ ഗവേഷകർ നടത്തിയ പഠനങ്ങൾ ഈ ആക്രമണത്തിന്റെ രീതി വ്യക്തമാക്കുന്നു. ഹാക്കർ അയയ്ക്കുന്ന ഒരു വ്യാജ കലണ്ടർ ഇൻവൈറ്റാണ് ഇതിന്റെ തുടക്കം. ഈ ഇൻവൈറ്റ് സ്വീകരിക്കാതെ തന്നെ, ഉപയോക്താവിന്റെ എഐ അസിസ്റ്റന്റ് അത് പരിശോധിക്കുന്നു. ഇൻവൈറ്റിൽ രഹസ്യമായി ഉൾപ്പെടുത്തിയിട്ടുള്ള നിർദ്ദേശങ്ങൾ എഐ സിസ്റ്റം തിരിച്ചറിയുകയും, തുടർന്ന് ഉപയോക്താവിന്റെ അനുമതിയില്ലാതെ തന്നെ ഇമെയിലുകൾ സ്കാൻ ചെയ്യുകയും സ്വകാര്യ വിവരങ്ങൾ ഹാക്കറുടെ ഇമെയിൽ വിലാസത്തിലേക്ക് ചോർത്തുകയും ചെയ്യുന്നു.

കാരണം, എഐ സിസ്റ്റങ്ങൾക്ക്, പ്രത്യേകിച്ച് വലിയ ഭാഷാ മോഡലുകൾക്ക്, ഉപയോക്താവിന്റെ നിർദ്ദേശങ്ങളും ഒരു ഡോക്യുമെന്റിലെ ഡാറ്റയും തമ്മിൽ വേർതിരിച്ച് മനസ്സിലാക്കാൻ എപ്പോഴും കഴിഞ്ഞെന്ന് വരില്ല. അതിനാൽ, 'ഈ ഇമെയിൽ വിലാസത്തിലേക്ക് വിവരങ്ങൾ അയയ്ക്കുക' എന്ന രഹസ്യ നിർദ്ദേശം എഐ ഒരു സാധാരണ കമാൻഡായി തെറ്റിദ്ധരിച്ച് പ്രവർത്തിക്കുന്നു.



### ഗൂഗിളിന്റെ പ്രതിരോധം

ഈ ഭീഷണി യാഥാർത്ഥ്യമാണെന്നും ഇത് തങ്ങളുടെ പ്ലാറ്റ്ഫോമിനെ മാത്രമല്ല, വ്യവസായത്തെ മുഴുവൻ ബാധിക്കുന്നതാണെന്നും ഗൂഗിൾ സമ്മതിച്ചിട്ടുണ്ട്. ഈ വെല്ലുവിളി നേരിടാൻ അവർ മെഷീൻ ലേണിംഗ് അധിഷ്ഠിത പ്രതിരോധ സംവിധാനങ്ങൾ വികസിപ്പിക്കുന്നുണ്ട്.

ജെമിനി 2.5 മോഡലുകളിൽ പരോക്ഷ പ്രോംപ്റ്റ് ഇൻജെക്ഷൻ ആക്രമണങ്ങൾക്കെതിരെ മികച്ച പ്രതിരോധം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് ഗൂഗിൾ അവകാശപ്പെടുന്നു. തെറ്റായ നിർദ്ദേശങ്ങൾ തിരിച്ചറിയാനും അവയെ അവഗണിക്കാനും കഴിയുന്ന പ്രത്യേക മോഡലുകൾ ഇമെയിലുകളിലും കലണ്ടർ ഇൻവൈറ്റുകളിലും ഉപയോഗിക്കുന്നുണ്ട്.

### ഉപയോക്താക്കൾക്ക് സ്വീകരിക്കാവുന്ന സുരക്ഷാ നടപടികൾ

ഗൂഗിൾ പ്രതിരോധങ്ങൾ ശക്തമാക്കുമ്പോഴും, നമ്മുടെ സ്വന്തം ജാഗ്രത വളരെ നിർണായകമാണ്. താഴെ പറയുന്ന സുരക്ഷാ മാർഗ്ഗങ്ങൾ ഈ ആക്രമണങ്ങളിൽ നിന്ന് രക്ഷ നേടാൻ നിങ്ങളെ സഹായിക്കും:

1. **'Known Senders' ഓപ്ഷൻ ഓൺ ചെയ്യുക**: ജിമെയിൽ കലണ്ടർ ക്രമീകരണങ്ങളിൽ 'അറിയപ്പെടുന്ന അയച്ചവർ' (known senders) എന്ന ഓപ്ഷൻ ഓൺ ചെയ്യുക. ഇത് വഴി നിങ്ങൾക്ക് പരിചയമില്ലാത്ത ആളുകളിൽ നിന്നുള്ള ഇൻവൈറ്റുകൾ കലണ്ടറിൽ സ്വയമേവ വരുന്നത് തടയാം. മിക്കപ്പോഴും, ഈ ഫീച്ചർ ഡിഫോൾട്ടായി പ്രവർത്തനരഹിതമായിരിക്കും.
2. **അപരിചിതരെ സൂക്ഷിക്കുക**: നിങ്ങൾക്ക് പരിചയമില്ലാത്ത ആരുടെയെങ്കിലും കലണ്ടർ ഇൻവൈറ്റുകളോ ഇമെയിലുകളോ അറ്റാച്ച്മെന്റുകളോ ലഭിച്ചാൽ അതീവ ജാഗ്രത പുലർത്തുക. അവ തുറന്നു നോക്കുന്നതിന് മുൻപ് അയച്ചയാളെക്കുറിച്ച് ഉറപ്പുവരുത്തുക.
3. **രഹസ്യ വിവരങ്ങൾ കൈകാര്യം ചെയ്യുമ്പോൾ ശ്രദ്ധിക്കുക**: ഇമെയിലുകളിലൂടെയോ കലണ്ടർ ഇൻവൈറ്റുകളിലൂടെയോ സ്വകാര്യ വിവരങ്ങൾ കൈകാര്യം ചെയ്യുമ്പോൾ എഐ സഹായം ഉപയോഗിക്കുന്നത് ഒഴിവാക്കുക.

എഐ സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പം ഹാക്കർമാരുടെ രീതികളും വികസിക്കുന്നുണ്ട്. അതിനാൽ, പുതിയ സൈബർ ഭീഷണികളെക്കുറിച്ച് ബോധവാന്മാരായിരിക്കുന്നതും നമ്മുടെ ഡിജിറ്റൽ ജീവിതത്തിൽ ജാഗ്രത പുലർത്തുന്നതും അനിവാര്യമാണ്.

techhub

◗ റോബിൻസ് ആന്റണി



# മെലാനിയ ട്രംപും കേറ്റ് രാജകുമാരിയും ചരിത്ര കൂടിക്കാഴ്ച: തിരഞ്ഞെടുത്തത് തകർപ്പൻ ഔട്ട്ഫിറ്റുകൾ

ലണ്ടൻ: അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ഭാര്യ മെലാനിയ ട്രംപും ബ്രിട്ടീഷ് രാജകുമാരി കേറ്റും ചരിത്രപരമായൊരു കൂടിക്കാഴ്ച നടത്തി. ട്രംപിനെയും മെലാനിയയെയും വിൻഡ്സർ എസ്റ്റേറ്റിൽ വെച്ച് വില്യം രാജകുമാരനും കേറ്റും ചേർന്ന് സ്വാഗതം ചെയ്തു. തുടർന്ന്, ഭർത്താക്കന്മാരില്ലാതെ ഇരുവരും ഒരുമിച്ച് ഫ്രോഗ്മോർ ഗാർഡൻസ് സന്ദർശിച്ചത് ഒരു ചരിത്ര സംഭവമായി മാറി. ഈ കൂടിക്കാഴ്ചയിൽ ഇരുവരുടെയും വസ്ത്രധാരണവും ശ്രദ്ധേയമായിരുന്നു. കടുംചുവപ്പ് നിറത്തിലുള്ള എമിലിയ വിക്സ്റ്റെഡ് വസ്ത്രവും അതിന് ചേർന്ന തൊപ്പിയുമായിരുന്നു കേറ്റിന്റെ വേഷം. ഏകദേശം ക്ഷ2,330 വില വരുന്ന ഈ തൊപ്പി രാജകുമാരിക്കുവേണ്ടി പ്രത്യേകം തയ്യാറാക്കിയതാണ്. അതേസമയം, മെലാനിയ ക്രിസ്റ്റ്യൻ ഡിയോർ രൂപകൽപ്പന ചെയ്ത കടും ചാരനിറത്തിലുള്ള സ്യൂട്ട് ധരിച്ചു. കണ്ണുകൾ മറയ്ക്കുന്ന തരത്തിൽ വീതിയുള്ള ഒരു പർപ്പിൾ തൊപ്പിയായിരുന്നു മെലാനിയയുടെ വേഷത്തിലെ പ്രധാന ആകർഷണം.

## ഇസ്രയേലുമായുള്ള വ്യാപാര വ്യവസ്ഥകൾ നിർത്തിവയ്ക്കാൻ യൂറോപ്യൻ യൂണിയൻ

ഇസ്രായേലുമായുള്ള വ്യാപാര വ്യവസ്ഥകൾ താൽക്കാലികമായി നിർത്തിവയ്ക്കാൻ യൂറോപ്യൻ യൂണിയൻ. ഗാസ യുദ്ധത്തിൽ ഇസ്രായേലിന്റെ നടപടികളോടുള്ള പ്രതികരണമായാണ് ഉപരോധങ്ങൾ. യൂറോപ്യൻ യൂണിയന്റെ എക്സിക്യൂട്ടീവ് ബോഡിയായ യൂറോപ്യൻ കമ്മീഷനിൽ നിന്നാണ് ഈ നിർദ്ദേശം.തീവ്ര നിലപാടുള്ള ഇസ്രയേലി മന്ത്രിമാർക്കും ഹമാസിനെതിരെയും ഉപരോധത്തിന് ശിപാർശ ചെയ്തിട്ടുണ്ട്. ഇസ്രയേലിന്റെ ഗസ നടപടികൾ മനുഷ്യാവകാശ-ജനാധിപത്യ ലംഘനമാണെന്നും യൂറോപ്യൻ യൂണിയൻ പ്രതികരിച്ചു. ഉപരോധ നിർദേശം പാസാക്കാനുള്ള പിന്തുണ 26 അംഗ യൂറോപ്യൻ കമ്മീഷനിൽ ഇല്ലെന്നാണ് റിപ്പോർട്ടുകൾ.

# ‘വിദേശത്ത് നടത്തിയ പരിശോധനയിൽ വിഷബാധ തെളിഞ്ഞു’; റഷ്യൻ പ്രതിപക്ഷ നേതാവ് നാവൽനി മരണം കൊലപാതകമെന്ന് ഭാര്യ



റഷ്യൻ പ്രതിപക്ഷ നേതാവ് അലക്സി നാവൽനി ജയിലിൽ മരിച്ചത് വിഷം നൽകി കൊലപ്പെടുത്തിയതിന്റെ ഫലമാണ് എന്ന ആരോപണവുമായി ഭാര്യ യൂലിയ നാവൽനായ രംഗത്ത്. സോഷ്യൽ മീഡിയയിൽ പങ്കുവച്ച വീഡിയോയിൽ ആണ് അവർ ഇക്കാര്യം വ്യക്തമാക്കിയത്.രഹസ്യമായി ശേഖരിച്ച് വിദേശത്തേക്ക് അയച്ച ജൈവ സാമ്പിളുകൾ രണ്ട് രാജ്യങ്ങളിലെ ലബോറട്ടറികൾ പരിശോധിച്ചപ്പോൾ വിഷബാധ സ്ഥിരീകരിച്ചുവെന്ന് ആണ് യൂലിയ വ്യക്തമാക്കിയത്. എന്നാൽ ഏത് വിഷം, സാമ്പിളുകളുടെ വിശദാംശം, പരിശോധനകളുടെ കൃത്യമായ ഫലം എന്നിവ വെളിപ്പെടുത്തിയിട്ടില്ല. ‘‘രാഷ്ട്രീയ കാരണങ്ങളാൽ സത്യങ്ങൾ മറച്ചുവെക്കപ്പെടുകയാണ്’’ എന്നും അവൾ ആരോപിച്ചു.നാവൽനി 2024 ഫെബ്രുവരി 16-ന് ആർക്ക്ടിക്കിലെ ജയിലിൽ മരിക്കുമ്പോൾ 47 വയസ്സായിരുന്നു. അദ്ദേഹം 2020-ൽ നോവിച്ചോക്ക് നാഡിവിഷം ഉപയോഗിച്ച് ആക്രമിക്കപ്പെട്ടിരുന്നു, തുടർന്ന് ജർമ്മനിയിൽ ചികിത്സയെടുത്തു. പിന്നീട് റഷ്യയിലേക്ക് മടങ്ങിയെത്തിയപ്പോൾ അറസ്റ്റ് ചെയ്ത് ജയിലിലടക്കപ്പെടുകയായിരുന്നു.ജയിൽ ജീവനക്കാരുടെ മൊഴിപ്രകാരം നാവൽനി വേദനയിൽ തളർന്നു, വലിഞ്ഞു, ഛർദ്ദിച്ചു, പക്ഷേ 40 മിനിറ്റ് കഴിഞ്ഞാണ് ആംബുലൻസ് വിളിച്ചത് എന്നതാണ്. അതിനുശേഷം അദ്ദേഹം മരിച്ചു. അധികാരികൾ ആദ്യം പറഞ്ഞത് ‘‘സഡൻ ഡെത്ത് സിന്ദ്രോം’’ ആണെന്നും, പിന്നീട് ഹൃദയ സംബന്ധമായ രോഗമാണ് കാരണമെന്നുമാണ്.‘‘എന്റെ ഭർത്താവിനെ കൊന്നത് വ്ലാദിമീർ പുടിനാണ്. ലബോറട്ടറികൾ അവരുടെ പരിശോധനാഫലങ്ങൾ പുറത്തുവിടണം. എനിക്ക് നിയമപരമായ അവകാശം ഇല്ലെങ്കിലും മാനസികമായ അവകാശം ഉണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു’’ എന്നാണ് യൂലിയ നാവൽനായ പറഞ്ഞത്.നാവൽനിയുടെ മരണത്തെ തുടർന്ന് റഷ്യയിൽ വലിയ പ്രതിപക്ഷ നേതാക്കൾ ഒന്നുമില്ലാത്ത അവസ്ഥ സൃഷ്ടിച്ചതായി നിരീക്ഷകർ പറയുന്നു. ആയിരങ്ങൾ അദ്ദേഹത്തിന്റെ ശവസംസ്കാരത്തിൽ പങ്കെടുത്തെങ്കിലും, പിന്നീട് വലിയ പ്രതിപക്ഷ കൂട്ടായ്മകൾ ഒന്നും നടന്നിട്ടില്ല. നാവൽനിയുടെ ഭാര്യയും മക്കളും ഇപ്പോൾ വിദേശത്താണ് താമസം. അവർക്കും അറസ്റ്റ് ഭീഷണിയുണ്ട്




# കന്നുകാലികളെ പോലെ നടപ്പാതയിൽ ഇരുത്തി; ജോർജിയയിൽ ഇന്ത്യക്കാരോട് മനുഷ്യത്വരഹിതമായ പെരുമാറ്റം

അർമേനിയയിലെ സഡഖ്‌ലോ അതിർത്തിയിൽ നിന്നും ജോർജിയയിലേക്ക് കടക്കാൻ ശ്രമിച്ച 56 ഇന്ത്യൻ പൗരന്മാർക്ക് മനുഷ്യത്വരഹിതമായ പെരുമാറ്റം നേരിടേണ്ടി വന്നതായി വെളിപ്പെടുത്തൽ. ഒരു യുവതിയുടെ ഇൻസ്റ്റഗ്രാം പോസ്റ്റിലൂടെയാണ് ഇക്കാര്യം വെളിപ്പെടുത്തിയിരിക്കുന്നത്. അംഗീകൃത രേഖകളും ഇ-വിസകളും ഉണ്ടായിരുന്നിട്ടും അതിർത്തിയിൽ കഠിനമായ സാഹചര്യങ്ങളിൽ ഇന്ത്യൻ പൗരന്മാർക്ക് മണിക്കൂറുകളോളം കാത്തിരിക്കേണ്ടി വന്നതായും മതിയായ ആശയവിനിമയമോ പിന്തുണയോ കുറവായിരുന്നുവെന്നും അവർ പോസ്റ്റിൽ വ്യക്തമാക്കി.അർമേനിയയിൽ നിന്ന് സഡഖ്‌ലോ അതിർത്തി വഴിയാണ് സംഘം ജോർജിയയിലേക്ക് പ്രവേശിച്ചതെങ്കിലും ഭക്ഷണമോ ശുചിമുറികളോ ഇല്ലാതെ അഞ്ച് മണിക്കൂറിലധികം സമയം മരവിക്കുന്ന തണുപ്പിൽ കാത്തിരിക്കേണ്ടി വന്നുവെന്നും ഇന്ത്യൻ അധികാരികൾ സ്ഥിതിഗതികൾ വിലയിരുത്തുകയും ബാധിതർക്കുവേണ്ടി ഇടപെടുകയും ചെയ്യണമെന്നും അവർ പോസ്റ്റിൽ ആവശ്യപ്പെട്ടു.ഒരു ആശയവിനിമയവും ഇല്ലാതെ തങ്ങളുടെ പാസ്പോർട്ടുകൾ രണ്ട് മണിക്കൂറോളം പിടിച്ചുവച്ചു. കന്നുകാലികളെ പോലെ നടപ്പാതയിലിരിക്കാൻ നിർബന്ധിച്ചു. കുറ്റവാളികളെന്ന പോലെ തങ്ങളുടെ വീഡിയോകൾ എടുത്തു. തങ്ങളുടെ കൈവശമുള്ള രേഖകൾ പോലും പരിശോധിക്കാൻ കൂട്ടാക്കാതെ വിസ വ്യാജമാണെന്ന് അവർ അവകാശപ്പെട്ടുവെന്നും യുവതി പോസ്റ്റിൽ പറയുന്നു.

# കിമ്മിന്റെ നീക്കമെന്ത്? ‘ഐസ്ക്രീം, ഹാംബർഗർ’ എന്നീ വാക്കുകൾക്ക് നിരോധനം



പ്യോങ്‌യാങ്: ഐസ്ക്രീം, ഹാംബർഗർ, കരോക്കെ തുടങ്ങിയ വാക്കുകൾ നിരോധിച്ച് ഉത്തരകൊറിയൻ നേതാവ് കിം ജോങ് ഉൻ. സാംസ്കാരിക അധിനിവേശമാണെന്ന് ആരോപിച്ചാണ് നിരോധനം.രാജ്യത്ത് പുതുതായി തുറന്ന വോൺസാൻ ബീച്ച്സൈഡ് റിസോർട്ടിൽ ജോലി ചെയ്യുന്ന ടൂർ ഗൈഡുകൾ സന്ദർശകരുമായി ഇടപഴകുമ്പോൾ വിദേശ, ദക്ഷിണ കൊറിയൻ പദാവലി ഒഴിവാക്കാൻ ഉത്തരവിട്ടിട്ടുണ്ട്. സർക്കാർ നടത്തുന്ന പരിശീലന പരിപാടിയിൽ പങ്കെടുക്കാനും ഔദ്യോഗികമായി അംഗീകരിച്ച വാക്കുകളും പ്രയോഗങ്ങളും ഉപയോഗിക്കാനും ഗൈഡുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് റിപ്പോർട്ടിൽ പറയുന്നു. ഹാംബർഗറിനും ഐസ്ക്രീമിനും കരോക്കെക്കുമൊക്കെ പകരം ഉത്തരകൊറിയൻ വാക്കുകളും നിർദേശിച്ചിട്ടുണ്ട്. ഹാംബർഗർ എന്നതിന് പകരം ഡാജിൻ-ഗോഗി ഗ്യോപ്പാങ് (മാട്ടിറച്ചി ഇടയിലുള്ള ഇരട്ട ബ്രെഡ്) എന്ന് പറയാൻ നിർദേശിക്കുന്നു. ഐസ്ക്രീമിനെ എസ്യുക്കിമോ (എസ്കിമോ) എന്ന് പറയണം. അതേസമയം കരോക്കെ മെഷീനുകളെ ഓൺ-സ്ക്രീൻ അകമ്പടി യന്ത്രങ്ങൾ എന്നാണ് പറയേണ്ടത്.

ഉത്തരകൊറിയൻ വാക്കുകൾ പ്രോത്സാഹിപ്പിക്കാനും ഭാഷയിലൂടെയുള്ള സാംസ്കാരിക കടന്നുകയറ്റം ഒഴിവാക്കാനും ഉദ്ദേശിച്ചുള്ളതാണ് ഈ നിർദ്ദേശമെന്നും പറയുന്നു. നേരത്തെ വിദേശ സിനിമകളും ടെലിവിഷൻ സീരിയലുകളും കാണുന്ന പൗരന്മാർക്കെതിരെ ശിക്ഷ നടപ്പാക്കിയെന്ന് അടുത്തിടെ റിപ്പോർട്ട് പുറത്തുവന്നിരുന്നു.

# മിഡ്‌വെസ്റ്റ് മലയാളി അസോസിയേഷൻ ഓണാഘോഷം ദൃശ്യങ്ങളിലൂടെ...




MALABAR FOODS
CATERING & GROCERY
MALABAR
CATERING | CARRYOUT | GROCERY
SINCE 2003
Where North and South Indian flavors unite for every occasion.
Elevate your event with our diverse culinary delights!
CATER WITH US FOR YOUR NEXT EVENT
Our locations
GLENVIEW
911 #B GREENWOOD ROAD
GLENVIEW, IL 60025
847-998-5635
MALABAR FOODS
Cooked with love
BENSENVILLE
NOW OPEN
23 W GRAND AVENUE
BENSENVILLE, IL 60106
847-239-3039
MALABAR FOODS
Cooked with love
NOW OPEN
BUFFALO GROVE
21 N BUFFALO GROVE ROAD
BUFFALO GROVE, IL 60089
847-521-2043
OUR OFFERINGS
GROCERIES
CATERING
CARRY-OUTS
LIVE COOKING
FRESH MEATS
malabarfoods4you.com
@malabar.catering
malabar4you@gmail.com